ഫാ. ഡൺസ്റ്റൺ ഒലക്കേങ്കിലിന്റെ കൃതികൾ

വാല്യം രണ്ട്

# ആത്മീയ നയനം



## കത്തുകളും പ്രാർത്ഥനകളും

Dharmaram Publications
No. 539

ഫാ. ഡൺസ്റ്റൺ ഒലക്കേങ്കിലിന്റെ കൃതികൾ

വാല്യം രണ്ട്

# ആത്മീയ നയനം



## കത്തുകളും പ്രാർത്ഥനകളും

Preshitha Communications
Little Flower Mission Centre
Bharathiar University P. O.
Coimbatore 641 046
&
Dharmaram Publications
Bengaluru 560 029 India

*Athmeeyanayanam*
(Compilation of Letters and Prayers of Rev. Fr. Dunstan Olakkengil CMI)

Compilation:
Fr. Poly Payyappilly CMI
polypayyappilly@gmail.com

Published: April 2023

© Preshitha Communications, Coimbatore

Cover: David, Smriti, Thrissur

Layout & Printing: Viani Printings, Kochi

ISBN: 978-93-92996-28-3

Price Rs. 90

Publisher:
**Preshitha Communications**
Little Flower Mission Centre
Bharathiar University P. O.
Coimbatore 641 046
&
**Dharmaram Publications**
Bengaluru 560 029 India

# ഉള്ളടക്കം

അവതാരിക 07
ഫാ. സാജു ചക്കാലയ്ക്കൽ സി.എം.ഐ.

മുഖമൊഴി 13
ഫാ. പോളി പയ്യപ്പിള്ളി സി.എം.ഐ.

ഭാഗം ഒന്ന്: കത്തുകൾ 19

1. സി.എം.ഐ. പ്രിയോർ ജെനറൽമാർക്ക് എഴുതിയ കത്തുകൾ 21
2. ദേവമാത പ്രവിശ്യാശ്രേഷ്ഠന്മാർക്ക് എഴുതിയ കത്തുകൾ 25
3. അമ്മക്കെഴുതിയ കത്തുകൾ 39
4. സഹോദരി സി. മേരി മാഴ്സിന് എഴുതിയ കത്ത് 45
5. സഹോദരി കൊച്ചുത്രേസ്യക്ക് എഴുതിയ കത്തുകൾ 47
6. ജ്യേഷ്ഠപുത്രൻ ജോസ് പോളിന് എഴുതിയ കത്ത് 65
7. ജ്യേഷ്ഠപുത്രൻ സ്റ്റനിസ്ലാവൂസിന് എഴുതിയ കത്തുകൾ 67
8. ജ്യേഷ്ഠപുത്രൻ ജസ്റ്റിന് എഴുതിയ കത്തുകൾ 77
9. ഓർമ്മക്കുറിപ്പുകളിൽ ഉദ്ധരിക്കപ്പെട്ട കത്ത് 83

ഭാഗം രണ്ട്: പ്രാർത്ഥനകൾ 85

1. ഈശോ, ഞാൻ നിന്നെ സ്നേഹിക്കുന്നു! 87
2. ഈശോ, നാം ഇരുവരും ഒന്നാകണം 88
3. കർത്താവേ, ഞാൻ അനുതപിക്കുന്നു 95
4. ഈശോ, അങ്ങേ സന്ദർശനം മഹത്തരം 97
5. ദിവ്യകാരുണ്യത്തിനുശേഷം 98
6. Prayer to Bl. Virgin Mary before Meditation 99
7. Little Prayers of Fr. Dunstan 100

അനുബന്ധം 101
ബ. ഡൺസ്റ്റണച്ചന്റെ ജീവിതനാൾവഴികൾ 101



## അവതാരിക

ക്രിസ്തീയ ആത്മീയതയുടെ അടിസ്ഥാനം മനുഷ്യാവതാരം ചെയ്ത യേശുക്രിസ്തുവിന്റെ ജീവിതവും, പീഡാസഹനങ്ങൾക്കും കുരിശുമരണത്തിനും ശേഷം ഉത്ഥാനം ചെയ്ത രക്ഷാകരരഹസ്യങ്ങളും, യേശുക്രിസ്തുവെന്ന വ്യക്തിയുമായുള്ള ക്രിസ്തുശിഷ്യന്റെ ആഴത്തിലുള്ള ബന്ധവും വ്യക്തിപരമായ അനുഭവങ്ങളുമാണ്. ഈ ആത്മീയദർശനം അതിന്റെ ഉൾപൊരുൾ തേടുന്നത് സുവിശേഷങ്ങളിൽ നാം കണ്ടുമുട്ടുന്ന യേശുവെന്ന വ്യക്തിയിലും അവന്റെ ദർശനങ്ങളിലും ജീവിതശൈലിയിലുമാണ്. ദൈവിക പദ്ധതിയിൽനിന്നും അകന്നുപോയ ലോകത്തെ മുഴുവനും, പ്രത്യേകിച്ചും ഒരു പുതിയ ദൈവികദർശനത്തിലൂടെ, ദൈവരാജ്യസാക്ഷാത്കാരമെന്ന ലക്ഷ്യത്തിലൂടെ, തന്നെത്തന്നെ പൂർണ്ണമായും സമർപ്പിച്ചുകൊണ്ടും പങ്കുവെച്ചു നൽകിക്കൊണ്ടും യേശു തുറന്നുവച്ച ഒരു പുതിയ ആത്മീയകാഴ്ചപ്പാടും, അതുവഴി അനാവരണം ചെയ്യപ്പെട്ട തുല്യതയുടെയും ദൈവമക്കളുടെ സ്വാതന്ത്ര്യത്തിന്റെ ഒരു ജീവിതപാതയുമാണ് ക്രിസ്തീയ ആത്മീയത. ഈ ആത്മീയദർശനം സ്വന്തമാക്കുന്ന വ്യക്തികളും സമൂഹങ്ങളും സംസ്കാരങ്ങളും യേശുക്രിസ്തു വിഭാവന ചെയ്ത പുതുലോക സൃഷ്ടിയിൽ പങ്കാളികളാകും; ഒരു പുതിയ ആകാശവും ഭൂമിയും അവരിലൂടെ ആവിഷ്കരിക്കപ്പെടുകയും ചെയ്യും.

ഡൺസ്റ്റൺ ഒലക്കേങ്കിലച്ചൻ ക്രിസ്തീയ ആത്മദർശനത്തിന്റെ ഒരു സാധകനായിരുന്നു. നന്നേ ചെറുപ്രായത്തിൽതന്നെ യേശുവിനെ കൂടുതൽ അറിയാൻ ആഗ്രഹിക്കുകയും, തനിക്കു ലഭ്യമായ അറിവിന്റെ വെളിച്ചത്തിൽ അവന്റെ മാർഗ്ഗത്തെ ആത്മാർ

ത്ഥമായി സ്വീകരിക്കുകയും, ക്രിസ്തീയപുണ്യാഭ്യസനത്തിൽ ശ്രദ്ധയോടെ ഏർപ്പെടുകയും ചെയ്തുകൊണ്ട് ക്രിസ്താനുഭവം സ്വന്തമാക്കാൻവേണ്ടി അദ്ദേഹം തന്റെ ജീവിതം ഉഴിഞ്ഞുവെക്കുകയായിരുന്നു. പിന്നീട് ഈ പുണ്യമാർഗ്ഗത്തിൽ കൂടുതൽ ആഴപ്പെടുവാനുള്ള ആഗ്രഹത്തോടെ സി.എം.ഐ. സന്ന്യാസസമൂഹത്തിൽ ചേർന്ന്, ഏറെ താൽപര്യത്തോടെ കർമ്മലീത്ത ആത്മീയ സംസ്ക്കാരം സ്വന്തമാക്കുന്നതിനും അതിലൂടെ ക്രിസ്താനുഭവം നേടിയെടുക്കുന്നതിനുമുള്ള ഒരു നിരന്തരതപസ്യയായി തന്റെ സന്ന്യാസജീവിതത്തെ ഡൺസ്റ്റണച്ചൻ രൂപപ്പെടുത്തിയെടുത്തു. സന്ന്യാസജീവിതത്തെ ഒരു ആത്മീയസാധനയായി സ്വീകരിച്ച അദ്ദേഹത്തിന് ഈ ജീവിതശൈലിയിലുള്ള തുടർപരിശീലനം വഴിയായി ക്രിസ്തുവിൽമാത്രം കേന്ദ്രീകൃതമായ ഒരു കാഴ്ചപ്പാട്, ഒരു ദർശനം നേടിയെടുക്കാനായി എന്ന് ഏതാനും വർഷങ്ങൾ അദ്ദേഹത്തിന്റെ ജീവിതത്തെ അടുത്തറിഞ്ഞ എനിക്കും മറ്റ് ധാരാളം പേർക്കും സാക്ഷ്യപ്പെടുത്താനാകും.

എല്ലാവരോടും സമഭാവനയോടെ ഇടപഴകാനും, ആവശ്യത്തിലിരിക്കുന്നവരോടും അശരണരോടും തുറന്ന മനോഭാവത്തോടെ പെരുമാറുവാനും, സത്യത്തിൽ നങ്കൂരമിട്ട്, യേശുഭാവമായ കരുണയിൽ ചാലിച്ച ആത്മീയദർശനം കൈമുതലാക്കി അനുദിന ജീവിതത്തിൽ വ്യാപരിക്കാനും, ജീവശ്വാസം പോലെ യേശുവിനെ പ്രണയിച്ച് അവനെ ചുറ്റിപ്പറ്റിയുള്ള ആഴമേറിയ പ്രാർത്ഥനയിലും അനുധ്യാനത്തിലും ആനന്ദം കണ്ടെത്തി ജീവിക്കാനും കഴിഞ്ഞ ഡൺസ്റ്റണച്ചനിലൂടെ രൂപപ്പെട്ടുവന്ന ഒരു പുതിയ ആത്മീയസംസ്കാരം അദ്ദേഹത്തിന്റെ എൺപത്തിയാറു വർഷം നീണ്ട സന്ന്യാസ സമർപ്പണ ജീവിതത്തിലൂടെ അനാവരണം ചെയ്യപ്പെട്ടു.

എട്ട് പതിറ്റാണ്ടുകൾ നീണ്ട ഒരു സമസ്യയായിരുന്നു ഡൺസ്റ്റണച്ചന്റെ ക്രിസ്തുസാധന. ജീവിതത്തിൽ ആവർത്തിച്ച് ഒരേ കോണിലൂടെ മറ്റുള്ള വസ്തുക്കളെയും വ്യക്തികളെയും കാണാൻ ശ്രമിക്കുമ്പോഴാണ് ഒരു കാഴ്ചപ്പാട് നമ്മിൽ രൂപപ്പെടുക. ഡൺസ്റ്റണച്ചൻ തന്റെ ദൈർഘ്യമേറിയ ക്രിസ്തീയസാധനയിൽ നേടിയെടുക്കാൻ ശ്രമിച്ചത് സുവിശേഷത്തിൽ ഊന്നിയ ഒരു ക്രിസ്തുദർശനമാണ്. യേശു മറ്റുള്ളവരെ അവരുടെ ജീവിതസ്ഥിതികളിൽ എങ്ങിനെ കാണാൻ ശ്രമിച്ചുവോ, അതേ കോണിലൂടെ തന്നോട് കൂടെയുള്ളവരോട് ഇടപഴകാനും, സ്വന്തം സംഹിതകൾക്കനുസരിച്ച്

മറ്റുള്ളവരെ വിധിക്കാതെ അവരെ ക്രിസ്തുവിന്റെ കണ്ണുകളിലൂടെ കാണാനും തുടർച്ചയായി ശ്രമിച്ചതു വഴിയായി ഡൺസ്റ്റണച്ചനിൽ രൂപപ്പെട്ടതാണ് യേശുവിൽമാത്രം ഊന്നിയ ഒരു ആത്മീയനയനം.

ക്രിസ്തുസാധനയിൽ കർമ്മലീത്താവഴിയിലൂടെ വളർന്ന ഡൺസ്റ്റണച്ചൻ തനിക്ക് ഏൽപിക്കപ്പെട്ടവരെയും തന്റെയടുത്ത് ആത്മീയ ജീവിതത്തിൽ സഹായത്തിനായി അണഞ്ഞവരെയും ശ്രദ്ധയോടെ പരിപാലിക്കുന്ന ഒരു ശൈലിക്ക് ഉടമയായിരുന്നു. ആത്മീയവരങ്ങൾ സിദ്ധിക്കുന്നത് കൊട്ടിഘോഷിച്ച് തങ്ങളെ ചുറ്റിപ്പറ്റി ആൾക്കൂട്ടങ്ങളെ സമ്പാദിക്കുന്ന പുതുതലമുറയിലെ ആത്മീയാചാര്യന്മാരുടെ ശൈലിക്ക് വിപരീതമായി ഡൺസ്റ്റണച്ചൻ തികച്ചും വ്യക്തിപരമായ ഇടപെടലുകളിലൂടെയാണ് തന്റെ അടുത്ത് അണഞ്ഞ ക്രിസ്തുസാധകരെ നയിച്ചതും വളർത്തിയതും. ക്രിസ്തുവിൽമാത്രം ആശ്രയിച്ച്, സുവിശേഷങ്ങളിൽ ശ്രദ്ധയൂന്നി, ആത്മാവിന്റെ നിമന്ത്രണങ്ങളെ തിരിച്ചറിഞ്ഞ് ആത്മീയതയിൽ വ്യാപരിക്കാനാണ് ഡൺസ്റ്റണച്ചൻ അവരെ പ്രോത്സാഹിപ്പിച്ചത്. അതുകൊണ്ടുതന്നെ തന്റെ ശിഷ്യസമൂഹത്തെത്തന്നെ ചുറ്റിപ്പറ്റിനിൽക്കാൻ ഇടനൽകാതെ, യേശുവിനെമാത്രം മുന്നിൽകണ്ടുകൊണ്ട് അവരുടെ ജീവിതവീഥികളിൽ വ്യാപരിക്കുവാൻ കരുത്തുറ്റവരാക്കാനാണ് അദ്ദേഹം ശ്രമിച്ചത്. തനിക്ക് അതീതമായി ക്രിസ്തുവാണ് ആത്മീയതയുടെ അടിസ്ഥാനശിലയെന്നും, അതിൽമാത്രം നങ്കൂരമിട്ട് മുന്നോട്ടുപോകുക മാത്രമാണ് ഏതൊരു ക്രിസ്തുശിഷ്യന്റെയും ജീവിത വിജയത്തിന് ആവശ്യമെന്നും അദ്ദേഹത്തിന് അറിയാമായിരുന്നു.

സത്യസാധന തന്റെ ജീവിതവ്രതമായി സ്വീകരിച്ച ഡൺസ്റ്റണച്ചന്റെ ജീവിതം തീർത്തും സുതാര്യമായിരുന്നു. എല്ലാവരുടെ മുമ്പിലും അദ്ദേഹത്തിന്റെ ജീവിതം ഒരു തുറന്ന പുസ്തകമായിരുന്നു. മറ്റുള്ളവരിൽനിന്ന് അദ്ദേഹത്തിന് ഒന്നും മറയ്ക്കാനില്ലായിരുന്നു. തന്റെ കുറവുകളെയും കഴിവുകളെയും കുറിച്ചും തന്റെ ജീവിതത്തിൽ വന്നിട്ടുള്ള അബദ്ധങ്ങളെക്കുറിച്ചും വീഴ്ചകളെക്കുറിച്ചും തന്റെ മേലധികാരികളുടെ മുമ്പിലും തന്റെ ശിഷ്യരുടെയടുത്തും തുറന്നു സംസാരിക്കാൻ ഡൺസ്റ്റണച്ചൻ കാണിച്ചിട്ടുള്ള തുറവി അനന്യമാണ്. സത്യം നിങ്ങളെ സ്വതന്ത്രരാക്കും എന്ന ഗുരുവചനം അക്ഷരാർത്ഥത്തിൽ സ്വീകരിക്കുകയും പ്രാവർത്തികമാക്കുകയും ചെയ്തയാളാണ് ഡൺസ്റ്റണച്ചൻ. ഈ തുറവിയും സുതാര്യതയും ഡൺസ്റ്റണച്ചന്റെ ജീവിതത്തെ കൂടുതൽ അഴകുള്ളതാക്കിമാറ്റിയെന്നുള്ളതോടൊപ്പം,

അദ്ദേഹത്തിന്റെ ആത്മീയവീക്ഷണത്തിന്റെയും ക്രിസ്തുശിഷ്യത്വത്തിന്റെയും മാറ്റുകൂട്ടുവാൻ സഹായിച്ചു എന്നതും സുവ്യക്തമാണ്.

ഇത്തരത്തിലുള്ള ആത്മീയവീക്ഷണത്തോടെ ജീവിച്ച ഡൺസ്റ്റണച്ചൻ എഴുതിയ കത്തുകളും പ്രാർത്ഥനകളും ഇദംപ്രഥമമായി ഈ പുസ്തകത്തിന്റെ താളുകളിലൂടെ അനുവാചക സമക്ഷം തുറന്നുവക്കുമ്പോൾ അദ്ദേഹത്തിന്റെ വ്യക്തിപ്രാഭവവും ആത്മീയതയിലൂന്നിയ കാഴ്ചപ്പാടുകളും കൂടുതൽ തെളിവാക്കപ്പെടുകയാണ്. തന്റെ സന്ന്യാസശ്രേഷ്ഠർക്കും പ്രിയപ്പെട്ട അമ്മയ്ക്കും മറ്റു കുടുംബാംഗങ്ങൾക്കുമെഴുതിയ ഏതാനും കത്തുകളും, ജീവിതത്തിന്റെ വിവിധ കാലഘട്ടങ്ങളിൽ, പ്രത്യേകിച്ചും ധ്യാനദിനങ്ങളിൽ, കുറിച്ചിട്ട ഏതാനും പ്രാത്ഥനകളുമാണ് ഈ ചെറുഗ്രന്ഥത്തിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. ഈ കത്തുകളും പ്രാർത്ഥനകളും ഹ്രസ്വമാണെങ്കിലും അവയിലൂടെ തെളിഞ്ഞുവരുന്നത് ഡൺസ്റ്റണച്ചൻ എന്ന സന്ന്യാസ വൈദികന്റെ ആത്മീയനയനമാണ്: ക്രിസ്തുസത്യത്തിൽ ഉറച്ചുനിന്നുകൊണ്ട്, സ്നേഹത്തിന്റെയും കരുണയുടെയും ഭാവങ്ങൾ ചേർത്തുവച്ച്, വ്യക്തികളെ അവരായിരിക്കുന്ന സ്ഥിതിയിൽ മനസ്സിലാക്കി, സ്വീകരിച്ച്, പടിപടിയായി സുവിശേഷത്തിന്റെ കാഴ്ചപ്പാടുകളിലേക്കും ജീവിതശൈലിയിലേക്കും ഉയരാനാകും എന്ന ശുഭാപ്തിവിശ്വാസം പകർന്നുകൊടുത്തുകൊണ്ടായിരുന്നു ഡൺസ്റ്റണച്ചൻ മറ്റുള്ളവരുടെ ആത്മീയജീവിതത്തിന് കൈത്താങ്ങായതും കരുത്തേകിയതും. എട്ടുപതിറ്റാണ്ടു നീണ്ട താപസജീവിതം കൊണ്ട് തനിക്ക് നേടിയെടുക്കാനായ ആത്മീയനയനംവഴി ധാരാളം പേർക്ക് അവരുടെ ജീവിതത്തിൽ ക്രിസ്തുകേന്ദ്രീകൃതമായ നേർക്കാഴ്ച നേടികൊടുക്കുവാൻ ഡൺസ്റ്റണച്ചൻ കാരണമായി.

വളച്ചുകെട്ടുകളും ജാഡകളുമില്ലാത്ത ഒരു സമീപനശൈലി ഡൺസ്റ്റണച്ചന് സ്വാഭാവികമായിരുന്നു. ക്രിസ്തുമാർഗ്ഗത്തിൽ ചരിക്കാനായി തന്റെയടുത്ത് എത്തിയവരോടൊക്കെ ഈ സമീപനം സ്വീകരിച്ചതുകൊണ്ട് അദ്ദേഹത്തിന് അവരെ ക്രിസ്തുവിലേക്ക് കൂടുതൽ ചേർത്തുനിറുത്താനായി, നേർവഴിയിൽ നടത്താനായി. ബുദ്ധിമുട്ടേറിയ സാഹചര്യങ്ങളിൽപോലും സത്യത്തിലും നീതിയിലും അടിയുറച്ചുനിൽക്കാനും കരുണയുടെയും സ്നേഹത്തിന്റെയും ശൈലികൾ കൈവെടിയാതിരിക്കാനും തന്റെയടുത്ത് എത്തിയവരെ ഡൺസ്റ്റണച്ചൻ പ്രോത്സാഹിപ്പിച്ചിരുന്നതും നയിച്ചിരുന്നതും ഈ കത്തുകളിൽ നമുക്കു കാണാനാകും.

കൂടാതെ ഒരു ക്രിസ്തുശിഷ്യൻ ദൈവത്തിന്റെ അനന്തപരിപാലനയിൽ ഗാഢമായി വിശ്വസിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ഡൺസ്റ്റണച്ചന് ആഴമേറിയ ബോധ്യമുണ്ടായിരുന്നു. തന്റെ സന്ന്യാസശ്രേഷ്ഠന്മാർക്കെഴുതിയ കത്തുകളിൽ വിവിധങ്ങളായ സാഹചര്യങ്ങളോട് ഡൺസ്റ്റണച്ചൻ പ്രതികരിക്കുന്നതു കാണുമ്പോഴും, ഏതു ബുദ്ധിമുട്ടേറിയ മിഷനുകൾ ഏറ്റെടുക്കുവാനുള്ള തയ്യാറെടുപ്പ് കാണിക്കുമ്പോഴും, ദൈവംതന്നെ എന്നും എപ്പോഴും പരിപാലിക്കുമെന്നുള്ള ഉറച്ച വിശ്വാസം ഏറെ പ്രകടമാകുന്നുണ്ട്. സ്വന്തജീവിതത്തിൽ അനുഭവിച്ചറിഞ്ഞ ഈ ദൈവാശ്രയബോധം തന്നോടുകൂടെയുള്ളവർക്കും ഡൺസ്റ്റണച്ചൻ സ്വതസിദ്ധമായ ശൈലിയിൽ പകർന്നുകൊടുക്കുന്നതും ഈ ഗ്രന്ഥത്തിന്റെ താളുകളിൽ നമുക്ക് കാണാനാകും.

ഡൺസ്റ്റണച്ചൻ വളർത്തിയെടുത്ത ആത്മീയനയനത്തിന്റെ മറ്റൊരു പ്രധാന ഘടകമാണ് ദൈവപരിപാലനയിലുള്ള അദ്ദേഹത്തിന്റെ കറകളഞ്ഞ വിശ്വാസവും ആശ്രയവും. ജീവിതത്തിന്റെ സന്തോഷം നിറഞ്ഞ സന്ദർഭങ്ങളിലും ബുദ്ധിമുട്ടുകളുടെ ദുർഘടം പിടിച്ച സമയങ്ങളിലും ഒരു ക്രിസ്തുശിഷ്യന് ഉറപ്പുള്ള ആശ്രയകേന്ദ്രമാണ് തന്നെ പരിപാലിക്കുന്ന ദൈവം എപ്പോഴും കൂടെയുണ്ട് എന്ന വിശ്വാസം. ഈ വിശ്വാസത്തിൽ ഉറപ്പോടെ ജീവിച്ച ഡൺസ്റ്റണച്ചന്റെ ആത്മീയതയുടെ ആഴങ്ങളെയും അദ്ദേഹത്തിന്റെ കത്തുകളിൽ നമുക്ക് കാണാനാകും.

ഈ രീതിയിലുള്ള ധാരാളം ഉൾക്കാഴ്ചകൾ നിറഞ്ഞ ഈ ചെറുഗ്രന്ഥം പുതിയതലമുറക്ക് ക്രിസ്തീയസാധനയിൽ വളരുന്നതിന് ഏറെ സഹായകമാകുമെന്ന് എനിക്ക് ഉറപ്പുണ്ട്. ഡൺസ്റ്റണച്ചൻ എന്ന വ്യക്തിയെ മനസ്സിലാക്കാനും, അദ്ദേഹത്തിന്റെ ആത്മീയകാഴ്ചപ്പാടുകളെക്കുറിച്ച് കൂടുതൽ വ്യക്തത നേടുന്നതിനും, സാധാരണ ജീവിതസാഹചര്യങ്ങളിൽ നാം പുലർത്തേണ്ട അടിസ്ഥാനപരമായ ക്രിസ്തീയ കാഴ്ചപ്പാടുകളെക്കുറിച്ച് അവഗാഹം നേടാനും ഈ കത്തുകളും പ്രാർത്ഥനകളും നമ്മെ സഹായിക്കും.

ഡൺസ്റ്റൺ ഒലക്കേങ്കിലച്ചന്റെ കൃതികൾ രണ്ടു വാല്യങ്ങളിലായി പ്രസിദ്ധീകരിക്കുന്നതിന് ആത്മാർത്ഥമായി പരിശ്രമിക്കുകയും ആത്മീയനയനമെന്ന ഈ രണ്ടാം വാല്യം ശ്രദ്ധാപൂർവ്വം ഒരുക്കുകയും അതിന് ഉത്തമമായ ഒരു മുഖവുര തയ്യാറാക്കുകയും ചെയ്തത് ഡൺ

സ്റ്റണച്ചന്റെ പ്രേഷ്ഠശിഷ്യനും, സുതാര്യം സുന്ദരമെന്ന പേരിൽ അദ്ദേഹത്തിന്റെ ജീവചരിത്രം എഴുതുകയും ചെയ്ത പോളി പയ്യപ്പിള്ളി അച്ചനാണ്. വിവിധയിടങ്ങളിലായി ചിതറിക്കിടന്നിരുന്ന ഈ കത്തുകളും പ്രാർത്ഥനകളും സമാഹരിക്കുകയെന്നതും അവ പ്രസാധനത്തിനുവേണ്ടി തയ്യാറാക്കുകയെന്നതും ഏറെ ശ്രമകര മായ ഒരു ജോലിയായിരുന്നിട്ടും, ധാരാളം സമയം ചെലവഴിച്ചു കൊണ്ട് ഇതിനുവേണ്ടി അക്ഷീണം യത്നിച്ച പോളി പയ്യപ്പിള്ളിയച്ചന് പ്രേഷിത പ്രവിശ്യയുടെ പേരിൽ പ്രത്യേകമായി നന്ദിയർപ്പിക്കുന്നു; അനുമോദനങ്ങൾ നേരുന്നു. പോളിയച്ചന്റെയും കൂട്ടരുടെയും നിതാന്തമായ ശ്രമങ്ങൾവഴിയായി ഡൺസ്റ്റണച്ചന്റെ ജീവിതവിശുദ്ധി ഇനിയും കൂടുതൽ പേർക്ക് അറിയാനും, അദ്ദേഹത്തിന്റെ ആത്മീയ സാധന പരിചയപ്പെടുത്തുന്നതുവഴി ധാരാളം പേരുടെ ആത്മീയ നയനങ്ങൾ തുറക്കുന്നതിനും, അങ്ങനെ ക്രിസ്തുശിഷ്യത്വത്തിന്റെ അർത്ഥവത്തായ നേത്രങ്ങൾക്ക് പുതുതേജസ്സു നൽകുന്നതിനും ഇടയാകട്ടെ. ഡൺസ്റ്റണച്ചന്റെ ജീവിതവിശുദ്ധിയും അദ്ദേഹത്തിന്റെ മാതൃകാപരമായ ക്രിസ്തീയ ആദ്ധ്യാത്മീകസാധനയും കൂടുതൽ പേരെ ക്രിസ്തുശിഷ്യത്വത്തിൽ ആഴപ്പെടുത്തുന്നതിന് സഹായിക്കട്ടെ.

**ഫാ. സാജു ചക്കാലയ്ക്കൽ സി.എം.ഐ.**
പ്രൊവിൻഷ്യൽ, പ്രേഷിത പ്രോവിൻസ്
കോയമ്പത്തൂർ

# മുഖമൊഴി

'നയനം' എന്ന പദത്തിന്റെ പ്രഥമമായ പൊരുൾ 'കണ്ണ്' എന്നാണ്. 'ആത്മീയനയനം' എന്നത് ഒരാൾ അനുദിനം കണ്ടുമുട്ടുന്ന വ്യക്തികളെയും സംഭവങ്ങളെയും വസ്തുതകളെയും അനുഭവങ്ങളെയും ആത്മീയമായ മനോഭാവത്തോടെ വീക്ഷിച്ച്, സ്വന്തം ബോദ്ധ്യങ്ങളുടെ ഭാഗമായി സ്വാശീകരിക്കാനുള്ള സവിശേഷമായ സിദ്ധിയെയാണ് സൂചിപ്പിക്കുന്നത്. ഈ വിശേഷ സിദ്ധി കൈവരിച്ച ആത്മീയാചാര്യനാണ് ഡൺസ്റ്റണച്ചൻ. 'ആത്മീയനയനം' തന്റെ ചിരപരിശ്രമത്താൽ നേടിയെടുത്ത വൈഭവമാണ്.

'നയനം' എന്നതിന് നയിക്കൽ, വഴികാണിക്കൽ എന്നീ അർത്ഥങ്ങളുണ്ട്.

ഡൺസ്റ്റണച്ചൻ എഴുതിയ 32 വ്യക്തിപരമായ കത്തുകളും ഏതാനും പ്രാർത്ഥനകളുമാണ് പുസ്തകത്തിന്റെ ഉള്ളടക്കം. കത്തുകൾ തന്റെ സന്ന്യാസാധികാരികൾക്കും കുടുംബാംഗങ്ങൾക്കും എഴുതിയവയാണ്. അവയിൽ അധികപങ്കും 'നയന'ത്തിന്റെ നാനാർത്ഥങ്ങൾ വിളിച്ചോതുന്നു.

അധികാരികൾക്കു ഡൺസ്റ്റണച്ചൻ എഴുതുന്ന കത്തുകൾ അദ്ദേഹം അവരോടു പുലർത്തിയ അനുസരണ ചൈതന്യത്തിന്റെ വെളിച്ചത്തിലാണ് ഇവിടെ വിലയിരുത്തപ്പെടുന്നത്. "നാം അധികാരികളെ അനുസരിക്കണം. സന്ന്യാസി അധികാരികൾക്കു നൽകുന്ന അനുസരണം മക്കൾക്കടുത്ത അനുസരണമായിരിക്കണം. നമ്മുടെ ആഗ്രഹങ്ങളെല്ലാം അധികാരികളോടു പറയാം. നമ്മൾ മക്കളാണ്. മക്കൾക്കു ചോദിക്കാൻ അവകാശമുണ്ട്, സ്വാതന്ത്ര്യമുണ്ട്. "അനുസരണ"യെക്കുറിച്ച് ഡൺസ്റ്റണച്ചന്റെ കാഴ്ച്ചപ്പാടാണിത്. സ്വന്തം

ആഗ്രഹങ്ങളും സ്വപ്നങ്ങളും മക്കൾക്കടുത്ത അവകാശത്തോടും സ്വാതന്ത്ര്യത്തോടുംകൂടി അധികാരികൾക്കു മുമ്പിൽ അദ്ദേഹം തുറന്നു വയ്ക്കുകയും തീരുമാനം അവരിൽനിന്നു താഴ്മയോടെ പ്രതീക്ഷിക്കുകയും ചെയ്തു. അങ്ങനെ ആത്മീയനയനത്തിന്, നയിക്കപ്പെടലിന്, താഴ്മയോടെ അദ്ദേഹം വിധേയനാകുന്നു. ആ വിധേയത്വം അദ്ദേഹത്തിന്റെ ആത്മീയനയനങ്ങളെ കൂടുതൽ പ്രഭയുള്ളതാക്കി. അതുവഴി മറ്റുള്ളവരുടെ ആത്മീയനയനത്തിന്, അവരെ നയിക്കുന്നതിന് അദ്ദേഹം പ്രാപ്തനായി.

ഡൺസ്റ്റൺ ഒലക്കേങ്കിലച്ചന്റെ കത്തുകളും പ്രാർത്ഥനകളും വായനക്കാർക്കു പരിചയപ്പെടുത്തുമ്പോൾ 'നയന'ത്തിന്റെ നയിക്കലെന്ന അർത്ഥകൽപന കൂടുതൽ സാംഗത്യമുള്ളതാകുന്നു.

ഡൺസ്റ്റണച്ചൻ സ്വന്തം സഹോദരി കൊച്ചുത്രേസ്യക്കും ജ്യേഷ്ഠന്റെ മക്കൾക്കും നൽകുന്ന ആത്മീയനയനം 'നയന'ത്തിന്റെ ദർശനത്തെ വിശാലമാക്കുന്നു.

ആകെയുള്ള 32 കത്തുകളിൽ ഒൻപതെണ്ണവും പ്രാർത്ഥനകളിൽ ഏറ്റവും ദീർഘമായതും കൊച്ചുത്രേസ്യക്ക് എഴുതിയതാണ്. അവിവാഹിതയായ അനുജത്തി കൊച്ചുത്രേസ്യ രോഗിയായിരുന്നു. സന്ന്യാസജീവിതത്തോട് ആഭിമുഖ്യമുണ്ടായിരുന്നുവെങ്കിലും പല കാരണങ്ങളാൽ അവർക്ക് ഒരിക്കലും ആ ജീവിതാന്തസിലേക്കു പ്രവേശിക്കുന്നതിനു സാധ്യമായില്ല. വിവാഹജീവിതത്തോട് അവർക്ക് ആഭിമുഖ്യമില്ലായിരുന്നു. ഈ അവസ്ഥയിൽ കുഞ്ഞാങ്ങളയായ ഡൺസ്റ്റണച്ചൻ പെങ്ങളുടെ സ്വഭാവരൂപവത്കരണത്തിലും ജീവിതമൂല്യങ്ങളുടെ പരിപോഷണത്തിലും സവിശേഷമായ താത്പര്യം പുലർത്തുന്നു.

പെങ്ങളുടെ ജീവിതാന്തസ് ആങ്ങളയ്ക്കു താത്പര്യവിഷയമാണ്. പ്രിയ സഹോദരി അവശ്യമായ പരിചിന്തനത്തോടെ ശരിയായ ദൈവവിളി കണ്ടെത്തുന്നതിനും പ്രസാദകരമായ മനോഭാവങ്ങളോടെ അതിനെ പിന്തുടരുന്നതിനും ആങ്ങള പ്രചോദിപ്പിച്ചുകൊണ്ടിരുന്നു. ആങ്ങള പെങ്ങൾക്കെഴുതിയ കത്തുകളും പ്രാർത്ഥനയും അതിന്റെ സാക്ഷ്യങ്ങളാണ്.

വ്യക്തികളെ നേരിലോ അരൂപിയിലോ കണ്ടുമുട്ടി, അവരുടെ നിരന്തരസഹചാരിയും അനുയാത്രികനുമായി, അവരെക്കുറിച്ചുള്ള ദൈവേഷ്ടം തിരിച്ചറിഞ്ഞ്, അവരുടെ ദൈവവിളികൾ കണ്ടെത്തി,

അവ വിവേചിച്ചറിയുകയെന്നത് ഡൺസ്സ്റ്റണച്ചന്റെ സിദ്ധിയായി രുന്നു. ദൈവവിളികളുടെ പരിപോഷണത്തിലും പരിപാലനയിലും ഈ പുണ്യചരിതന്റെ അനുയാനം തികച്ചും ഫലസിദ്ധിയുള്ളതായി. അർത്ഥികളിൽ അന്ത്യംവരെ സ്ഥായിയായ പ്രത്യാശ പകരുന്നതിനു കഴിവുള്ള സഹചാരിയായിരുന്നു ഡൺസ്സ്റ്റണച്ചൻ.

തന്റെ സന്ന്യാസദൈവവിളിക്കു തടസം നേരിട്ട് നിരാശയായ കൊച്ചുപെങ്ങൾക്കു കുഞ്ഞാങ്ങള നൽകുന്ന ആത്മീയനയനം കാണുക: "ദിവ്യമണവാളന്റെ വിളി കേൾക്കുന്നതുപോലെ നിനക്കു തോന്നി. ഉടനെ ഉത്തരം നൽകാൻ നിനക്കു കഴിഞ്ഞില്ല; നീ ആലോചിച്ചു; ചുറ്റും നോക്കി; നീ പുറപ്പെട്ടു. പക്ഷെ മണവറയുടെ വാതുക്കൽ വന്നപ്പോൾ അത് അടയ്ക്കപ്പെട്ടിരിക്കുന്നതായാണ് നീ കാണുന്നത്. ഖേദിക്കേണ്ട. വാതിൽ തുറക്കപ്പെടുന്ന സമയമാകുന്നതുവരെ നോക്കിക്കൊണ്ടു നിൽക്കുക. തുറക്കപ്പെടുമ്പോൾ തന്റെ കണ്ണുകൾക്കു നീ പ്രിയപ്പെട്ടവളായിത്തീരത്തക്കവണ്ണം അവിടെ നിന്നുകൊണ്ടുതന്നെ ഒരുങ്ങുക. ഒരു പക്ഷെ ഇഹത്തിലെ ഈ താൽക്കാലിക മണവറ നിനക്കായി ഒരിക്കലും തുറക്കപ്പെടുകയില്ലായിരിക്കാം. അവസാന വിനാഴികയും സമാധാനത്തോടും പ്രത്യാശയോടും കൂടി കടത്തിവിടണം. ഈ കാത്തുനിൽപു വൃഥായാകുകയില്ല. നിത്യമണവറ തുറക്കപ്പെടുമ്പോൾ ദിവ്യമണവാളനോടുകൂടി നീയുണ്ടായിരിക്കും."

ഡൺസ്സ്റ്റണച്ചന്റെ ജ്യേഷ്ഠൻ ഒ.പി. ജോസഫ് 1982 ഓഗസ്റ്റ് 12-ാം തീയതി ഈ ലോകം വിട്ടുപോയി. 13-നും 35-നും ഇടയിൽ പ്രായമുള്ള 10 മക്കളെ ശേഷിപ്പിച്ചുകൊണ്ടാണ് അദ്ദേഹം കടന്നുപോയത്. മക്കളിൽ അധികം പേരും വിദ്യാർത്ഥികളും സാമ്പത്തികമായി കരയെത്താത്തവരുമായിരുന്നു. ജ്യേഷ്ഠന്റെ മരണത്തോടെ കുടുംബത്തിന്റെ നടത്തിപ്പിൽ ഡൺസ്സ്റ്റണച്ചൻ പ്രത്യേകമായ ശ്രദ്ധ പുലർത്താൻ തുടങ്ങി. കൂടെകൂടെ സന്ദർശിച്ചും മക്കളെ ഓരോരുത്തരെയും വ്യക്തിപരമായി നേരിൽ കണ്ടും കത്തുകൾ എഴുതിയും ഇളയപ്പൻ അവരെ വഴിനയിച്ചുകൊണ്ടിരുന്നു. ഈ കത്തുകളെല്ലാം ഒലക്കേങ്കിൽ കുടുംബത്തിനു ഡൺസ്സ്റ്റണച്ചൻ നൽകിയ 'നയന'ത്തിന്റെ ജീവിക്കുന്ന രേഖകളാണ്.

പുസ്തകത്തിന്റെ രണ്ടാം ഭാഗം ഡൺസ്റ്റണച്ചന്റെ പ്രാർത്ഥന കളുടെ ശേഖരമാണ്. അവയെല്ലാം അച്ചനു പ്രാർത്ഥനയോടുള്ള ആഭിമുഖ്യത്തിനു തെളിവുകളായി തിളങ്ങിനിൽക്കുന്നു. ചിലതു ധ്യാനനേരങ്ങളിൽ സ്വാഭാവികമായി പുറപ്പെട്ടവയാണ്. മറ്റുള്ള വരുടെ ഉപയോഗത്തിനായി അവസരോചിതമായി കുറിച്ചുനൽ കപ്പെട്ടവയുമുണ്ട്. പ്രാർത്ഥനകളിലെല്ലാം പുണ്യചരിതന്റെ ആത്മാ ംശം ദൃശ്യമാണ്.

ഡൺസ്റ്റണച്ചൻ വ്യക്തികൾക്കു സ്വകാര്യമായി എഴുതിയ കത്തുകളും അദ്ദേഹത്തിന്റെ പ്രാർത്ഥനകളും പ്രസിദ്ധീകരിക്കുന്ന തോടെ അവ നമ്മുടെ പഠനത്തിനും പരിചിന്തനയ്ക്കുമായി ലഭിച്ചി രിക്കുന്നു. അധികാരികളോടു തികഞ്ഞ സ്വാഭാവികതയോടെ സംവദിക്കുകയും 'നയന'ത്തിനായി സ്വയം സമർപ്പിക്കുകയും കുടുംബാംഗങ്ങളോടു സ്നേഹാർദ്രമായി മനസ്സുതുറക്കുകയും അവരെ 'നയന'ത്തിനായി ക്ഷണിക്കുകയും ചെയ്യുമ്പോൾ ഡൺ സ്റ്റണച്ചൻ തന്നെത്തന്നെ വെളിപ്പെടുത്തുകയാണ് ചെയ്യുന്നത്. തുറന്ന മനസ്സോടെ ഈ കുറിപ്പുകളെ സമീപിക്കുന്നവർക്ക് 'ആത്മീയനയനം' കരഗതമാകും.

ഡൺസ്റ്റണച്ചന്റെ മുഴുവൻ ജീവിതത്തിനും ആദർശമൂല്യമു ണ്ട്. പറഞ്ഞതും കുറിച്ചതുമായ വാക്കുകൾക്കു സുവിശേഷമൂല്യമുണ്ട്. നിസ്സാരമെന്നു തോന്നുന്നവയിലും സവിശേഷമൂല്യങ്ങൾ അടങ്ങി യിട്ടു്. നല്ല നിലത്തുവീണാൽ അവയെല്ലാം നല്ല മേനി ഫലമുള വാക്കുമെന്നത് ഉറപ്പാണ്. അതുകൊണ്ടുതന്നെ ഓർമ്മക്കുറിപ്പുകളോ ടൊപ്പം കത്തുകളും പ്രാർത്ഥനകളും ജീവചരിത്രവുമെല്ലാം ചേർത്തു വച്ചു വായിക്കപ്പെടേണ്ടവയാണ്. അദ്ദേഹം പറഞ്ഞതും പ്രവർത്തി ച്ചതും കുറിച്ചതുമെല്ലാം പരസ്പരം പൂർണ്ണമാക്കുകയും സമ്പന്നമാ ക്കുകയും ചെയ്യുന്നു. അവയെല്ലാം ചേർത്തുവയ്ക്കുമ്പോഴാണ് ഡൺസ്റ്റണച്ചൻ എന്ന പുണ്യാത്മാവിന്റെ വ്യക്തിത്വചിത്രം കൂടുതൽ സമഗ്രതയിൽ ഗ്രഹിക്കാനാകുന്നത്.

അധികാരികളെ സ്വന്തം ആശയങ്ങളും അഭിപ്രായങ്ങളും എഴുതി അറിയിക്കുക ഡൺസ്റ്റണച്ചന്റെ സ്വഭാവമായിരുന്നു. കത്തുകൾക്കു മറുപടി എഴുതുന്ന ശീലവും അദ്ദേഹത്തിനു സ്വന്ത മായിരുന്നു. അപ്രകാരം അച്ചൻ എഴുതിയ കത്തുകളിൽ അൽപം മാത്രമാണ് നമുക്കു ലഭ്യമായിരിക്കുന്നത്. അവയെല്ലാം കാക്കനാട്

സി.എം.ഐ. പ്രയർ ജെനറൽസ് ഹൗസ്, തൃശൂർ ദേവമാത പ്രൊവിൻഷ്യൽ ഹൗസ് എന്നിയിടങ്ങളിലെ രേഖാലയങ്ങളിൽനിന്നാണ് കടെുത്തത്. ദേവമാത പ്രവിശ്യാ ശ്രേഷ്ഠൻ ഫാ. ഡേവിസ് പനയ്ക്കലും പ്രയർ ജെനറൽസ് ഹൗസിലെ റിസേർച്ച് ആന്റ് ഡോക്കുമെന്റെഷൻ ഡിപ്പാർട്ടുമെന്റിന്റെ ചുമതല വഹിക്കുന്ന സാനി കണ്ണമ്പുഴയച്ചനും വളരെ ധാരാളമനസ്സോടെ രേഖാലയം, തേടുന്നതിനായി തുറന്നുതരുകയോ രേഖകൾ അയച്ചുതരുകയോ ചെയ്തു. ഡൺസ്റ്റണച്ചന്റെ ജ്യേഷ്ഠന്റെ മക്കളിൽ ചിലർ കുടുംബത്തിലെ കാരണവർ പങ്കുവച്ചുനൽകിയ പത്രമേനിയായി അവരുടെ ഇളയപ്പന്റെ കത്തുകൾ സൂക്ഷിച്ചുവച്ചു. ഇനിമേൽ അവയെല്ലാം എല്ലാവരുടെയും സ്വന്തമാകുകയാണ്.

അങ്ങനെ പലയിടങ്ങളിൽനിന്നു ശേഖരിച്ച ഡൺസ്റ്റണച്ചന്റെ കത്തുകളും പ്രാർത്ഥനകളും പ്രസിദ്ധീകരിക്കുന്നതിനു പ്രവിശ്യാ ശ്രേഷ്ഠൻ ബ. സാജു ചക്കാലയ്ക്കലച്ചൻ മുൻകൈയെടുത്തു. അവതാരിക നൽകി ഈ സമാഹാരത്തെ അനുഗ്രഹിച്ചു. ഡേവിഡ് സ്മൃതി മനോഹരമായ മുഖചിത്രമൊരുക്കി. കൊച്ചി വിയാനി പ്രിന്റിങ്ങ്സ് പുസ്തകത്തിന്റെ അച്ചടി ഭംഗിയായി നിർവ്വഹിച്ചു. എല്ലാവർക്കും അനുയാത്ര പ്രേഷിതനായ ഡൺസ്റ്റണച്ചന്റെ "ആത്മീയനയനം" സമൃദ്ധമായി ആശംസിക്കുന്നു.

സ്നേഹപൂർവ്വം,

ഫാ. പോളി പയ്യപ്പിള്ളി സി.എം.ഐ.

ഭാഗം ഒന്ന്

# കത്തുകൾ

## 1. സി.എം.ഐ. പ്രിയോർ ജെനറാളന്മാർക്ക് എഴുതിയ കത്തുകൾ

### 1.1. പ്രിയോർ ജെനറാൾ ജോൺ ബെർക്കുമാൻസച്ചന് എഴുതിയ കത്ത്

J.M.J.T.

Sacred Heart Scholasticate
Chethipuzha
Changanachery P.O.

Chethipuzha
27-3-1945

പെ. ബ. പ്രിയ പിതാവേ,

കഴിഞ്ഞ കൊല്ലം ഏപ്രിൽ മാസാവസാനത്തിൽ അങ്ങയുടെ അനുവാദപ്രകാരം ഞാൻ ആലപ്പുഴെനിന്നു പാവറട്ടിക്കു പോയി ജ്യേഷ്ഠനു മുക്തിയാർ ഒപ്പിട്ടു കൊടുത്തിരുന്നു. എന്നാൽ വസ്തു വിൽക്കുന്നതിനും മറ്റുമുള്ള ആധാരങ്ങളിൽ ഞാനും ഒപ്പുവെക്കുവാൻ ആവശ്യമുണ്ട്. ഇപ്പോൾ കടം വീട്ടുവാൻ വേണ്ടി ഒരു ഏക്കറിൽ കുറവുള്ള ഒരു ചെറിയ പറമ്പ് 1950 ക.യ്ക്ക് വിൽക്കുന്ന ഒരു ആധാരം എഴുതി ജ്യേഷ്ഠനും അമ്മയും സഹോദരികളും ഒപ്പിട്ട്, ഞാനും ഒപ്പിടേണ്ടതിന് ഇങ്ങോട്ട് അയച്ചിരിക്കുന്നു. അതിൽ ഒപ്പിട്ട് തിരിച്ചയയ്ക്കുന്നതിനു വേണ്ട അനുവാദം തരേണമെന്നപേക്ഷിക്കുന്നു.

ഇനിയും ഇതുപോലെ, അപ്പന്റെ പേരിലുള്ള കടങ്ങൾ വീട്ടുന്നതിലേയ്ക്കായി വസ്തു വിൽക്കുന്ന ആധാരങ്ങൾ വരുമ്പോൾ അവയിൽ ഒപ്പിടുന്നതിനുള്ള അനുവാദവും ഇപ്പോൾ മുൻകൂട്ടി എനിക്കു തരേണമെന്നപേക്ഷിക്കുന്നു. മുൻകൂട്ടി അനുവാദം കിട്ടുന്നതായാൽ അവർ എന്റെ ഒപ്പിനായി ഇത്രയും അധികം ദിവസങ്ങൾ പാർത്തിരിക്കേണ്ട ആവശ്യം വരികയില്ല. ഈ താമസംകൊണ്ട് അവർക്കു വളരെ അസൗകര്യങ്ങളും നഷ്ടങ്ങളും വരുവാൻ പാടുണ്ട്.

എന്ന്, വാഴ്വ് അപേക്ഷിച്ചുകൊണ്ട്,
അങ്ങയുടെ പ്രിയ മകൻ,

ക.നി.മൂ.സ. തിരുക്കു. ഡൺസ്റ്റൺ

## 1.2. സി.എം.ഐ. പ്രിയോർ ജെനറാൾ മാവുരൂസ് വലിയ പറമ്പിലച്ചന് എഴുതിയ കത്ത്

1953-ൽ സി.എം.ഐ. സഭ മൂന്നു പ്രവിശ്യകളായി തിരിഞ്ഞപ്പോൾ തന്റെ അംഗത്വത്തിനായി ഒരു പ്രവിശ്യ തെരെഞ്ഞെടുക്കുന്നതുമായി ബന്ധപ്പെട്ട് പൂരിപ്പിച്ചു നൽകിയ ഫോമിനോടൊപ്പം അയച്ച കത്ത്.

+

J.M.J.T.

അയിരൂർ

10-3-53

പെ.ബ.പ്രി. പിതാവേ,

എന്റെ പ്രവിശ്യാ തിരഞ്ഞെടുപ്പിന്റെ ഫോറം ഇതു സഹിതം അയക്കുന്നു. ഏതു പ്രവിശ്യയിലും ആയിരിക്കുന്നതിനു വിഷമമില്ല. ഫോറം പൂരിപ്പിച്ച് അയയ്ക്കാൻ നിർബന്ധപ്പെട്ടതുകൊണ്ട് അങ്ങിനെ എഴുതിയതാണ്. വ്യവസ്ഥകളൊന്നും ചേർക്കുവാൻ സ്ഥലവും ഇട്ടിട്ടില്ല. ദേവമാതാ പ്രവിശ്യയിലേക്കു മതിയാകുന്നിടത്തോളം അംഗങ്ങളെ ലഭിക്കുന്നപക്ഷം, മദ്ധ്യപ്രവിശ്യാംഗമാകുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഇതാണ് എന്റെ ശരിയായ തിരഞ്ഞെടുപ്പ്.

താമസവും ജോലിയും എവിടെയായാലും ദൈവതിരുമനസ്സെങ്കിൽ സന്തോഷമാണ്. മാനസികമായി വളരെ സഹിച്ചുകൊണ്ടാണ് നാലു കൊല്ലത്തോളം ഇവിടെ താമസിച്ചിട്ടുള്ളത്. ഇതേ സ്ഥിതിയിൽ ഇവിടെ തുടരുന്നതിനും ഞാൻ ഒരുക്കമാണ്. എന്നാൽ രണ്ടോ മൂന്നോ (ചുരുങ്ങിയതു ഒരു മാസത്തേയ്ക്ക് തുടർച്ചയായി) മാസത്തേയ്ക്ക് ക്രമാനുഷ്ഠാനം ശരിയായി നടക്കുന്ന ആശ്രമങ്ങളിലേതിലെങ്കിലും ആയിരിക്കുവാൻ ആഗ്രഹമുണ്ട്.

"ഇതേ സ്ഥിതിയിൽ ഇവിടെ തുടരുന്നതിനും ഞാൻ ഒരുക്കമാണ്" എന്നു ഞാൻ പറഞ്ഞതു ഞാൻ മടുത്തിട്ടില്ലെന്നു കാണിക്കാനാണ്. എന്നാൽ ചുറ്റുപാടുകളെല്ലാം നോക്കുമ്പോൾ ഒരു മാറ്റം അത്യാവശ്യമായിട്ടാണ് ഞാൻ കാണുന്നത്. ഇവിടത്തെ ചുറ്റുപാടുകൾ പെ.ബ. പ്രിയോരച്ചനിൽനിന്ന് (പെ.ബ. അബ്രാഹമച്ചനിൽ നിന്ന്) അറിയാവുന്നവയാകയാൽ ഞാൻ വർണ്ണിക്കുന്നില്ല. ഇവിടത്തേക്ക് ആളുകളെ നിശ്ചയിക്കുമ്പോൾ ചോദിക്കുന്നതു നന്നായിരിക്കും.

പലകൊല്ലങ്ങളായി ഇവിടെ വിഷമങ്ങൾ നീണ്ടുനിൽക്കാൻ തുടങ്ങിയിട്ട്. ഇനിയും തുടരുകയാണെങ്കിൽ ഈ നാട്ടുകാർക്കും ഒരു പക്ഷെ സഭയ്ക്കും അതു ഉപദ്രവകരമായിരിക്കും.

എല്ലാം ദൈവതിരുമനസ്സുപോലെ ഭവിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

എന്ന്

വാഴ്വ് അപേക്ഷിച്ചുകൊണ്ട്

പ്രിയ മകൻ

ക.നി.മൂ.സ. തിരുക്കു. ഡൺസ്റ്റൺ

## 2. ദേവമാത പ്രവിശ്യാശ്രേഷ്ഠന്മാർക്ക് എഴുതിയ കത്തുകൾ

### 2.1. ഡയറിയിൽ കുറിച്ചുവച്ച കത്ത്

സി.എം.ഐ. ദേവമാത പ്രവിശ്യയിൽ അർത്ഥികൾക്കു നൽകുന്ന പ്രീനൊവിഷേറ്റ് പരിശീലനത്തെക്കുറിച്ച് ഡൺസ്റ്റണച്ചൻ തന്റെ ആശയങ്ങൾ അധികാരിയുമായി പങ്കുവയ്ക്കുന്നു. ഒരു കൊച്ചു ഡയറിയിൽ കുറിച്ചുവച്ചിരിക്കുന്ന കത്തിൽ സ്ഥലമോ തീയതിയോ കുറിച്ചിട്ടില്ല. കത്ത് പ്രവിശ്യാശ്രേഷ്ഠനു കൈമാറിയതായി അറിവില്ല.

പ്രിയ പിതാവേ,

നമ്മുടെ കുട്ടികൾ വരന്തരപ്പിള്ളിയിൽ വരുമ്പോൾതന്നെ പഠനത്തെക്കുറിച്ചുള്ള ശ്വാസംമുട്ടിൽപെട്ട് നട്ടംതിരിയുകയാണ്. ആദ്ധ്യാത്മിക ജീവിതം കൊതിച്ചുകൊണ്ട് വരുന്ന കുട്ടികൾക്ക് അത് സ്വൽപം ഒന്ന് ആസ്വദിച്ചുനോക്കുന്നതിനുപോലും അവസരം നാം കൊടുക്കുന്നില്ല. പഠനവും ബഹളവും ഉടനെ തുടങ്ങുകയായി. ഇംഗ്ലീഷ് പാഠങ്ങൾ ഉടനെ തുടങ്ങിക്കൊള്ളട്ടെ. എല്ലാവരും വന്നു കഴിഞ്ഞാൽ മുഴുവൻ ധ്യാനം നടന്നതിനു ശേഷം ഇംഗ്ലീഷു ക്ലാസുകളും ഇരു പഠനക്ലാസുകളും ഒരു മാസത്തേയ്ക്കും ഈ കാലഘട്ടത്തിൽ ദുർഗുണങ്ങളെ ജയിക്കുന്നതിനും പുണ്യാഭ്യാസത്തിനും ഉതകുന്ന ഉപദേശങ്ങൾക്കും ആദ്ധ്യാത്മിക ഗ്രന്ഥപാരായണത്തിനും ദിവസത്തിൽ പകുതി സമയവും ചിലവഴിക്കണം. പിന്നത്തെ രണ്ടു മാസങ്ങളിലും ഇംഗ്ലീഷിന് പ്രാധാന്യം കൊടുക്കണമെങ്കിലും ലത്തീനും സുറിയാനിയും ചുരുങ്ങിയ തോതിൽ എടുക്കണം. Conjugations & Declentionsഉം വായനയ്ക്കു ആവശ്യമുള്ള നിയമങ്ങളും കഴിയുമെങ്കിൽ ഒരു ചെറിയ പാഠമോ ഒരു പാഠത്തിന്റെ ഏതാനും ഭാഗങ്ങളോ അല്ലെങ്കിൽ കുറെ എളുപ്പമുള്ള വാചകങ്ങളോ ഘടന മനസ്സിലാക്കി തർജമ ചെയ്യുവാനും പഠിപ്പിക്കുക. ഒന്നാം കൊല്ലത്തിലെ സിലബസ്സിൽ വേണ്ടിവന്നാൽ സ്വൽപം കുറയ്ക്കുക. (രണ്ടാം കൊല്ലത്തിൽ ഇപ്പോൾ അവർക്കു വഹിക്കാവുന്നതിൽ കുറവെയുള്ളു എന്നു കേൾക്കുന്നു. ഒക്ടോബർ അവസാനത്തോടുകൂടി Text എടുത്ത് തീരുന്നുണ്ട്.) ഒന്നാം കൊല്ലത്തിൽ Exercise in Translation കൂടുതൽ ആവശ്യമുണ്ട്.

ആദ്യത്തെ മൂന്നു മാസംകൊണ്ട് ജീവിക്കാനും പഠിക്കാനും പഠിച്ചു കിട്ടിയാൽ വലിയ കാര്യമായി. എന്നാൽ പിന്നീടുള്ള മാസങ്ങളിൽ ഇരട്ടി പഠിക്കുവാൻ സാധിക്കുമെന്നാണ് എനിക്കു തോന്നുന്നത്.

കഴിവിൽ കവിഞ്ഞ ഭാരം ആരംഭത്തിൽതന്നെ ഏൽപ്പിക്കുമ്പോൾ കള്ളത്തരത്തിൽ കഴിഞ്ഞുകൂടുവാൻ നാം പഠിപ്പിക്കുകയാണ് ചെയ്യുന്നത്. Home works സ്വന്ത പരിശ്രമത്താൽ മനസ്സിലാക്കി ചെയ്താലെ, സാധാരണ ഉപകാരമുണ്ടാകുകയുള്ളു. അങ്ങിനെ ചെയ്യണമെന്നും കൃത്യസമയത്ത് തീർക്കണമെന്നും നാം നിഷ്കർ ഷിക്കും. പ്രലോഭനങ്ങളെ ജയിക്കുന്നതിന്, ഭീതിയും ലജ്ജയും ജയിക്കുന്നതിനു നാം അവരെ ആദ്യം പഠിപ്പിക്കാതെ ക്ലാസിലെ കുറച്ചു പേർക്കെങ്കിലും ദുർവഹമായ Home works കൊടുക്കു ന്നെങ്കിൽ നാം തന്നെയാണ് നമ്മുടെ കുട്ടികളെ ദുഃസ്വഭാവികളാക്കി ത്തീർക്കുന്നത്.

ആദ്യമാസങ്ങൾ കുട്ടികൾക്ക് എല്ലാംകൊണ്ടും വളരെ പ്രയാസ കരമാണ്. വളരെ കഴിവുകളും പ്രയാസവുമുള്ള കുട്ടികൾപോലും പൊട്ടിക്കരയുന്നത് ഞാൻ കണ്ടിട്ടുണ്ട്. അനേക പ്രശ്നങ്ങൾക്ക് അവർക്കപ്പോൾ സമാധാനം കാണേണ്ടിവരുന്നു. പലരും വീട്ടിൽ നിന്ന് ആദ്യം ഇറങ്ങിയതായിരിക്കും. പുതിയ സ്ഥലം പുതിയ ഭക്ഷണരീതി, പുതിയ ജീവിതരീതി, ഒന്നിലധികം പുതിയ ഭാഷ കൾ, ഇംഗ്ലീഷ് കൈയിലുള്ളതു പോരെന്ന വസ്തുത, കളിക്കാൻ കഴിയാത്ത മഴക്കാലം, സ്വഭാവ ന്യൂനതകളോടുള്ള യുദ്ധം, ചിലർക്ക് ഈ സാഹചര്യങ്ങളിൽ പിടിപെടുന്ന രോഗങ്ങളും. ഭയാശങ്കകളുടെ ഈ സാഹചര്യങ്ങളിൽ വിവേകമതിയായ അമ്മയെപ്പോലെയാണ് അവരുടെ ശിക്ഷണത്തിൽ ഒരുവൻ വർത്തിക്കേണ്ടത്. അല്ലെങ്കിൽ ശരിയായ സ്വഭാവരൂപവൽക്കരണം അസാദ്ധ്യമാകും. പഠനത്തിൽ തന്നെ ശരിയായ അടിസ്ഥാനമിടാൻ സാധിക്കാതാകും. പിന്നെ ആരെല്ലാം എത്ര കഷ്ടപ്പെട്ടാലും അത്ര വിജയിച്ചെന്ന് വരികയില്ല.

Second term ആദ്യം തൊട്ട് ലത്തീൻ പ്രധാന വിഷയവും ഇംഗ്ലീഷും സുറിയാനിയും തുല്യപ്രാധാന്യമർഹിക്കുന്ന പ്രധാന വിഷയങ്ങളുമാക്കുക.

ഒന്നാം കൊല്ലാരംഭത്തിൽ കഴിയുന്നിടത്തോളം ദിവസങ്ങൾ (മാസങ്ങൾ) രണ്ടു കൊല്ലക്കാരെയും മാറ്റിത്താമസിപ്പിക്കുക.

## 2.2. ബ. കനീസിയൂസ് തെക്കേക്കരയച്ചന്റെ സർക്കുലറും ഡൺസ്റ്റണച്ചന്റെ പ്രതികരണവും

പ്രവിശ്യാശ്രേഷ്ഠനായ ബ. കനീസിയൂസ് തെക്കേക്കരയച്ചൻ പ്രവിശ്യാംഗങ്ങൾക്കായി എഴുതിയ സർക്കുലറും ആ സർക്കുലറിനു ഡൺസ്റ്റണച്ചൻ നൽകിയ പ്രതികരണവുമാണ് താഴെ നൽകിയിരിക്കുന്നത്. ഒരു മിഷനറിയായി വിദൂരദേശങ്ങളിൽ ജോലി ചെയ്യണമെന്ന് അതിയായി ആഗ്രഹിച്ചിരുന്ന ഡൺസ്റ്റണച്ചൻ മിഷനെ സംബന്ധിച്ചുള്ള തന്റെ ആശയങ്ങളും ആഗ്രഹങ്ങളും സ്വപ്നങ്ങളും പരിശ്രമങ്ങളും സമഗ്രമായും സംഗ്രഹിച്ചും അവതരിപ്പിച്ചിരിക്കുന്നു. ഒപ്പം, ദാരിദ്ര്യാരൂപിയെക്കുറിച്ചുള്ള സ്വന്തം കാഴ്ചപ്പാടുകൾ അനുഭവത്തിലൂടെ വളർന്നതും പരിണാമങ്ങൾക്കു വിധേയമായി രൂപം പ്രാപിച്ചതും എപ്രകാരമെന്നു വിശദമാക്കുന്നു.

ഡൺസ്റ്റണച്ചന്റെ കത്ത് വായിക്കുമ്പോൾ സന്ന്യാസാനുസരണത്തെക്കുറിച്ച് അദ്ദേഹത്തിനുള്ള കാഴ്ച്ചപ്പാട് എന്തെന്ന് അറിഞ്ഞിരിക്കണം. 14-ാം വയസ്സിൽ അദ്ദേഹം വീട്ടിൽനിന്ന് ഇറങ്ങുമ്പോൾ ഒരു തീരുമാനമെടുത്തിരുന്നു: "ഇനി മുഴുവൻ അധികാരികളുടെ ഇഷ്ടം. അവർ എവിടേയ്ക്ക് അയച്ചാലും ഞാൻ പോകും." ഡൺസ്റ്റണച്ചൻ ജീവിതം മുഴുവൻ പാലിച്ചിരുന്ന സന്ന്യാസ ചൈതന്യമാണിത്. പുസ്തകത്തിന്റെ മുഖമൊഴിയിൽ സൂചിപ്പിച്ചിട്ടുള്ളതുപോലെ ഒരു സന്ന്യാസി അധികാരികൾക്കു നൽകേണ്ട അനുസരണയെക്കുറിച്ചുംഅച്ചനു സ്വന്തമായ ദർശനമുണ്ട്: "നാം അധികാരികളെ അനുസരിക്കണം. സന്ന്യാസി അധികാരികൾക്കു നൽകുന്ന അനുസരണം മക്കൾക്കടുത്ത അനുസരണമായിരിക്കണം. നമ്മുടെ ആഗ്രഹങ്ങളെല്ലാം അധികാരികളോടു പറയാം. നമ്മൾ മക്കളാണ്. മക്കൾക്കു ചോദിക്കാൻ അവകാശമുണ്ട്, സ്വാതന്ത്ര്യമുണ്ട്." സ്വന്തം ആഗ്രഹങ്ങളെല്ലാം മക്കൾക്കടുത്ത അവകാശത്തോടും സ്വാതന്ത്ര്യത്തോടുംകൂടി അധികാരിക്കു മുമ്പിൽ അവതരിപ്പിക്കുകയും തീരുമാനം അവരിൽനിന്നു താഴ്മയോടെ പ്രതീക്ഷിക്കുകയും ചെയ്യുന്ന അനുസരണശൈലി ഏറ്റവും കൂടുതൽ പ്രത്യക്ഷമാകുന്ന കത്താണിത്.

Carmelites of Mary Immaculate
Devamatha Province
6-3-1972

## സർക്കുലർ നമ്പർ 2/72

ബ. അച്ചന്മാരേ, സഹോദരന്മാരേ,

കുടുംബസമ്മേളനം, പാസ്റ്ററൽ സെന്റേഴ്സ്, സാഗാർ മിഷൻ എന്നിവ സംബന്ധിച്ച് ചില കാര്യങ്ങൾ എല്ലാവരുടേയും ശ്രദ്ധയിൽപെടുത്തുവാൻ ആഗ്രഹിക്കുന്നു.

**1. കുടുംബസമ്മേളനം**

പ്രവിശ്യാതലത്തിലുള്ള കുടുംബസമ്മേളനങ്ങൾ, വർഷം തോറും, രണ്ടോ മൂന്നോ പ്രാവശ്യം നടത്തണമെന്നാണല്ലോ പ്രവിശ്യാസംഘത്തിന്റെ ആഗ്രഹം (cfr. Bulletin No.2 of Prov. Synaxis of 15th Dec. 1971). അവയിൽ ആദ്യത്തേത് ഈ മാസത്തിൽതന്നെ നടത്തുവാൻ പ്ലാനിട്ടിരിക്കുകയാണ്. “നമ്മുടെ പുതിയ സമീപനങ്ങൾ” എന്ന വിഷയം ചർച്ച ചെയ്യുന്ന ഏകദിനസമ്മേളനമായിരിക്കും അത്.

സൗകര്യാർത്ഥം നമ്മുടെ പ്രവിശ്യാംഗങ്ങളെ 4 ബാച്ചുകളായി തിരിച്ചിരിക്കുകയാണ്. ഈ മാസം 14, 15, 16, 17 എന്നീ തീയതികളിൽ ഈ ബാച്ചുകൾ ഒന്നിനു പുറകെ ഒന്നായി, നമ്മുടെ പ്രവിശ്യാഭവനത്തിൽ സമ്മേളിക്കത്തക്കവണ്ണം ഏവരും സഹകരിക്കണമെന്നഭ്യർത്ഥിക്കുന്നു. ബാച്ചുകളുടെ ലിസ്റ്റ് ഇതോടൊന്നിച്ചയയ്ക്കുന്നു.

സമ്മേളനം രാവിലെ 10 മണിക്കാരംഭിച്ച് ഉച്ചതിരിഞ്ഞ് 4 മണിയ്ക്കവസാനിക്കുന്നതുകൊണ്ട് മിക്കവർക്കും അന്നുതന്നെ വന്നുപോകുന്നതിനു സാധിക്കും.

**2. ചെറിയ പാസ്റ്ററൽ സെന്റേഴ്സ്**

“ചെറിയ പാസ്റ്ററൽ സെന്റേഴ്സിൽ ജോലി ചെയ്യാൻ സാദ്ധ്യതയുള്ള രണ്ടോ മൂന്നോ പേരെയെങ്കിലും, ഈ വർഷംതന്നെ അതിലേക്കു നിയോഗിക്കാൻ ശ്രദ്ധിക്കണം” എന്ന പ്രവിശ്യാസംഘത്തിന്റെ നിർദ്ദേശം പ്രായോഗികമാക്കുന്നതിനുള്ള സാദ്ധ്യതകൾ തെളിഞ്ഞു വരുന്നുണ്ട്. സൗകര്യങ്ങൾ കേവലം പരിമിതമായ സ്ഥലങ്ങളിൽ രൂപതയുടെ പേർക്കു ചില സെന്റേഴ്സ് സ്ഥാപിച്ച്, അവ വികസിപ്പിച്ച് ഇടവകകളാക്കിത്തീർത്ത് രൂപതയെ ഏൽപി

ക്കുക എന്ന ജോലി തികച്ചും ത്യാഗപൂർണ്ണമാണ്. ഈ ജോലി ഏറ്റെടുക്കുന്നതിനു സന്നദ്ധതയുള്ളവർ ഈ മാസത്തിൽതന്നെ വിവരം എന്നെ അറിയിപ്പാറാകണം.

**3. സാഗർ മിഷൻ**

നമ്മുടെ സാഗർ മിഷന്റെ പുരോഗമനം മിഷനറിമാരുടെ വിരളത നിമിത്തം സാവധാനത്തിലായിരിക്കുകയാണ്. അവിടെ ജോലി ചെയ്യുവാൻ സന്നദ്ധതയുള്ളവർ, ഇതിനകം പേരു കൊടുത്തിട്ടുള്ളവരായാലും, ഈ മാസം അവസാനിക്കുന്നതിനുമുമ്പ് വിവരം എന്നെ അറിയിപ്പാറാകണം.

പ്രവിശ്യാ സംഘത്തിന്റെ നിർദ്ദേശമനുസരിച്ച് "മിഷനുവേണ്ടിയുള്ള നമ്മുടെ വിദ്യാർത്ഥികളുടെ പഠനം, ഹിന്ദി സംസാരിക്കുന്ന പ്രദേശത്തുള്ള സെമിനാരിയിൽ നിർവ്വഹിക്കത്തക്കവിധം പ്രവിശ്യയുടെ ഒരു ഭവനം അവിടെ തുടങ്ങുന്നതിനുള്ള" പ്രാരംഭ നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

ഇരിങ്ങാലക്കുട ക്രൈസ്റ്റ് മൊണാസ്ട്രിയോടനുബന്ധിച്ചു നടത്തുന്ന സ്നേഹഭവനെക്കുറിച്ചുകൂടി ഒരു വാക്കു പറയാനുണ്ട്. അംഗഭംഗമുള്ള ഹതഭാഗ്യർക്കായി നാം നടത്തുന്ന പ്രസ്തുത സ്ഥാപനത്തെപ്പറ്റിയുള്ള പ്രശംസ, നാനാഭാഗത്തും പ്രകടിതമാകുന്നുണ്ട്. പക്ഷെ, അതിനു രൂപംകൊടുത്ത് നടത്തിപ്പോരുന്നതിനു നിരവധി ത്യാഗങ്ങൾ സഹിക്കേണ്ടതായിട്ടുണ്ട്. സ്നേഹപൂർണ്ണമായ ത്യാഗചൈതന്യം എവിടെയും എപ്പോഴും ആവശ്യപ്പെടുന്ന ഈ ജോലിക്കു നേതൃത്വം നൽകുന്നത് ബ. ദീസ്മാസച്ചനാണെന്നറിയാമല്ലൊ. അദ്ദേഹത്തിന്റെ ആരോഗ്യം ആശാസ്യമല്ല. ഈ ജോലിക്കായി അർപ്പിതനായ ഒരാളെ സഹായത്തിന് ആവശ്യമുണ്ട്. അതിനു സന്നദ്ധതയുള്ളവരിൽനിന്ന് ഈ മാസത്തിൽത്തന്നെ വിവരമറിയുവാൻ ആഗ്രഹിക്കുന്നു.

പ്രാ. ഐ. സ്വന്തം കനീസിയൂസ്
പ്രൊവിൻഷ്യൽ

To

Rev. Fr. Canisius C.M.I.
Provincial
Devamatha Province

Provincial House

പ്രിയ ബ. പിതാവേ,

സർക്കുലർ നമ്പർ 2/72 ൽ രണ്ടാം നമ്പറിൽ 'ചെറിയ പാസ്റ്ററൽ സെന്റേഴ്സ്' എന്ന തലക്കെട്ടിലുള്ള ഖണ്ഡികയിൽ പറഞ്ഞിരിക്കുന്നതനുസരിച്ചു ജോലിചെയ്യുന്നതിനു തയ്യാറാണ്.

അതേ സർക്കുലറിൽ തന്നെ 3-ാം നമ്പറിൽ സാഗർ മിഷനിൽ ജോലിചെയ്യുന്നതിനു സന്നദ്ധതയുള്ളവരെ ക്ഷണിച്ചിരുന്നു. അവിടെ പോകുന്നതിനും കഴിവുള്ളതു ചെയ്യുന്നതിനും ഒരുക്കമാണ്. പുതിയ ഭാഷ പഠിക്കുന്നതിനു വിഷമമുണ്ടെന്നാണു ഞാനിപ്പോൾ വിചാരിക്കുന്നത്. കാലാവസ്ഥ എന്റെ ശരീരപ്രകൃതിക്കു പറ്റുമോ എന്നറിഞ്ഞുകൂടാ. പരീക്ഷിച്ചു നോക്കുന്നതിനു സന്തോഷമേയുള്ളു. അംബികാപൂർ മിഷനിലേക്ക് 1956-ൽ എന്നെ വിടാനിരുന്നതാണ്. ഞാൻ ഒരുങ്ങിയതുമാണ്. ദിവസവും നിശ്ചയിച്ചതാണ്. കൂടെ പോരാനുണ്ടായിരുന്നവർ തയാറായിവരുവാൻ സാധിക്കാത്തതിനാൽ അന്നു പോയില്ല.തെരഞ്ഞെടുപ്പു കഴിഞ്ഞപ്പോൾ എന്നെ ആസ്പിരന്റ് റെക്ടർ ആക്കി ആ പരിപാടി അവസാനിപ്പിക്കുകയാണുണ്ടായത്. പിന്നീട് പേരു കൊടുക്കാൻ തുനിഞ്ഞിട്ടില്ല. പ്രവിശ്യകൾ തിരിക്കുന്നതിനുമുമ്പ് അബിസീനിയ, പേർഷ്യ മുതലായ സ്ഥലങ്ങളിലേക്കു പോകാൻ ഒരുക്കമുള്ളവരെ അന്വേഷിച്ചപ്പോൾ ഞാൻ വലിയ പ്രതീക്ഷയോടെ അപേക്ഷിച്ചിരുന്നു. യോഗാർത്ഥിഭവനത്തിൽ 15 വയസിൽ ചേരുന്നതിനുമുമ്പേതന്നെ ആ രാജ്യഭാഗങ്ങൾ എന്റെ ആകാശക്കോട്ടകളുടെ ഭാഗമായിരുന്നതുകൊണ്ട് ആ വിളി വന്നപ്പോൾ ആർത്തിയോടുകൂടി പേരു കൊടുത്തു. അത് പട്ടമേറ്റിട്ട് ആറാം കൊല്ലത്തിലായിരുന്നു. പെട്ടെന്ന് പ്രോവിൻസ് തിരക്കിലായതുകൊണ്ട് നടപടികളൊന്നുമുണ്ടായില്ല. മറുപടിയും കിട്ടിയില്ല. മിഷനുകളിൽ ചെന്ന് എന്തെങ്കിലും കാര്യമായി ചെയ്യാമെന്ന് ഒരിക്കലും എനിക്കു തോന്നിയിട്ടില്ല. എന്റെ കഴിവു കുറവ് എനിക്ക് എന്നും ബോദ്ധ്യമായിരുന്നു. സ്വയം സമർപ്പിക്കാനുള്ള ആഗ്രഹം മാത്രമായിരുന്നു

അതിന് എന്നെ പ്രേരിപ്പിച്ചിരുന്നത്. മിഷനറിമാരെ സഹായിക്കാമെന്നു തോന്നിയിരുന്നു. പ്രകൃതിയാലെ മൊണാസ്റ്റിക് ലൈഫ് ആണ് എനിക്കു താൽപര്യം. ഇറങ്ങിപുറപ്പെടാനാളില്ലെങ്കിൽ പുറപ്പെടാൻ തയാറാണ്, ഞാൻ മതിയെങ്കിൽ.

ഇരിങ്ങാലക്കുടയിലെ 'സ്നേഹഭവനിൽ' താമസിക്കാനും ആഗ്രഹമുണ്ട്. ഇപ്പോൾ അവിടെ നടക്കുന്ന പ്രവർത്തനങ്ങളിൽ ബ. ദീസ്മാസച്ചനെ സഹായിക്കാം. കൂടുതൽ കൂടുതൽ പദ്ധതികൾ ആസൂത്രണം ചെയ്ത് ആ സ്ഥാപനത്തെ വികസിപ്പിക്കാനോ സഹോദരി സ്ഥാപനങ്ങൾ സ്ഥാപിക്കാനോ എനിക്കു കഴിവുണ്ടെന്നു തോന്നുന്നില്ല. വൈദികർ വിരളമായ കാലത്ത് ഒരു സഹോദരനെ പരിശീലിപ്പിച്ചെടുക്കുകയല്ലെ നല്ലത്.[1] അവിടുത്തെ എളിയ ഭക്ഷണരീതിയും താമസസൗകര്യങ്ങളുമാണ് എന്നെ അവിടേക്ക് ആകർഷിക്കുന്നത്.

വ്യക്തിപരമായ ദാരിദ്ര്യം പാലിക്കുന്നതിനു ഞാൻ ഏറെ ശ്രമിച്ചിരുന്നു. നമുക്കു ചുറ്റുമുള്ള ദരിദ്രരോടു പൊരുത്തപ്പെടാൻ നമ്മുടെ ആശ്രമങ്ങളുടെ സംരംഭങ്ങളും ജീവിതരീതിയും 1942 മുതൽ എന്നെ വളരെയധികം വേദനിപ്പിച്ചിരുന്നു. 1944-ൽ ഞാൻ രക്തവാതരോഗിയായിത്തീർന്നത് ഒരു വലിയ അനുഗ്രഹമായി അന്ന് എനിക്കു തോന്നി. അപ്പോഴേക്കും ഞാൻ എന്റെ ഉള്ളിൽ ഒരു കൊച്ചുവിപ്ലവകാരിയായിരുന്നു. രോഗിയായതോടുകൂടി സ്വയ വിശുദ്ധീകരണത്തിനായി മാത്രം ഞാൻ ശ്രദ്ധിക്കുവാൻ തുടങ്ങി. മറ്റുള്ളവരുടെ കാര്യത്തിൽ തലയിടേണ്ട ചുമതലയില്ലെന്നു തോന്നി. പഥ്യവും കഷായവും വേദനയും ഒറ്റയ്ക്കു താമസിപ്പിക്കലും എനിക്കിഷ്ടപ്പെട്ടു. എന്നെ സംബന്ധിച്ച് അപ്പോൾ എല്ലാം എളിയതായി. വൈദിക ജീവിതത്തിന്റെ പ്രതീക്ഷയും ഇല്ലാതായി. ഒരു തീവ്രവാദിയായിത്തീരുന്നതിൽനിന്നു ദൈവം അന്ന് അങ്ങിനെ എന്നെ രക്ഷിച്ചു. *രോഗലക്ഷണം കണ്ട ആഴ്ചയിൽ തന്നെ അതിൽ ദൈവത്തിന്റെ കരം ഞാൻ കണ്ടതുകൊണ്ട്*

---

1. സഹോദരന്മാരുടെ ഒരു മിഷനറി സന്ന്യാസസമൂഹം ഡൺസ്റ്റണച്ചൻ ഒരു കാലയളവിൽ മനസ്സിൽ സൂക്ഷിച്ചിരുന്ന സ്വപ്നമായിരുന്നു. 1955 ഡിസംബർ 5-ാം തീയതി അച്ചൻ ഡയറിയിൽ "My Castle in the Air" എന്ന ശീർഷകത്തോടെ പ്രസ്തുത സഭയെക്കുറിച്ചു തനിക്കുള്ള ദർശനമെന്തെന്നു കുറിച്ചുവച്ചിരിക്കുന്നു. കാണുക: സത്യസാധന: ഫാ. ഡൺസ്റ്റൺ ഒലക്കേങ്കിലിന്റെ കൃതികൾ, വാല്യം ഒന്ന്. അനുബന്ധം 1

*പിന്നീടുള്ള സുദീർഘമായ 7 കൊല്ലക്കാലത്തെ ഇടവിട്ട് ഇടവിട്ട് ശല്യപ്പെടുത്തിയിരുന്ന ആ രോഗകാലത്ത് സാമാന്യം നന്നായി കഴിച്ചുകൂട്ടുന്നതിന് എനിക്കു സാധിച്ചു.*[2]

പിന്നീട് ദാരിദ്ര്യത്തിന്റെ പ്രശ്നം എന്നെ അലട്ടാൻ തുടങ്ങിയത് വത്തിക്കാൻ കൗൺസിൽ കഴിഞ്ഞാണ്. സന്ന്യാസികൾ യഥാർത്ഥ ദാരിദ്ര്യത്തിന്റെ വിഷമങ്ങൾ അനുഭവിക്കണം; സമൂഹമായി ദരിദ്രനായ ക്രിസ്തുവിന്റെ സാക്ഷികളാകണം എന്ന കൗൺസിൽ ഡിക്രിയിലെ ആശയമാണ് അതിനു കാരണം. ഞാൻ ദരിദ്രനായി ജീവിച്ചാൽമാത്രം പോരാ; സഭ ആഗ്രഹിക്കുന്ന തരത്തിൽ ക്രിസ്തുവിന്റെ സാക്ഷികളുടെ സമൂഹത്തിൽ ജീവിക്കാൻകൂടെ ഞാൻ പരിശ്രമിക്കണം.

ഒരാശ്രമത്തിൽ താമസിച്ചു സമൂഹമായി അപ്രകാരം സാക്ഷ്യം നൽകാൻ അസാധ്യമായി തോന്നുന്നതുകൊണ്ടാണ് പ്രകൃതിയാലെ എനിക്കേറ്റം ഇഷ്ടപ്പെട്ട ആശ്രമജീവിതം ഉപേക്ഷിച്ച് ചെറിയ പാസ്റ്ററൽ സെന്ററുകൾ അന്വേഷിക്കുന്നതിന്റെ ഒരു കാരണം. മറ്റൊരു കാരണം വൈദികർ ഇനിയും ശരിയായി കടന്നുചെന്നിട്ടില്ലാത്ത സ്ഥലങ്ങളിൽ താമസിക്കുന്ന പാവപ്പെട്ട കത്തോലിക്ക കുടുംബങ്ങൾക്കു സേവനം ചെയ്യാൻ ഞാൻ മതിയെന്നു തോന്നുന്നതുകൊണ്ടും മറ്റു പലരേയുംകാൾ എനിക്കെളുപ്പമുണ്ടെന്നു തോന്നുന്നതുകൊണ്ടുമാണ്. ആ വഴിക്ക് നമ്മുടെ സഭയെ നവീകരിക്കാമെന്നു തോന്നുന്നു.

ഇന്നിപ്പോൾ മൂന്നിലും വെച്ച് പാസ്റ്ററൽ സെന്ററാണ് കൂടുതൽ എന്നെ ആകർഷിക്കുന്നത്. എന്തിനും ഒരുങ്ങിയിരിക്കുന്നു.

എന്ന് വാഴ്വപേക്ഷിച്ചുകൊണ്ട്,

മിശിഹായിൽ പ്രിയ മകൻ

Dunstan CMI

---

2. ചരിഞ്ഞ വടിവക്ഷരങ്ങളിലുള്ള ഈ ഭാഗം മൂലരേഖയിൽ വെട്ടിയതായി കാണുന്നു. വിഷയവുമായി ബന്ധമില്ലാത്തതുകൊണ്ടായിരിക്കാം ഡൺസ്റ്റണച്ചൻ അപ്രകാരം ചെയ്തത്. ദൈവശാസ്ത്രവിദ്യാർത്ഥിയായിരുന്ന കാലത്ത് അദ്ദേഹത്തിന്റെ പൗരോഹിത്യത്തിനുതന്നെയും തടസ്സമായിനിന്ന രോഗാവസ്ഥ എത്ര കാലം നീണ്ടുനിന്നു എന്ന വിവരം അറിയാൻ കഴിയുന്നു എന്നതുകൊണ്ട് ഈ ഭാഗം ചരിത്രാന്വേഷകർക്കു പ്രാധാന്യമുള്ളതാണ്.

## 2.3. പ്രവിശ്യാശ്രേഷ്ഠനായ കനീസിയൂസച്ചന് എഴുതിയ കത്ത്

1973-ൽ അട്ടപ്പാടിയിലെ സെന്റ് ജോസഫ്സ് ഭവനിലെ പ്രീഫെക്റ്റായി ഡൺസ്റ്റണച്ചൻ നിയമിതനായി. ജീവിത സാഹചര്യങ്ങളുടെയും യാത്രാ സൗകര്യങ്ങളുടെയും പരാധീനതകൾ മൂലം അട്ടപ്പാടിയിലേക്കു ചെല്ലുന്നതിനു സഭാംഗങ്ങൾ പൊതുവെ വിമുഖരായിരുന്നു. എന്നാൽ അതുവരെ ദേവമാത പ്രവിശ്യാഭവനത്തിന്റെ സുപ്പീരിയറായിരുന്ന ഡൺസ്റ്റണച്ചൻ അട്ടപ്പാടിയിലെ നിയമനം സന്തോഷപൂർവ്വം സ്വീകരിച്ചു. താൻ വിഭാവന ചെയ്യുന്ന ദാരിദ്ര്യാരൂപിയുടെയും എളിമയുടെയും ജീവിതാദർശം അട്ടപ്പാടിയിൽ അൽപമെങ്കിലും പ്രായോഗികമാക്കാമെന്നതാണ് സന്തോഷത്തിന്റെ കാരണം. എന്നാൽ സമൂഹം ആ നിയമനം അംഗീകരിച്ചില്ല. ഡൺസ്റ്റണച്ചന്റെ ശാരീരികസ്ഥിതിക്ക് അട്ടപ്പാടിയിലെ സാഹചര്യങ്ങൾ അനുകൂലമാകില്ലെന്നതാണ് സമൂഹത്തിൽനിന്നുണ്ടായ പ്രധാന വിമർശനം. ഇക്കാര്യം വികാർ പ്രൊവിൻഷ്യാളായ സാംസൻ ചിരിയങ്കണ്ടത്തിലച്ചൻ ഡൺസ്റ്റണച്ചനോടു സൂചിപ്പിക്കുന്നു. തുടർന്ന് അമ്പഴക്കാട് സെന്റ് തെരേസാസ് മൊണാസ്റ്ററിയിൽ ധ്യാനത്തിലായിരിക്കെ ഡൺസ്റ്റണച്ചൻ തന്റെ ചിന്തകൾ പങ്കുവെച്ചുകൊണ്ട് പ്രവിശ്യാശ്രേഷ്ഠനായ കനീസിയൂസച്ചനു കത്തെഴുതുന്നു.

അമ്പഴക്കാട്ട്

28-4-1973

+

J.M.J.T.

പ്രിയ. ബ. പിതാവേ,

മിനിഞ്ഞാന്ന്, 24-4-73 ൽ അയച്ച എഴുത്തുകിട്ടി. ബ. വികാർ പ്രൊവിൻഷ്യാളച്ചൻ ധ്യാനത്തിനു പോകാൻ അനുവദിച്ചപ്പോൾ, അട്ടപ്പാടിക്ക് പോകുന്നത് അദ്ദേഹത്തിന് ഇഷ്ടമില്ലെന്ന് ഒറ്റവാക്കിൽ സൂചിപ്പിച്ചു. എന്തെങ്കിലും പുതുതായി സംഭവിച്ചതായി എനിക്കറിവില്ലായിരുന്നതിനാലും സമയമില്ലാതിരുന്നതിനാലും എന്റെ position വ്യക്തമാക്കാൻ ഞാൻ ഒരുമ്പെട്ടെങ്കിലും ഒന്നും പറയുന്നതിനു സാധിച്ചില്ല.

കുറെ ദിവസങ്ങൾക്കു മുമ്പ് അദ്ദേഹമൊരിക്കൽ എന്നോടു പറഞ്ഞു, "അച്ചൻ അങ്ങോട്ടും ഇങ്ങോട്ടും പോകണ്ട. എനിക്കൊന്നുമുണ്ടായിട്ട് പറയുകയല്ല. അച്ചൻ കുറച്ചുനാൾ കൂടെ ജീവിച്ചുകൊള്ളട്ടെ എന്നുവച്ച് പറയുകയാണ്."

24-ന് അവിടെനിന്ന് പുറപ്പെടുന്നതുവരെ, അല്ല അങ്ങയുടെ എഴുത്തുകിട്ടുന്നതുവരെ എഴുത്തിലുള്ളിടത്തോളം പോലും അറി

ഞ്ഞില്ല. വേറെ കൂടുതൽ വിവരങ്ങളൊന്നും ഇതുവരേയും അറിഞ്ഞിട്ടില്ല. എന്തായാലും ഞാൻ ഒരുങ്ങുന്നു. അട്ടപ്പാടിയിലെ കൃഷിഭൂമികൾ, അതും 16 ഏക്രക ഞാൻ ഇഷ്ടപ്പെടുന്നില്ല. ഞാൻ വിഭാവനം ചെയ്യുന്നതു കൈവരുന്നതുവരെ സഭ ആവശ്യപ്പെടുന്നതു സന്തോഷത്തോടെ സ്വീകരിക്കുന്നു.

എവിടെയെങ്കിലും എങ്ങിനേയും ഇനിയുള്ള കാലം കഴിഞ്ഞുകൂടുവാൻ കാര്യമായ വിഷമമൊന്നും ഞാൻ കാണുന്നില്ല; മനസ്സാക്ഷിക്കനുസരിച്ച് ജീവിക്കാൻ കഴിഞ്ഞാൽ മതി. ദൈവത്തെപ്രതി, സഭയേയും കേരളസഭയേയും സ്നേഹിക്കുന്നതുകൊണ്ട് എന്റെ അറിവനുസരിച്ച് എന്തെങ്കിലും ചെയ്യുവാൻ ഒരുങ്ങുകയാണ്. ഒന്നരക്കൊല്ലം മുമ്പ് ഞാൻ ചെയ്ത പ്രതിജ്ഞ നിറവേറ്റാൻ ശ്രമിക്കുകയാണ്. അന്നത്തെ ചൂടൊന്നും ഇന്ന് ഇല്ല. ദൈവത്തെ പ്രസാദിപ്പിക്കുവാൻ മാത്രമാണ് ഇന്നത്തെ പരിശ്രമം. ചെറുപ്പത്തിലെ ശാന്തനായി ഒതുങ്ങിക്കഴിയാൻ ആഗ്രഹിച്ചിരുന്ന എനിക്ക് 52 വയസ്സ് കഴിഞ്ഞിട്ട് ഇറങ്ങിപ്പുറപ്പെടാൻ പ്രകൃതിയാലെ താൽപര്യമൊന്നുമില്ല. പ്രൊവിൻഷ്യൽ ഹൗസിലെ അംഗങ്ങളെ വിട്ടുപിരിയുന്ന കാര്യം അങ്ങയുടെ എഴുത്ത് വായിച്ചുകൊണ്ടിരിക്കയിൽ ഓർമ്മയിൽ വന്നപ്പോൾ എന്റെ കണ്ണു നിറഞ്ഞു. 1935-ൽ വീട്ടിൽ നിന്നിറങ്ങിയപ്പോൾ മാത്രമേ ഇപ്രകാരമൊരനുഭവം ഉണ്ടായിട്ടുള്ളു. അന്ന് സ്വന്ത മനസ്സാലെ പുറപ്പെട്ടതാണ്. ഇന്നും കുറെയൊക്കെ സ്വന്ത മനസ്സാലെയെന്ന് പറയാം. അതുകൊണ്ടായിരിക്കാം.

പ്രാർത്ഥിക്കണമെ. വേണ്ട നിർദ്ദേശങ്ങൾ തരണമെ.

എന്ന്

മിശി. പ്രിയ മകൻ

Dunstan CMI

## 2.4. പ്രവിശ്യാശ്രേഷ്ഠനായ കനീസിയൂസച്ചന് എഴുതിയ കത്ത്

St. Joseph Bhavan
Pakulam, Thavalam P.O.
Mannarghat 678582

13-11-73

+
J.M.J.T.

പ്രിയ. ബ. പിതാവേ,

ഞാൻ സുഖമായിക്കഴിയുന്നു. കോയമ്പത്തൂർ ചെന്നപ്പോഴും കരിമ്പയിൽ ചെന്നപ്പോഴും ഞാൻ നന്നായിട്ടുണ്ട് എന്ന് അവിടങ്ങളിലുള്ളവർ സാക്ഷ്യപ്പെടുത്തിയെന്നുള്ളത് തൃശൂരിലുള്ളവർക്കും സന്തോഷകരമായ വാർത്തയായിരിക്കുമല്ലോ. ഇന്നലെ ബ. ആമോസച്ചനോടും അഭിപ്രായം ചോദിച്ചു. അദ്ദേഹവും അനുകൂലമായ മറുപടി നൽകി. എന്റെ അനുഭവവും എനിക്കു കൂടുതൽ ആരോഗ്യമുണ്ടെന്നുള്ളതാണ്. അപ്പോൾ ആ കാര്യം വിജയിച്ചു.

ഇനി കൃഷികാര്യങ്ങളും മൊത്തത്തിൽ വിജയം തന്നെ. വിളവെടുത്തതിൽ ശീങ്കരയിലെ കടലയിൽ മാത്രം സ്വൽപം നഷ്ടം വന്നു. അതും അതോടുകൂടി വിതച്ചിട്ടുള്ള തൊവര വിളയെടുക്കുമ്പോൾ പരിഹരിക്കപ്പെടുമെന്നാണ് എല്ലാവരും പറയുന്നത്. തൊവര പൂത്തിട്ടുപോലുമില്ല. സമയമായില്ല. പരുത്തി പൂവും കായുമായി നിൽക്കുന്നു. രണ്ട് പ്രാവശ്യമായാണ് വിതച്ചത്. ആദ്യത്തേതു തരക്കേടില്ല. രണ്ടാമത്തേതിന് ഉണക്ക് ബാധിച്ചു. ഒന്നരമാസം ഒട്ടും മഴയില്ലാതെനിന്നു. മഴ കിട്ടിയപ്പോൾ വളരാൻ തുടങ്ങിയിട്ടുണ്ട്. വിളവെടുപ്പ് ഫെബ്രുവരി വരെ നീണ്ടുനിന്നേക്കും. കണ്ടത്തിലെ നെല്ല് കതിരായി. വിളഞ്ഞിട്ടില്ല. മൂന്നാഴ്ച കഴിഞ്ഞാൽ കൊയ്യാറാകും. ഇവ മൂന്നുമാണ് കാര്യമായ സമ്പാദ്യമായിരിക്കുക. സർവ്വ ചെലവും കഴിച്ച് അവയിൽനിന്നു ചുരുങ്ങിയത് 3500 ക. പ്രതീക്ഷിക്കുന്നു. പയറ്, ചെറുപയറ്, മുതിര, റാഗി മുതലായവ പുതുതായി വിതച്ചിട്ടുണ്ട്. അവയിൽ കാര്യമായി വിൽക്കാനുണ്ടാകുക മുതിരയാണ്. അധികം ആദായം പ്രതീക്ഷിച്ചുകൊണ്ടല്ല വിത്തിട്ടിരിക്കുന്നത്. തുലാവർഷം ഇവിടെ വളരെ വൈകിയതുകൊണ്ടും പണത്തിന്റെ അഭാവംകൊണ്ടും പ്രോത്സാഹനക്കുറവുകൊണ്ടും കുറെ വൈകി

മാത്രമാണ് വിത്തിട്ടത്. പ്രധാന ഉദ്ദേശം സ്ഥലം കൂടുതൽ കാടു പിടിക്കാതിരിക്കാനും അടുത്ത ഏപ്രിൽ മെയ് മാസങ്ങളിൽ ചെയ്യുവാനുള്ള പ്രധാന കൃഷിക്കു ഭൂമി നന്നായി കിട്ടാനുമാണ്. പയറും മുതിരയും വിതച്ചിരിക്കുന്നത് കാടുപോലെ കിടന്നിരുന്ന സ്ഥലം വെട്ടിത്തെളിച്ചാണ്. ചിലത് കൂടുതൽ വന്നിട്ടുണ്ട്. പുതുതായി തെങ്ങ് വെക്കുന്നതിനും ഉള്ളവ സംരക്ഷിക്കുന്നതിനും കവുങ്ങ് നിൽക്കുന്ന സ്ഥലം വൃത്തിയാക്കുന്നതിനും കുരുമുളകു തലയും അവയ്ക്കു വേണ്ട കാലുകൾ വാങ്ങി പിടിപ്പിക്കുന്നതിനും മറ്റുമുള്ള ചെലവുകൾ തൽക്കാലം പരിഹരിക്കപ്പെടുകയില്ല. അവ അടുത്തെങ്ങും ഫലം തരികയില്ല.

ഒരായിരം രൂപ കോയമ്പത്തൂർ നിന്ന് Advance വാങ്ങിച്ചിട്ടുണ്ടെന്ന് പറയാം. ഒക്ടോബറിലേയും, നവംബറിലേയും വിഹിതം 250+250=500 രൂപ വാങ്ങിയിട്ടില്ല. 200 രൂപ അവിടെ കൊടുത്തേൽപിച്ചിട്ടുണ്ട്. പിന്നെ 300 രൂപയുടെ കടമെ അവിടെ ബാക്കിയുള്ളു. അതും അടുത്ത് വീട്ടണമെന്നാണ് ആഗ്രഹം. ഇവിടെ പുതിയ ചാമയും നെല്ലുമായി വിത്ത് കഴിച്ച് ഉദ്ദേശം 500 രൂപയുടെ സാധനം ഇപ്പോൾ ഉണ്ട്.

Boys Home വരുമ്പോൾ കണക്കുകൂട്ടലുകളെല്ലാം തെറ്റും. 7 കുട്ടികൾക്ക് ഭക്ഷണം കൊടുക്കാൻ ഇപ്പോഴത്തെ നിലയിൽ ആരുടെയും സഹായം വേണ്ട. അതിൽ കൂടുതലായാൽ കൃഷിയിറക്കാൻ വീണ്ടും Advance എങ്കിലും വാങ്ങേണ്ടിവരും.

എന്റെ ആദ്ധ്യാത്മിക കാര്യങ്ങളിൽ കുറച്ചു വീഴ്ചകളുണ്ട്. അങ്ങയോടായതുകൊണ്ട് 'കുറച്ച്' എന്നു പറയുന്നത്. അല്ലെങ്കിൽ വലിയ വീഴ്ചകൾ തന്നെ. മറവികൊണ്ടും മാറ്റിവയ്ക്കൽകൊണ്ടും പലതും മുടങ്ങുന്നു. പ്രാർത്ഥന യാചിക്കുന്നു.

എന്ന്

Dunstan CMI

P.S. 1. എഴുതുന്ന പതിവില്ലാത്തതുകൊണ്ടാണ് ഇത്രയും വൈകിയത്. ഇതും 2 A.M. ന് ലെലിയ ചൊല്ലാൻ എഴുന്നേറ്റപ്പോൾ ഓർമ്മ വന്നതുകൊണ്ട് ഉടനെ എഴുതിയതാണ്. ഇന്നലെ ബ. ആമോസച്ചൻ

ഇവിടെ വന്നു സംസാരിച്ചതും ഇതിനു പ്രേരകമായി. ബ. ക്ലാരൂസച്ചൻ മിക്കവാറും കോയമ്പത്തൂർ തന്നെ. രാത്രി ഒരു വേലക്കാരനെ ഇവിടെ കിടത്തുന്നു.

P.S. 2. ഭാസ്കരൻ (ശമ്പളക്കാരൻ) ഇപ്പോൾ രണ്ടു മാസത്തോള മായി ജോലിക്കു വന്നിട്ട്. ഒരു മാസം വരാതായി, പിന്നേയും വരാൻ സൗകര്യപ്പെടാത്തതുപോലെ വന്നപ്പോൾ ശമ്പളത്തിനു നിർത്തേണ്ട എന്നുവച്ചു. വരികയാണെങ്കിൽ ദിവസക്കൂലിക്കു നിർത്താമെന്നു പറഞ്ഞിട്ടുണ്ട്. കുറച്ചു ദിവസം കോയമ്പത്തൂർ നമ്മുടെ സ്ഥലത്ത് നിന്നിരുന്നു. ഇന്നലെ മടങ്ങിവന്നെന്ന് കേട്ടു. ഇവിടെ ഉപകാര പ്പെടാതായി.

P.S. 3. കോയമ്പത്തൂർ യാത്ര ക്ലേശകരമായതുകൊണ്ട് സഭാംഗ ങ്ങളുമായുള്ള സമ്പർക്കത്തിനു കരിമ്പയിൽ മാസധ്യാനത്തിനായി പോകാമെന്നു വച്ചിരിക്കുകയാണ്. ബ. സോളമനച്ചനേയും അങ്ങോട്ടാ കർഷിക്കണം. മാസത്തിലൊരിക്കൽ ഞാൻ കോയമ്പത്തൂർക്കു പോകും. അതുകഴിഞ്ഞ് രണ്ടാഴ്ച കഴിയുമ്പോൾ കരിമ്പയ്ക്കും. അപ്പോൾ കോയമ്പത്തൂർ നിന്ന് ആരും വന്നില്ലെങ്കിലും സാരമില്ല. കരിമ്പ അടുത്താണ്.

## 3. അമ്മയ്ക്കെഴുതിയ കത്തുകൾ

### 3.1. അമ്മയ്ക്കെഴുതിയ കത്ത്

S.H. SCHOLASTICATE

Chethipuza
8-2-1946

+
J.M.J.T.

പ്രിയ അമ്മേ,

എന്റെ സുഖക്കേടു വിവരവും ചികിത്സ വിവരവും അറിഞ്ഞിരിക്കുമല്ലോ. സുഖക്കേട് വലിയ വിഷമമുള്ളതല്ലായിരുന്നെങ്കിലും വിട്ടുമാറാൻ വളരെ എളുപ്പമില്ലാത്ത ഒന്നായിരുന്നു. അതുകൊണ്ട് ചികിത്സ വളരെ കാര്യമായിട്ടും ദീർഘമായിട്ടും ചെയ്യേണ്ടതായി വന്നു. സുഖക്കേടിന്റെ വലിയ വിഷമങ്ങളെല്ലാം മാറിയിട്ടും, സുഖമുള്ള വരെപ്പോലെ പെരുമാറുവാൻ തുടങ്ങിയതിനുശേഷവും മൂന്നുമാസത്തോളം ഇപ്പോൾ ചികിത്സ നടത്തി. മിനിയാന്ന് മണിമലയിൽ നിന്നു തിരിച്ച് ഇവിടെ (ചെത്തിപ്പുഴ) വന്നു. പഠനം വീണ്ടും ആരംഭിച്ചിരിക്കുകയാണ്. ഇപ്പോൾ ഒരുവിധം സുഖമാണ്.

പെങ്ങൾ അടുത്തു തന്നെ അയച്ചിരുന്ന എഴുത്തിൽ അമ്മയുടെ സുഖസ്ഥിതിയും മറ്റും കാണിച്ചിരുന്നു. നിങ്ങൾക്കെല്ലാവർക്കും വേണ്ടി ഞാൻ പ്രാർത്ഥിക്കുന്നുണ്ട്. ബ. അബ്ദിയാസ് ശെമ്മാശന് ഒരു വിധം സുഖമാണ്. ഞങ്ങൾക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കുമല്ലോ.

എന്ന്
പ്രിയ മകൻ

ക.നി.മൂ.സ. തിരുക്കു. ഡൺസ്റ്റൺ

## 3.2. അമ്മക്കെഴുതിയ കത്ത്

S.H. SCHOLASTICATE
CHANGANACHERRY P.O.
TRAVANCORE

Chethipuza
2.11.1946

ഈ.മ.യൗ.ത്രേ.

പ്രിയ അമ്മേ,

പെങ്ങളുടെയും കൊച്ചുത്രേസ്യയുടെയും എഴുത്തുകളിൽനിന്ന് അമ്മ കിടപ്പിലാണെന്നറിയുന്നതിൽ ദുഃഖിക്കുന്നു. പെങ്ങൾ മംഗലാപുരത്തേയ്ക്കു പോയപ്പോൾ അമ്മയ്ക്കുണ്ടായിരുന്ന സുഖക്കേട് ഇതുവരെയും മാറിയിട്ടില്ലെന്ന് കഴിഞ്ഞ ആഴ്ചയിൽ പെങ്ങളുടെ രണ്ടാമത്തെ എഴുത്തിൽനിന്നാണ് മനസ്സിലായത്. പെങ്ങൾ പിരിഞ്ഞു പോയതിൽപിന്നെ ഞാൻ അമ്മയ്ക്കുവേണ്ടി പ്രാർത്ഥിക്കുന്നുണ്ട്. ദൈവം അമ്മയ്ക്കു വേണ്ട ധൈര്യവും സമാധാനവും തരുമെന്നു ഞാൻ പ്രതീക്ഷിക്കുന്നു. അമ്മ പണ്ട് ഓർക്കുവാൻപോലും തുനിയാത്ത പല ത്യാഗങ്ങളും ഇതിനകം സഹിച്ചുകഴിഞ്ഞു. ദൈവം നമ്മിൽ നിന്ന് ഓരോ ത്യാഗങ്ങൾ ആവശ്യപ്പെടുമ്പോൾ അതു സഹിക്കുന്നതിനുള്ള ശക്തിയും നമുക്കു തരാതിരിക്കയില്ല. നാം പ്രാർത്ഥിച്ചാൽ മാത്രം മതി. ദൈവത്തിന്റെ പക്കലേയ്ക്കു സഹായത്തിനായി നമ്മുടെ കണ്ണുകൾ തിരിച്ച് "ദൈവമെ!" എന്ന് വിളിക്കുന്നതു തന്നെ വലിയ പ്രാർത്ഥനയാണ്. വായിൽനിന്നു പുറപ്പെടുന്ന വെറും സ്വരമല്ലല്ലോ ദൈവം നോക്കുന്നത്. നമ്മുടെ ഹൃദയത്തെയാണ് ദൈവം കാര്യമായി മതിക്കുന്നത്. ദൈവത്തെ സ്നേഹിക്കണം എന്നുള്ള ആഗ്രഹംതന്നെ ദൈവത്തിനു വളരെ സന്തോഷമുള്ള സംഗതിയാണ്. "ദൈവമെ, നിന്നെ പൂർണ്ണമായി സ്നേഹിച്ചുകൊണ്ടു മരിപ്പാൻ എനിക്കിടവരുത്തണമെ!" പ്രിയ അമ്മേ, ഇതാണ് എന്റെ വലിയ പ്രാർത്ഥന. ഈ പ്രാർത്ഥന അമ്മയ്ക്കു വളരെ എളുപ്പത്തിൽ കഴിക്കാമെന്നു ഞാൻ വിശ്വസിക്കുന്നു. മറ്റു പ്രാർത്ഥനകൾ കഴിപ്പാൻ അമ്മയ്ക്കു സുഖമില്ലെങ്കിൽ ഒട്ടും വേദിയ്ക്കേണ്ട ആവശ്യമില്ല. മേൽ പറഞ്ഞ സുകൃതജപത്തിൽ മറ്റു പ്രാർത്ഥനകളെല്ലാം ഒരുവിധം ഒതുങ്ങിയിട്ടുണ്ട്.

പ്രിയ അമ്മേ, തന്നെപ്രതി കൊടുക്കുന്ന ഒരു കോപ്പ പച്ച വെള്ളത്തിനുപോലും സമ്മാനം പറഞ്ഞൊത്തിരിക്കുന്ന കർത്താവ് അമ്മയുടെ ഇത്രയേറെ ബലികൾക്ക് ഒരുക്കി വെച്ചിരിക്കുന്ന സമ്മാനം എത്ര വലുതായിരിക്കും.

ബ. അബ്ദിയാസച്ചനും എനിക്കും ഒരുവിധം സുഖമാണ്. ബ. ലാസറച്ചൻ ഇപ്പോൾ ഇവിടെയാണ്. നിങ്ങളുടെ വർത്തമാനങ്ങളെല്ലാം ചോദിച്ചറിയും. ഞങ്ങൾ അമ്മയ്ക്കുവേണ്ടിയും കുടുംബത്തിനുവേണ്ടിയും പ്രത്യേകം പ്രാർത്ഥിക്കുന്നുണ്ട്.

എന്ന്
പ്രിയ മകൻ

ക.നി.മൂ.സ. തിരുക്കുടുബ. ഡൺസ്റ്റൺ

### 3.3. അമ്മക്കെഴുതിയ കത്ത്

S.H. Scholasticate — Chethipuzha
Changanachery — 21.7.1949

+
J.M.J.T.

മൂന്നു ദിവസം മുമ്പ് ഷൊർണൂരിൽനിന്നു പെങ്ങളുടെ എഴുത്തു കിട്ടി. എന്നും എണ്ണ തേച്ചു കുളിക്കുന്നുണ്ടെന്നും മീൻ എണ്ണ കഴിക്കുന്നുണ്ടെന്നും സുഖമായിരിക്കുന്നെന്നും എഴുതിയിരിക്കുന്നു. ദൈവത്തിന്റെ ഇഷ്ടം നിറവേറട്ടെ.

ഞാൻ എഴുത്തയയ്ക്കാൻ ഇത്ര താമസിച്ചത് അവിടുന്നു എഴുത്തു വരുമ്പോൾ മറുപടിയായി അയയ്ക്കാമല്ലോ എന്നു വിചാരിച്ചാണ്. പെങ്ങൾ മംഗലാപുരത്തുനിന്നു മടങ്ങിയതു മുതൽക്ക് വീട്ടിൽനിന്ന് ഒരു എഴുത്ത് ഞാൻ പ്രതീക്ഷിച്ചിരുന്നതാണ്. ഞാൻ ഷൊർണൂരിൽ വെച്ച് പെങ്ങളെ കണ്ടു എന്നുള്ളതു ശരിതന്നെ. എന്നാൽ പെങ്ങളുടെ പിന്നീടുള്ള ജീവിതരീതി വീട്ടിലെ അറിവോടും സമ്മതത്തോടും കൂടിയാണല്ലോ വേണ്ടത്. പിന്നെ എങ്ങിനെയാണ് തീരുമാനമുണ്ടായതെന്നു മേൽപറഞ്ഞ (പെങ്ങളുടെ) എഴുത്തിൽനിന്നു മാത്രമാണ് ഞാൻ അറിഞ്ഞതും. ഇതുവരെയും വീട്ടിൽനിന്ന് ഒരു എഴുത്തും വരാത്തതിനെക്കുറിച്ച് എനിക്കു വിചാരമുണ്ടാകാതിരുന്നില്ല. അമ്മയുടെ സുഖക്കേട് കൂടിയ വിവരവും ഇപ്പോൾ മാത്രമാണ് ഞാൻ അറിഞ്ഞത്. എല്ലാവരും ഇതു വായിക്കുമല്ലോ എന്നു കരുതിയാണ് ഈ സംഗതികൾ ഇതിൽതന്നെ എഴുതിയത്. എന്തായാലും ഇന്നുവരെ നിങ്ങൾക്കെല്ലാവർക്കും വേണ്ടി, പ്രത്യേകിച്ച് അമ്മയ്ക്കുവേണ്ടി ഞാൻ എന്റെ കുർബാനയിൽ പ്രാർത്ഥിച്ചിട്ടുണ്ട്. ഇനിയും പ്രാർത്ഥിക്കുന്നതായിരിക്കും. നിങ്ങളുടെ വിഷമതകളെ ഓർത്ത് എന്റെ മനഃസമാധാനം നഷ്ടപെടുത്താതിരിക്കാൻ ഞാൻ ശ്രമിക്കേണ്ടിയിരിക്കുന്നു. എല്ലാം ദൈവതിരുമനസ്സുപോലെ സംഭവിക്കട്ടെ. വിഷമതകളുടെ മദ്ധ്യേ ദൈവത്തിൽ സമാധാനപ്പെടുവാൻ പരിശ്രമിക്കേണമെ.

എനിക്കിപ്പോൾ കുറച്ചുനാളുകളായി സുഖമാണ്. എനിക്കു വേണ്ടി കൂടുതൽ പ്രാർത്ഥിക്കേണമെ.

എന്ന്

സ്വന്തം പ്രിയ മകൻ

ക.നി.മൂ.സ. തിരുക്കു. ഡൺസ്റ്റൺ

P.S. ജ്യേഷ്ഠനു സമയമില്ലെങ്കിൽ കൊച്ചുത്രേസ്യയെങ്കിലും ഇതിനു മറുപടിയെഴുതിയാൽ കൊള്ളാം. അമ്മ ആവശ്യപ്പെടുമ്പോൾ എഴുത്തുകൾ എഴുതുവാൻ മടി കാണിക്കരുതെന്നും പ്രിയ ജ്യേഷ്ഠനോടും കൊച്ചുത്രേസ്യയോടും ഞാൻ അപേക്ഷിക്കുന്നു. പെങ്ങളുടെ മരണദിനം പ്രത്യേകം ഓർത്തു പ്രാർത്ഥിച്ചു.

## 4. സഹോദരി സി. മേരി മാഴ്സിന് എഴുതിയ കത്ത്

St. Joseph Bhavan
Pakulam, Thavalam P.O.
Mannarghat 678 582
S. India

4.9.1973

+
J.M.J.T.

പ്രിയ ബ. സഹോദരീ,

അയച്ച എഴുത്തു കിട്ടി. എനിക്കു വളരെ സുഖമാണ്. ഞാൻ മെയ് 11-ന് ഇവിടെ വന്നു. മൂന്നുനാലു ദിവസം കഴിഞ്ഞപ്പോൾ കാലിൽ ഒരു പുല്ലുവെട്ടിയ കുറ്റികൊണ്ട് ചെറിയൊരു മുറിവുണ്ടായി. കഥ വെച്ചില്ല. ഒരാഴ്ച കഴിഞ്ഞപ്പോൾ സ്വൽപം പഴുത്തു. പിന്നെ ഒരുമാസം കഴിഞ്ഞു സുഖമായി. അതുപോലെത്തന്നെ മറ്റൊരു മുറിവ് വേറെ ഒരു മാസവും എടുത്തു. അതിനിടയ്ക്ക് അത്യാവശ്യ കാര്യങ്ങൾക്കായി യാത്രകൾ കഴിച്ചിരുന്നു. ഒന്നുരണ്ടു മൈൽ നടക്കുകയും ചെയ്തിരുന്നു. ചില ദിവസങ്ങളിൽ യാത്രചെയ്യാൻ വിഷമമുണ്ടായിരുന്നു. അങ്ങിനെ ഒരിക്കൽ കോയമ്പത്തൂർ ചെന്നപ്പോൾ അവിടെയുള്ളവരുടെ നിർബന്ധപ്രകാരം ഡോക്ടറെ കണ്ടു. അദ്ദേഹം 4 കുത്തിവെപ്പ് നടത്തണമെന്നു പറഞ്ഞതുകൊണ്ട് അവിടെ താമസിച്ചു. മൂന്നാം ദിവസം പനി പിടിച്ചു. അഞ്ചുദിവസത്തിനുശേഷം പനി മാറിയെങ്കിലും ഒരാഴ്ചയിലധികം കഴിഞ്ഞേ ഡോക്ടർ ഇങ്ങോട്ടു പോരാൻ സമ്മതിച്ചുള്ളു. 19 ദിവസം അവിടെ താമസിച്ചശേഷം തിരിച്ചുപോന്നു. ഇവിടെ വന്ന് ഒരാഴ്ച കഴിഞ്ഞപ്പോൾ എല്ലാം സുഖമായി.

കഴിഞ്ഞ 19-നു തൃശൂർ പോയപ്പോൾ ജോസ് പോൾ എന്നെ അവിടെ വന്നുകണ്ടു. അവന്റെ പേർഷ്യയിലേയ്ക്കുള്ള യാത്രയ്ക്കുവേണ്ട രേഖകൾ കിട്ടിയിട്ടില്ല. കൊച്ചുമേരിയുടെ റിസൽട്ടറിഞ്ഞിട്ടില്ല. 20-ാം തീയതി ആയിരുന്നു അവൾക്ക് Interview വെച്ചിരുന്നത്, ചേറൂർ വിമല കോളേജിൽ ജോലിക്കുവേണ്ടി. പിന്നെ വിവരമൊന്നുമറിഞ്ഞില്ല.

പെരിന്തൽമണ്ണ നിന്നു മണ്ണാർക്കാട് വഴി ആനക്കട്ടിക്കു വണ്ടി യുണ്ട്. മണ്ണാർക്കാട്ടു നിന്ന് ആനക്കട്ടിക്കു വേറെയും വണ്ടികളുണ്ട്. ആ റൂട്ടിൽകൂടി പോകുമ്പോൾ പാക്കുളത്ത് ഇറങ്ങി ഒന്നര ഫർല്ലോങ്ങ് ഒരു എടവഴിയിൽകൂടി നടന്നാൽ ഞങ്ങളുടെ സ്ഥലത്തെത്തും. സ്വൽപം കയറ്റമാണ്. മണ്ണാർക്കാടുനിന്ന് ഇവിടേയ്ക്ക് 0.80 പൈസ ബസ് ചാർജ്. പാക്കുളത്ത് എത്തുന്നതിനു മുമ്പാണ് ശീങ്കര മഠം, കർമ്മലീത്തക്കാരുടെ. അവർക്കു പ്രൈമറി സ്കൂളും അനാഥശാലയും ഉണ്ട്. അത് റോഡ് വക്കിലാണ്. അവിടെനിന്ന് ആറ് ഫർല്ലോങ്ങ് കഴിഞ്ഞാൽ പാക്കുളമായി.

പാക്കുളത്തുനിന്ന് കുറെകൂടെ (ഒന്നിലധികം മൈൽ) പോയാൽ കൂക്കംപാളയം മഠമായി. അതും കർമ്മലീത്ത. അവിടെ തൽക്കാലം ഒരു ഡിസ്പൻസറി തുടങ്ങാനായി ബ. സി. ബ്രിജിത്ത് വന്നിട്ടുണ്ട്. കുറെ നാളെങ്കിലും അവിടെയുണ്ടാകും. ഞാൻ ഒന്നിലധികം പ്രാവശ്യം കണ്ടു സംസാരിച്ചു. നിങ്ങളുടെ വർത്തമാനങ്ങളെല്ലാം ചോദിച്ചു. കൂക്കംപാളയം മഠത്തിൽ നിന്ന് ഒന്നര ഫർല്ലോങ്ങ് കഴി ഞ്ഞാൽ താവളം മഠവും പള്ളിയും. മഠം മർത്താഭവൻ സിസ്റ്റേഴ്സിന്റെ വകയാണ്. അതെല്ലാം റോഡ് വക്കിലാണ്. ഞങ്ങളുടെ സ്ഥലം മാത്രം റോഡിൽനിന്നു കാണാനും കയറിപറ്റാനും സ്വൽപം വിഷമമാണ്.

പാക്കുളത്ത് വന്നിറങ്ങിയാൽ അവിടെ മൂന്നുനാലു താഴ്ന്ന നില വാരമുള്ള ചായക്കടകളും മറ്റുമെ കാണുകയുള്ളു. ആദിവാസികളുടെ സ്ഥലങ്ങളാണ് അട്ടപ്പാടി മുഴുവനും. പിന്നെയുള്ളവർ തിരുവിതാംകൂർ കുടിയേറ്റക്കാരും കച്ചവടക്കാരായ മുഹമ്മദിയരും തമിഴ്നാട്ടു കാരുമാണ്.

എന്ന്

Dunstan CMI

PS. സ്ഥലം കഴിഞ്ഞതറിഞ്ഞില്ല. അവിടെയുള്ള എല്ലാവർക്കും പ്രത്യേകിച്ച് ബ്രദറിനും സി. ലൂർദിനും ജൂനിയേഴ്സിനും വേണ്ടി പ്രാർത്ഥിക്കുന്നു. ഇവിടത്തെ ആദിവാസികളുടെ മാനസാന്തര ത്തിനുവേണ്ടി പ്രാർത്ഥിക്കണമെ.

## 5. സഹോദരി കൊച്ചുത്രേസ്യക്ക് എഴുതിയ കത്തുകൾ

### 5.1. സഹോദരി കൊച്ചുത്രേസ്യക്ക് എഴുതിയ കത്ത്

മണിമല

8.5.1948

+
J.M.J.T.

എ. പ്രിയ കൊച്ചുത്രേസ്യ,

നിന്റെ എഴുത്തു കിട്ടി. പെങ്ങളുടെ എഴുത്ത് ഇതിനകം നിങ്ങൾക്കു കിട്ടിയിരിക്കുമെന്നു വിശ്വസിക്കുന്നു. എനിക്കു പെങ്ങളുടെ എഴുത്ത് കിട്ടിയിട്ട് കുറച്ചു ദിവസങ്ങളായി. മറുപടി അയച്ചു. ഈ മാസം 18-ാം തീയതി ആയിരിക്കും സഭാവസ്ത്രസ്വീകരണം. ഇന്നലെ ധ്യാനത്തിനായി മേരിഹിൽ മഠത്തിലേക്കു പോകുമെന്നും എഴുതിയിരുന്നു. ആവശ്യമുള്ള അനുവാദങ്ങളും ശരീരസൗഖ്യവും ദൈവസഹായത്താൽ ഇപ്പോൾ ഉണ്ട് എന്നു എഴുതിയിട്ടുണ്ട്. എന്നോട് എല്ലാവരേയും അറിയിപ്പാൻ പറഞ്ഞിട്ടുണ്ട്. എങ്കിലും നിങ്ങൾക്കെങ്കിലും പെങ്ങൾതന്നെ എഴുതുമെന്ന് വിചാരിച്ചാണ് ഞാൻ ഉടനെ എഴുതാത്തത്. ബ. അബ്ദിയാസച്ചനെയും മറ്റും ഞാൻ അറിയിച്ചു.

ഇളയമ്മയെ കാണ്മാൻ വരുന്ന സംഗതിയെക്കുറിച്ചു ഞാൻ പറയാതെതന്നെ നിങ്ങൾക്കറിയാമല്ലൊ. പെങ്ങളും നൊവിസ്യാത്തിനുമുമ്പ് കണ്ടാൽ കൊള്ളാമെന്ന് എഴുതിയിരുന്നു. ദൈവതിരുമനസ്സെങ്കിൽ എല്ലാവരെയും കാണുവാൻ ആഗ്രഹമുണ്ട്. എന്നാൽ തൽകാലം അത് ദൈവതിരുമനസ്സല്ല എന്ന് തോന്നുന്നതിനാൽ അതിനായി ഞാൻ പരിശ്രമിക്കുകയില്ല. വലിയച്ചന്റെ മകൾ കൊച്ചുത്രേസ്യയുടെ സഭാവസ്ത്ര സ്വീകരണം ഈ മാസം 24-ാം തീയതി എന്നറിയുന്നതിൽ വലിയ സന്തോഷമുണ്ട്. അവൾക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കുന്നുണ്ടെന്നു പറയണം.

എനിക്കിപ്പോൾ നല്ല സുഖമാണ്. അവിടെനിന്നു വന്നതിൽ പിന്നെ വിഷമമൊന്നും ഉണ്ടായിട്ടില്ല. ശരീരത്തിനു നല്ല ശക്തിയും ഉണ്ട്. രോഗികളുടെ പക്കലേയ്ക്കു നമ്മുടെ കർത്താവിനെ എഴുന്നള്ളിച്ചു കൊണ്ടുപോയി കൊടുക്കുന്നതിനും മരിക്കാറായിരിക്കുന്ന

വർക്ക് അന്ത്യകൂദാശകൾ നൽകുന്നതിനും മറ്റും അത് ഉപയോഗ പ്പെടുത്തുന്നുണ്ട്. ഇവിടങ്ങളിൽ, നടന്നാണ് വി. കുർബാന കൊണ്ടു പോകുന്നത്. മഞ്ചൽ ഇവിടങ്ങളിൽ കണ്ടിട്ടേ ഇല്ല. മഞ്ചൽ എടുത്തു കൊണ്ട് ഈ കുന്നും മലയും കയറി ഇറങ്ങുവാൻ സാദ്ധ്യവു മല്ല. ഇങ്ങിനെ കർത്താവിനെ എടുത്തുകൊണ്ടും കർത്താവിനു വേണ്ടിയും നടക്കുന്നതിൽ ആർക്കും സന്തോഷമുണ്ടാകുമല്ലോ. എന്റെ ഈ ഭാഗ്യത്തിൽ നിനക്കു അസൂയ തോന്നുന്നുണ്ടായിരിക്കാം. എന്നാൽ എല്ലാ ക്രിസ്ത്യാനികളും ചാവുദോഷമില്ലാത്തപ്പോൾ, വരപ്രസാദത്തോടുകൂടിയിരിക്കുമ്പോൾ ദൈവത്തെ വഹിച്ചുകൊ ണ്ടാണ് നടക്കുന്നത്. മാമോദീസ മുങ്ങി ചാവുദോഷം കൂടാതെ ജീവിക്കുന്ന എല്ലാവരിലും ദൈവം സത്യമായിട്ടും എഴുന്നള്ളിയിരി പ്പുണ്ട്. ഇതു നാം ഓർക്കാറില്ല. ദൈവം നമ്മുടെ ആത്മാവിൽ സദാ ഒരു അതിഥി പോലെ എഴുന്നള്ളിയിരിക്കുന്നു. എന്നാൽ ഈ ദൈവ ത്തോടു സംഭാഷിക്കുന്നതിനുവേണ്ട ഓർമ്മയും നല്ല മനസ്സും നമുക്കില്ല. നാം വിശുദ്ധ കുർബാന കൈകൊള്ളുമ്പോൾ നമ്മുടെ കർത്താവ് സ്വന്തശരീരവും ചോരയും ആത്മാവും ദൈവസ്വഭാവവും അടക്കികൊള്ളുന്ന കൂദാശ വഴിയായി നമ്മുടെ ഉള്ളിൽ വരുന്നു. കുറെ നേരത്തേക്ക് അപ്രകാരം നമ്മോടുകൂടെ വസിക്കുകയും ചെയ്യുന്നു. എന്നാൽ ദൈവമെന്നുള്ള നിലയിൽ എപ്പോഴും, ഇടവി ടാതെ, നാം നിർഭാഗ്യവശാൽ ചാവുദോഷം ചെയ്യുന്നതുവരെ നമ്മോടുകൂടെ വസിക്കുന്നു. അതിനാൽ നമ്മുടെ ശരീരം ഒരു ദേവാലയമാണ്. നമ്മുടെ ഉള്ളിൽ എഴുന്നള്ളിയിരിക്കുന്ന ദൈവ ത്തോടു നമുക്കു മനസ്സുണ്ടെങ്കിൽ എപ്പോഴും സംസാരിക്കാം. നമ്മുടെ ഉള്ളിൽ വസിക്കുന്ന ദൈവം അത് ആഗ്രഹിക്കുന്നു. ഓരോ ദിവസവും ഓരോ നിമിഷവും നമ്മുടെ ബുദ്ധിമുട്ടുകളെയും വിഷമ ങ്ങളെയും ആ നല്ല ദൈവത്തെ അറിയിക്കാം; അപേക്ഷിക്കാം. അങ്ങിനെ എപ്പോഴും ആ ദൈവത്തോടുകൂടെ ജീവിക്കാം. ഈ വിഷയത്തെക്കുറിച്ച് കൂടുതൽ അറിയുവാൻ ആഗ്രഹമുണ്ടെങ്കിൽ ഇനി എഴുതിചോദിച്ചാൽ പറയാം.

എന്ന്, സ്വന്തം സഹോദരൻ,

ക.നി.മൂ.സ. തിരുക്കു. ഡൺസ്റ്റൺ

PS. അമ്മയ്ക്കും മറ്റെല്ലാവർക്കുംവേണ്ടി പ്രാർത്ഥിക്കുന്നുണ്ട്. എനിക്കുവേണ്ടി പ്രാർത്ഥിക്കണമെ.

## 5.2. സഹോദരി കൊച്ചുത്രേസ്യക്ക് എഴുതിയ കത്ത്

+

J.M.J.T.

മണിമല

20-8-1948

പ്രിയ കൊച്ചുത്രേസ്യ,

മനുഷ്യാത്മാക്കളിലുള്ള ദൈവത്തിന്റെ വാസത്തെക്കുറിച്ചു ഞാൻ നിനക്കു എഴുതിയിരുന്നു. കൂടുതലായി അറിയണമെന്നു നീ ആവശ്യപ്പെട്ടിരിക്കുകയാൽ എഴുതുന്നു. എന്നാൽ ദൈവം ആത്മാക്കളിൽ വസിക്കുന്നുണ്ട് എന്നതിനെക്കുറിച്ച് അധികം പറഞ്ഞതുകൊണ്ട് വലിയ പ്രയോജനമില്ല. എന്നാൽ ദൈവം, വരപ്രസാദത്തോടുകൂടിയ ഒരു ആത്മാവിൽ എഴുന്നുള്ളിയിരിക്കുന്നുവെന്നുള്ള സത്യം ദൃഢമായി വിശ്വസിച്ച്, ആ വിശ്വാസത്തിനനുസരിച്ച് അനുനിമിഷവും പ്രവർത്തിച്ചുകൊണ്ടു ജീവിക്കുക എന്നതാണ് സാരമായിട്ടുള്ളതും ഉപകാരപ്രദമായിട്ടുള്ളതുമായ സംഗതി.

ദൈവം എല്ലായിടത്തും ഉണ്ട് എന്നു നാം വിശ്വസിക്കുന്നു. ദൈവത്തിന്റെ ശക്തി സകല സൃഷ്ടികളിലും എല്ലായ്പ്പോഴും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. അതില്ലാതിരുന്നെങ്കിൽ (ഏതെങ്കിലും സൃഷ്ടിയിൽനിന്നു ദൈവശക്തി പിൻവലിക്കപ്പെട്ടിരുന്നെങ്കിൽ) ആ വസ്തു ഉടനെ ഇല്ലായ്മയിലേയ്ക്കു പിന്തിരിയുമായിരുന്നു. അങ്ങിനെ സകല വസ്തുക്കളിലും ദൈവമുണ്ട്. എന്നാൽ വി. കുർബാനയിൽ ദൈവമുണ്ട്. അതു നേരത്തെ പറഞ്ഞ വിധത്തിലല്ല. പുത്രൻ തമ്പുരാന്റെ മനുഷ്യത്വവും ദൈവത്വവും അപ്പത്തിന്റെയും വീഞ്ഞിന്റെയും സാദൃശ്യങ്ങളുടെ കീഴിൽ സ്ഥിതി ചെയ്യുന്നു. മനുഷ്യനായി അവതരിച്ച ദൈവം തന്റെ സ്വന്തം ശരീരത്തോടുകൂടി സ്ഥിതിചെയ്യുന്നു. ലോകത്തിൽ ദൈവത്തിനു വേറെ ഒരു തരത്തിലുള്ള സാന്നിദ്ധ്യം കൂടിയുണ്ട്. അതിനുവേണ്ടിയാണ് മേൽപറഞ്ഞ രണ്ടുതരത്തിലുള്ള സാന്നിദ്ധ്യവും. അതു വരപ്രസാദത്തോടുകൂടിയ ആത്മാവിലുള്ള ദൈവത്തിന്റെ വാസമാണ്. ദൈവം ആത്മാവിനെ സ്വന്ത ആലയമാക്കുന്നു. നിത്യകാലത്തോളം ആ

ആത്മാവിനോടുകൂടി വസിപ്പാൻ ദൈവം അതിയായി ആഗ്രഹിക്കുന്നു. മനുഷ്യാത്മാക്കളിൽ തന്റെ വാസം ഉറപ്പിക്കുന്നതിനാണ് ദൈവത്തിന്റെ മറ്റെല്ലാ പ്രവർത്തനങ്ങളും. വി. കുർബാനയിലെ തന്റെ സാന്നിദ്ധ്യം തന്നെ (അത്യത്ഭുതമായ ആ കൂദാശ) തന്റെ ആലയമായ മനുഷ്യാത്മാവ് കേടുവരാതെ സൂക്ഷിക്കപ്പെടുന്നതിനും അതിന്റെ ശക്തിക്കും വളർച്ചയ്ക്കുമാണ്. ദൈവം സകല വസ്തുക്കളെയും സൃഷ്ടിച്ചു പരിപാലിച്ചു കൊണ്ടുപോകുന്നതും തിരുസഭയെ സ്ഥാപിച്ചതും കൂദാശകളെ ഏർപ്പെടുത്തിയതും എല്ലാം മനുഷ്യാത്മാവിനെ തന്റെ ആലയമാക്കുന്നതിനും അതിനെ കൂടുതൽ അലങ്കരിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനുമാണ്. മനുഷ്യാത്മാവിൽ വസിക്കുന്നതിന് അളവില്ലാത്തവനായ ദൈവം എത്രയധികം ആഗ്രഹിക്കുന്നു. വി. കുർബാനയിലെ തന്റെ വാസം ലോകാവസാനംവരെ മാത്രമെ നീണ്ടു നിൽക്കുകയുള്ളു. എന്നാൽ മനുഷ്യാത്മാവ് വരപ്രസാദത്തോടുകൂടി മരിക്കുന്നെങ്കിൽ നിത്യകാലം അതു ദൈവത്തിന്റെ ആലയമായിരിക്കും.

എന്നാൽ മനുഷ്യരുടെ സമ്മതം കൂടാതെ ആത്മാക്കളിൽ തന്റെ വാസം ആരംഭിക്കുന്നതിനോ തുടർന്ന് കൊണ്ടുപോകുന്നതിനോ ദൈവത്തിനു കഴിയുകയില്ല. ഇനി വസിപ്പാൻ നാം അനുവദിച്ചാൽ തന്നെയും ദൈവത്തിന്റെ വാസം സന്തോഷപൂർണ്ണമാകുവാനും നമ്മുടെ സഹകരണം ആവശ്യമാണ്. ദൈവം നമ്മുടെ അതിഥിയായി വസിക്കുന്നു. സൽകരിയ്ക്കേണ്ടതു നമ്മുടെ കടമയാണ്. നമ്മെ അത്യധികം സ്നേഹിച്ചുകൊണ്ട് നമ്മുടെ നിസ്സാരങ്ങളായ സൽക്കാരങ്ങൾ കൊതിച്ചുകൊണ്ട് നമ്മിൽ വസിക്കുന്ന ദൈവത്തെ നാം ഒരിക്കലും ഇച്ഛാഭംഗപെടുത്തരുത്. നമ്മുടെ നല്ല മനസ്സാണ് തനിക്ക് ഏറ്റവും താൽപര്യമുള്ളത്. നാം നമ്മുടെ വീട്ടിൽ വരുന്ന പ്രിയ അതിഥികളെ വീടിന്റെ ഒരു മൂലയിൽ കൊണ്ടുപോയിരുത്തി ആരും അങ്ങോട്ട് അടുക്കുകയോ അയാളോടു സംസാരിക്കുകയോ ചെയ്യുന്നില്ലെങ്കിൽ അയാളെ നാം എന്തുമാത്രം വിഷമിപ്പിക്കും. നമ്മുടെ മര്യാദയില്ലായ്മ എത്ര വലുതായിരിക്കും. അയാൾ മറ്റുള്ളവരോട് എന്തുപറയും. “അവർക്കു ഭക്ഷണസാധനങ്ങളോ മറ്റു വിലപിടിച്ച സാധനങ്ങളോ എനിക്കു തരുവാനില്ലെങ്കിൽ അതു സാരമില്ല. എന്നാൽ സന്തോഷമായിട്ട് രണ്ടു വാക്കു പറയുന്നതിനു എന്തായിരുന്നു തടസം? ഞാൻ കാത്തിരുന്നു കാത്തിരുന്നു

മടുത്തുപോയി. ആരും എത്തിനോക്കുകപോലും ചെയ്തില്ല." ഇതു തന്നെയാണ് മനുഷ്യഹൃദയങ്ങളിൽ വസിക്കുന്ന ദൈവത്തിന്റേയും അനുഭവം. നമ്മോടുകൂടി സ്നേഹസംഭാഷണം ചെയ്തുകൊണ്ടിരിക്കുന്നതിനു താൻ എപ്പോഴും ആഗ്രഹിക്കുന്നു. നമ്മുടെ സന്തോഷങ്ങളേയും ആഗ്രഹങ്ങളേയും വിഷമങ്ങളേയും സങ്കടങ്ങളേയും നമ്മുടെ വിചാരങ്ങളേയും എല്ലാം നമ്മുടെ ഏറ്റം വലിയ സ്നേഹിതനോടെന്നപോലെ നാം ദൈവത്തെ പറഞ്ഞു കേൾപ്പിക്കണം. നമുക്കു സമയം കിട്ടുമ്പോഴെല്ലാം നമ്മുടെ ഹൃദയക്കപ്പേളയിൽ പ്രവേശിച്ച് അവിടെ എഴുന്നള്ളിയിരിക്കുന്ന ദൈവത്തോടു രണ്ടു വാക്കെങ്കിലും പറയണം. അങ്ങിനെ ചെന്നുകൊണ്ടിരിക്കുമ്പോൾ ചില അവസരങ്ങളിൽ കർത്താവ് നമ്മുടെ കുറ്റങ്ങൾ നിമിത്തം ദുഃഖിച്ചിരിക്കുന്നതായി നാം കാണും. അപ്പോൾ മനസ്താപപ്പെട്ടുകൊണ്ട് പൊറുതിയപേക്ഷിക്കണം. മേലാൽ ചെയ്യില്ലെന്നും ചെയ്ത തെറ്റിനു പരിഹാരം ചെയ്യാമെന്നും പ്രതിജ്ഞ ചെയ്യുന്നെങ്കിൽ തന്റെ മുഖത്തെ പുഞ്ചിരി കാണുന്നതിനു നമുക്കു വീണ്ടും ഇടവരും. നല്ല ദൈവത്തെ ഒരിക്കലും സങ്കടപ്പെടുത്തരുത്. സങ്കടപ്പെടുത്തിയെന്ന് ഓർമ്മ വന്നാൽ ഉടനെ ഓടിച്ചെന്ന് മാപ്പപേക്ഷിക്കണം. ക്ഷമിപ്പാൻ ഇത്ര വേഗതയുള്ള ദൈവത്തെ ശരണക്കേടുകൊണ്ട് കൂടുതൽ സങ്കടപ്പെടുത്തരുത്. ഏറ്റം സ്നേഹമുള്ള ഒരാളോടെന്നോണം ദൈവത്തോടു പെരുമാറുക. ദിവസത്തിൽ എത്ര പ്രാവശ്യം ഓർക്കാൻ കഴിയുമോ, അത്രയും പ്രാവശ്യം ആത്മാവിൽ വസിക്കുന്ന ദൈവത്തെ ഓർത്തു സ്തുതിക്കുക. എല്ലായ്പോഴും ഓർക്കാൻ സാധിക്കും. ജോലിയുടെ ഇടയ്ക്ക് ഒരു നിമിഷം മതി ഓർക്കാൻ. സ്നേഹത്തോടുകൂടി ഒന്ന് ഉള്ളിലേയ്ക്ക് നോക്കുക. നമ്മുടെ സൽപ്രവൃത്തികളിൽ സന്തുഷ്ടനായിരിക്കുന്ന ദൈവത്തെ കൂടുതൽ കൂടുതൽ സൽകൃത്യങ്ങൾ ചെയ്തു നമ്മുടെ ഉള്ളിൽ വളരുവാൻ അനുവദിക്കുക.

പിതാവും പുത്രനും പരിശുദ്ധാരൂപിയുമായ പരി. ത്രിത്വം നമ്മുടെ ഉള്ളിൽ വസിക്കുന്നുവെന്ന് ഓർക്കുമ്പോഴെല്ലാം ത്രിത്വസ്തുതി ചൊല്ലി സ്തുതിക്കുന്നതു നന്നായിരിക്കും.

ആകയാൽ നമ്മുടെ ശരീരം ദൈവത്തിന്റെ ആലയമാണ്. അതിനെ നാം ബഹുമാനിക്കണം. ദൈവത്തിന്റെ ആലയത്തെ അശുദ്ധമാക്കരുത്. ദൈവത്തിന്റെ ആലയം പ്രാർത്ഥനയുടെ സ്ഥലമാണ്.

അശുദ്ധമായതൊന്നിനും അതിൽ പ്രവേശനം നൽകരുത്. ജനലുകളും വാതിലുകളും പോലെയാകുന്ന നമ്മുടെ കണ്ണ്, ചെവി മുതലായ പഞ്ചേന്ദ്രിയങ്ങൾ വഴിയാണ് ആത്മാവിനെ അശുദ്ധമാക്കിയേക്കാവുന്നവ നമ്മിലേക്കു പ്രവേശിക്കുന്നത്. ആക യാൽ പഞ്ചേന്ദ്രിയങ്ങളെ നല്ലവണ്ണം കാർക്കുക. ദൈവത്തിനിഷ്ട മില്ലാത്ത യാതൊന്നിനെയും ഉള്ളിൽ പ്രവേശിപ്പിക്കരുത്. വല്ലവരും കടന്നുകൂടിയിട്ടുണ്ടെങ്കിൽ അവരെ നശിപ്പിക്കാനുള്ള മാർഗ്ഗം അവരെ മറന്നുകളയുകയാണ്. അവ ജീവിക്കുന്നതു നമ്മുടെ ഓർമ്മ ശക്തിയിലാണ്. അകയാൽ വീണ്ടും ഓർക്കാതെയും ചിന്തി ക്കാതെയും മുഴുവനായി മറക്കുക. ഇനി ദൈവം മാത്രം നമ്മുടെ ചിന്താവിഷയം. മറ്റു വല്ലതും ഓർക്കുന്നെങ്കിൽ അതു ദൈവഇഷ്ട ത്തിനു കീഴ്പെട്ടുകൊണ്ട് മാത്രം, ദൈവത്തെപ്രതി മാത്രം. ആവശ്യ മില്ലാത്തതും ഉപകാരമില്ലാത്തതുമായവയെക്കുറിച്ച് ചിന്തിച്ചോ സംസാരിച്ചോ സമയം കളയരുത്. ഇടയ്ക്കിടയ്ക്ക് ദൈവത്തെ ഓർക്കുക, ദൈവത്തോടു സംസാരിക്കുക, മറ്റുള്ളവരിലും ദൈവത്തെ കാണുക. മൂത്തവർക്കും അച്ചന്മാർക്കും നാം സ്തുതി പറയുമ്പോൾ അവരിലുള്ള ദൈവത്തെയാകുന്നു സ്തുതിക്കുന്നത്. മാമോദീസ മുങ്ങിയ കൊച്ചുകുട്ടികളിൽ ദൈവം തീർച്ചയായിട്ടും ഉണ്ട്. ജോസ് പോളിനെ എടുക്കുമ്പോൾ ഇത് ഓർക്കുമല്ലോ...

എനിക്കു സുഖമാണ്.

എന്ന്

പ്രിയ സഹോദരൻ

ക.നി.മൂ.സ. തിരുക്കു. ഡൺസ്റ്റൺ

N.B. ഇനി എനിക്ക് എഴുതുമ്പോഴെല്ലാം ഇതിൽ പറഞ്ഞത് എങ്ങിനെ അഭ്യസിക്കുന്നെന്ന് പറയണം. ഇതു കളയരുത്. അമ്മയ്ക്കും ശേഷമെല്ലാവർക്കുംവേണ്ടി പ്രാർത്ഥിക്കുന്നുണ്ട്. പാലായിലെ കൊച്ചു മറിയത്തിന്റെ എഴുത്ത് കിട്ടി. പ്രാർത്ഥിക്കുന്നുണ്ട്. എനിക്കുവേണ്ടി പ്രാർത്ഥിപ്പിൻ. ചെത്തിപ്പുഴയ്ക്കു സ്ഥലം മാറിപ്പോകുകയാണ്.

## 5.3. സഹോദരി കൊച്ചുത്രേസ്യക്ക് എഴുതിയ കത്ത്

അയിരൂർ
10-8-52

+

J.M.J.T.

പ്രിയ കൊച്ചുത്രേസ്യ,

അയച്ചിരുന്ന എഴുത്തുകൾ കിട്ടി. ഒടുവിലത്തേതിന് ഉടനെ മറുപടി അയയ്ക്കാൻ വിചാരിച്ചതാണ്. ഏതായാലും നീ “ഇപ്പോൾ അവയെല്ലം ഒരു ഭാഗത്തേയ്ക്കു തൽക്കാലം നീക്കിവെച്ചിരിക്കയാണ്” എന്ന് എഴുതിയിരിക്കുന്നതുകൊണ്ടു മറുപടിയെഴുതാൻ എളുപ്പമുണ്ട്. ഞാനിപ്പോൾ അവയൊന്നും ഇളക്കുന്നില്ല. തൽകാലം തുടങ്ങിയിരിക്കുന്നതു പൂർത്തിയാക്കുക. ദൈവേഷ്ടം അറിയുന്നതിനു നമുക്കു തുടർന്ന് പ്രാർത്ഥിക്കാം. ദൈവേഷ്ടം സ്പഷ്ടമായി അറിയുന്നതിനുമുമ്പെ നിന്നെ ഒരു ജീവിതാന്തസിൽ പ്രവേശിക്കുന്നതിനു ഞാൻ നിർബന്ധിക്കുകയില്ല. സന്തോഷത്തോടെ പ്രവേശിക്കുന്നവർക്കുതന്നെ കാലക്രമത്തിൽ അതു ദുസ്സഹമായി തോന്നുന്നെങ്കിൽ മറ്റുള്ളവരുടെ കാര്യം പറയണമൊ? അതുകൊണ്ട് നമ്മുടെ ഇഷ്ടാനിഷ്ടങ്ങളെക്കാൾ ദൈവത്തിന്റെ ഇഷ്ടത്തിനു മുൻഗണന കൊടുക്കുക. ദൈവഇഷ്ടത്തേക്കാൾ നല്ലതു നമുക്കു മറ്റൊന്നുമില്ല. അത് എന്തുതന്നെയായി നമുക്കു പ്രത്യക്ഷപ്പെട്ടാലും അതിനു വഴിപ്പെടുക, അതു ആഗ്രഹിക്കുക. ദൈവം നമ്മെ ശക്തിപ്പെടുത്തും.

ഉയിർപ്പു തിരുനാൾ കഴിയട്ടെ, എന്നല്ലാതെ ഉയിർപ്പുതിരുനാൾ കഴിഞ്ഞു അങ്ങോട്ടുവരാമെന്ന് ഞാൻ എഴുതിയിരുന്നില്ല. ശരിയായ മറുപടി പറയാൻ ഒരു അവധി വെച്ചു എന്നല്ലാതെ, വരുമെന്നോ ഇല്ലെന്നോ ഒന്നും പറഞ്ഞില്ലായിരുന്നു. അതിനകം പെ. ബ. ജനറാളച്ചനെ കാണാമെന്ന പ്രതീക്ഷയിലാണ് അപ്രകാരം എഴുതിയത്. ഇതുവരെ കാണാൻ ഒത്തില്ല. സൗകര്യമുള്ള സമയത്തു ജനറാളച്ചൻ അനുവദിക്കുമെങ്കിൽ ഒന്നങ്ങോട്ടു വരാമെന്നുണ്ട്. ഈ ഭാഗം ജ്യേഷ്ഠനെ വായിച്ചുകേൾപ്പിക്കണം.

ജ്യേഷ്ഠന്റെ വയറ്റിലെ അസുഖം സാരമില്ലെന്നും ഇതിനകം മാറിക്കാണും എന്നും പ്രതീക്ഷിക്കുന്നു. പ്രത്യേകം പ്രാർത്ഥിക്കുന്നുണ്ട്. എല്ലാവരേയും എടുത്തെടുത്ത് പറയുന്നില്ല. മറ്റത്തിലെ അമ്മായിയുടെ സുഖസ്ഥിതി പ്രത്യേകം അന്വേഷിക്കുന്നതായി പറയണമെ. ഏതെങ്കിലും കൂടുതൽ അസുഖം കാണുന്നെങ്കിൽ ഉടനെ എന്നെ അറിയിക്കണം. എനിക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കണമെ.

എന്ന്
സ്വന്തം സഹോദരൻ

ക.നി.മൂസ. തിരുക്കു. ഡൺസ്റ്റൺ

P.S. ഇട്ടൂപ്പ് കൊച്ചാപ്പുവിനെ മറന്നിട്ടല്ല എഴുത്തുകൾ അയക്കാത്തതെന്നു അവനോടു പറയുക.

### 5.4. സഹോദരി കൊച്ചുത്രേസ്യക്ക് എഴുതിയ കത്ത്

St. Teresa's Monastery
Carmelite Novitiate
Mala P.O. S.India

+
J.M.J.T.

അമ്പഴക്കാട്
2-6-1953

പ്രിയ കൊച്ചുത്രേസ്യ,

നിന്റെ എഴുത്തു കിട്ടി. വരുന്ന കാര്യം ഇപ്പോൾ ഒന്നും പറയുന്നില്ല. ഇത്രയും അടുത്തുവന്നതുകൊണ്ട് തമ്മിൽ കാണുന്നതിനു കുറച്ചുകൂടെ എളുപ്പമുണ്ടല്ലോ.

നിന്റെ കാര്യത്തെക്കുറിച്ചു ഞാൻ ഒന്നും പറയുന്നില്ല. ഞാൻ ആ കാര്യം ദൈവഹിതംപോലെ നിറവേറട്ടെ എന്നുവെച്ച് സമാധാനപ്പെടുകയാണ്. ദൈവത്തിൽ ആശ്രയിക്കുക, ദൈവതിരുമനസ്സോടുകൂടി യോജിച്ചു സമാധാനം കണ്ടെത്തുവാൻ പഠിക്കുന്നവർക്കു മാത്രമെ എവിടെയായാലും യഥാർത്ഥ സമാധാനം അനുഭവിക്കുവാൻ സാധിക്കുകയുള്ളു. സ്ഥലമാഹാത്മ്യവും ജീവിതസ്ഥിതിയുടെ മേന്മയും വലിയ കഥയുള്ള കാര്യങ്ങളല്ല. ദൈവം ആഗ്രഹിക്കുന്ന സ്ഥലത്തും വിധത്തിലും ജീവിക്കുക എന്നതാണ് കാര്യമായിട്ടുള്ളത്. ദൈവഹിതമെന്നു നമുക്കു തോന്നുന്നവ ചെയ്യുവാൻ പരിശ്രമിച്ചുകൊണ്ടിരിക്കുക. ദിവ്യമണവാളന്റെ വിളി കേൾക്കുന്നതുപോലെ നിനക്കു തോന്നി. ഉടനെ ഉത്തരം നൽകാൻ നിനക്കു കഴിഞ്ഞില്ല. നീ ആലോചിച്ചു. ചുറ്റും നോക്കി. നീ പുറപ്പെട്ടു. പക്ഷെ മണവറയുടെ വാതുക്കൽ വന്നപ്പോൾ അത് അടയ്ക്കപ്പെട്ടിരിക്കുന്നതായിട്ടാണ് നീ കാണുന്നത്. ഖേദിക്കേണ്ട. വാതിൽ തുറക്കപ്പെടുന്ന സമയം നോക്കിക്കൊണ്ടു നിൽക്കുക. തുറക്കപ്പെടുമ്പോൾ തന്റെ കണ്ണുകൾക്കു നീ പ്രിയപ്പെട്ടവളായിത്തീരത്തക്കവണ്ണം അവിടെ നിന്നുതന്നെ ഒരുങ്ങുക. ഒരു പക്ഷെ ഇഹത്തിലെ ഈ താൽക്കാലിക മണവറ നിനക്കായി ഒരിക്കലും തുറക്കപ്പെടുകയില്ലായിരിക്കാം. അവസാന

വിനാഴികയും സമാധാനത്തോടും പ്രത്യാശയോടും കൂടി കടത്തി വിടണം. ഈ കാത്തുനിൽപു വ്യർഥയാകുകയില്ല. നിത്യമണവറ തുറക്കപ്പെടുമ്പോൾ ദിവ്യമണവാളനോടുകൂടി നീയുണ്ടായിരിക്കും.

ദൈവം നിന്നോടുകൂടെയുണ്ട്. നാം ഓരോരുത്തരും ദൈവത്തിന്റെ നിത്യഭവനങ്ങളാകണം. നമ്മിൽ വസിക്കുന്ന ദൈവത്തെ നാം വേണ്ടവിധം സൽകരിക്കണം. സകല കാര്യങ്ങളിലും തന്നോട് ആലോചന ചോദിക്കുക. നിനക്കു വളരെയധികം പഠിയ്ക്കേണ്ടതായിട്ടുണ്ട് എന്നാണു ഞാൻ വിചാരിക്കുന്നത്. നിന്നിൽ വസിക്കുന്ന ദൈവത്തിന്റെ സ്വരത്തിനു നീ ചെവികൊടുത്തു ശ്രദ്ധിക്കുക. നീ നല്ലവളാകുവാൻ പരിശ്രമിക്കുന്നെങ്കിൽ, ദൈവഹിതത്തിനു നിന്നെത്തന്നെ നീ സമർപ്പിക്കുന്നെങ്കിൽ നീ വഴിയായി പല കാര്യങ്ങളും ദൈവം പ്രവർത്തിക്കും. ദൈവത്തിന്റെ സന്ദർശനം പാർത്തിരിക്കുക.

എനിക്ക് ഒരുവിധം സുഖമാണ്. ഇവിടെ വന്നിട്ട് രണ്ടാഴ്ചയായി. ബ. അബ്ദിയാസച്ചനെ ഇവിടെ വെച്ചു കണ്ടു. അദ്ദേഹത്തിൽ നിന്നു കുറെ വർത്തമാനങ്ങൾ അറിഞ്ഞു. എല്ലാവരുടെയും പേരെടുത്തു പറഞ്ഞ് ഞാൻ ഓർക്കുന്നുണ്ടെന്നു കാണിക്കുന്നില്ല. എല്ലാവർക്കുംവേണ്ടി ഞാൻ പ്രാർത്ഥിക്കുന്നു. കാഞ്ഞാണിയിലെ വർത്തമാനങ്ങൾ അറിഞ്ഞിടത്തോളം ഖേദകരമാണ്. അവിടെ വരുമ്പോൾ എല്ലായിടത്തേയും കാര്യങ്ങൾ അറിയാമെന്നു വിചാരിക്കുന്നു.

ജ്യേഷ്ഠന്റെ പനി മാറുന്നതിനായി പ്രത്യേകം പ്രാർത്ഥിക്കുന്നു. ജോസ് പോളിനും മേരിക്കും ഓരോ പടങ്ങൾ ഇതോടെ അയയ്ക്കുന്നു.

എന്ന്
സ്വന്തം സഹോദരൻ

(ക.നി.മൂ.സ. തിരുക്കു. ഡൺസ്റ്റൺ)

## 5.5. സഹോദരി കൊച്ചുത്രേസ്യക്ക് എഴുതിയ കത്ത്

വരന്തരപ്പിള്ളി
16-3-1959

+

J.M.J.T.

പ്രിയ കൊച്ചുത്രേസ്യ,

അയച്ചിരുന്ന എഴുത്തു കിട്ടി. ഇപ്പോഴെ ഞാൻ അതു കണ്ടുള്ളു. ഉടനെ മറുപടിയെഴുതിയില്ലെങ്കിൽ പിന്നെ എഴുതുവാൻ വിഷമമാണെന്നറിയാവുന്നതുകൊണ്ട് എഴുതുകയാണ്. എല്ലാ വിവരങ്ങളും എന്നെ അറിയിച്ചതിനു പ്രത്യേകം നന്ദി പറയുന്നു. കൊച്ചുമേരി എഴുതി. ഇന്ന് അവൾക്ക് ഒരു മറുപടി എഴുതിയിട്ടുണ്ട്. മറ്റത്തിലേക്കു ഉടനെ പോകാൻ ശ്രമിക്കും.

ലോകജീവിതം സ്വർഗ്ഗീയ ജീവിതത്തിനുള്ള ഒരുക്കമാണല്ലോ. ലൗകികമായ വ്യാമോഹങ്ങളിൽനിന്നു മനസ്സിനെ അകറ്റി ദൈവത്തിലും ദൈവികകാര്യങ്ങളിലും സന്തോഷം കണ്ടെത്തുവാൻ അതിനെ പഠിപ്പിക്കുന്നവർ എത്ര ഭാഗ്യവാന്മാർ. ശാശ്വതമായ സമാധാനവും സംതൃപ്തിയും നമ്മുടെ പിതാവായ ദൈവത്തിലേ നാം കണ്ടെത്തുകയുള്ളു. ദൈവത്തെപ്രതി ആശകളെ അടക്കി ജീവിക്കുന്നവർക്ക് ഏതു വിഷമഘട്ടങ്ങളെയും തരണംചെയ്യുന്നതിനുള്ള ശക്തി ദൈവം കൊടുക്കാതിരിക്കുകയില്ല. ഒരു കുഞ്ഞിനെപ്പോലെ ദൈവത്തിൽ വിശ്വസിക്കുകയും ശരണം വെക്കുകയും ചെയ്യുക. മറ്റെവിടെയെങ്കിലും നാം ആശ്രയിക്കുന്നതു ഭോഷത്വമാണ്. മാറ്റമില്ലാത്തവൻ ദൈവം മാത്രമാണ്. ജീവിതത്തിലെ നിന്റെ ഏക ആശ ഒരു വിശുദ്ധയാകണം എന്നാകട്ടെ. ഇപ്പോൾ തുടങ്ങിയാലും മതി. നമ്മുടെ ഏത് അപരാധങ്ങളും ക്ഷമിച്ച് നമ്മെ മുന്നോട്ടു നയിപ്പാൻ എപ്പോഴും ദൈവം ഒരുങ്ങിയിരിക്കുന്നു. നാം മനസ്തപിച്ച്, നല്ല പ്രതിജ്ഞയോടുകൂടി ഒരുങ്ങി അടുത്താൽ മതി.

ഇവിടെ എല്ലാവർക്കും ഒരു വിധം സുഖമാണ്. നിന്റെ ത്യാഗങ്ങൾ എന്റെ കുട്ടികൾക്കുവേണ്ടി കാഴ്ച വെച്ചാൽ കൊള്ളാം. ഇവർ നല്ല വൈദികരാകുന്നതിനു നിന്റെ പ്രാർത്ഥനകൊണ്ടും ത്യാഗം കൊണ്ടും സഹായിക്കുമെങ്കിൽ അവരുടെ സത്പ്രവൃത്തികളിൽ നിനക്കും പങ്കുണ്ടാകും.

എന്ന്
പ്രിയ സഹോദരൻ

ക.നി.മൂ.സ. തിരുക്കു. ഡൺസ്റ്റൺ

## 5.6. സഹോദരി കൊച്ചുത്രേസ്യക്ക് എഴുതിയ കത്ത്

വരന്തരപ്പിള്ളി
17-2-1961

+
J.M.J.T.

പ്രിയ കൊച്ചുത്രേസ്യ,

പെ. ബ. പ്രിയോരച്ചനു നീ എഴുതിയ എഴുത്തിലെ ആശയം ഞാനും അറിഞ്ഞു. ഞാൻ നിങ്ങളുടെ കാര്യത്തിൽ അധികം ഇടപെടുന്നില്ല. ഞാൻ ഇടപെട്ടാൽ വലിയ ഫലവുമില്ല. നമുക്ക് എവിടെ ആയാലും സഹിക്കാനുണ്ടാകും. നിനക്കു പരിചയമുള്ള പല സ്ത്രീകളുടേയും സങ്കടങ്ങളായ ചരിത്രങ്ങൾ നീ കേട്ടിട്ടില്ലേ. ഓരോരുത്തരുടേയും വ്യത്യസ്തങ്ങളായിരിക്കാം. പക്ഷേ അധികം പേർക്കും വളരെ സഹിക്കാനുണ്ടായിരിക്കും. നാം സ്നേഹിക്കുന്നവർ സഹിക്കുന്നതു കാണുന്നതാണു നാം തന്നെ സഹിക്കുന്നതിനേക്കാൾ വിഷമമെന്നു ചിലർ പറഞ്ഞുകേട്ടിട്ടുണ്ട്. നമ്മളെക്കാൾ കൂടുതൽ സഹിക്കുന്നവരെ നാം കാണുമ്പോൾ നമ്മുടേതു നിസ്സാരമായി നമുക്കു തോന്നും. ലൗകികസുഖങ്ങളിൽ നമ്മളെക്കാൾ താണവരെ നാം നോക്കിക്കൊണ്ടിരിക്കുകയാണു നമുക്കു നല്ലത്. എന്നാൽ പുണ്യസമ്പാദനത്തിൽ, ദൈവസ്നേഹത്തിൽ നമ്മെക്കാൾ വളരെ ഉയർന്നവരെ നാം നോക്കികൊണ്ടിരുന്നാൽ നാം നിഗളിക്കുകയില്ല. നമ്മുടെ അൽപത്വം മനസ്സിലാക്കി കൂടുതൽ പരിശ്രമിക്കുന്നതിന് അതു പ്രേരകമാകും. എല്ലാത്തിലും അവയെ നമുക്കു പ്രദാനം ചെയ്യുന്ന ആ നല്ല പിതാവിനെ ഓർക്കുക. നന്ദി പറയുകയും ചെയ്യുക. നമ്മുടെ ശക്തിയിൽ കവിഞ്ഞു നല്ല ദൈവം നമ്മെ പരീക്ഷിക്കുകയില്ല. പ്രാർത്ഥിച്ചാൽ ശക്തി തരും.

എന്ന്
പ്രിയ സഹോദരൻ

Dunstan CMI

## 5.7. സഹോദരി കൊച്ചുത്രേസ്യക്ക് എഴുതിയ കത്ത്

Merry Christmas
and
Happy New year

പാക്കുളം
23-12-1975

പ്രിയ കൊച്ചുത്രേസ്യ,

ക്രിസ്തുമസ്സ് കാർഡും എഴുത്തും കിട്ടി. അതിനുമുമ്പുതന്നെ പല പ്രാവശ്യം നിനക്ക് ഒരെഴുത്ത് എഴുതാൻ ഒരുങ്ങിയിരുന്നതാണ്. മേൽവിലാസം കണ്ട് കിട്ടായ്കയാൽ താമസിച്ചതാണ്.

കിണറ്റിൽ വീണതിന്റെ വിഷമങ്ങളെല്ലാം മാറി. ഇരുപതു ദിവസം കഴിഞ്ഞപ്പോഴേക്കും വേദനയെല്ലാം തീർത്തുമാറി. വലിയ വേദനയും ഉണ്ടായിരുന്നില്ല. കിടക്കാൻ ആവശ്യപ്പെട്ടില്ല. വീണതിന്റെ പിറ്റേദിവസം തൊട്ട് ദീർഘയാത്രകൾ തന്നെയായിരുന്നു.

ഒരച്ചൻ കുറച്ചുമുമ്പ് കൂടെയുണ്ടായിരുന്നു. ഇപ്പോൾ മൂന്നുനാലു മാസമായിട്ട് ആരുമില്ല. രണ്ട് വേലക്കാർ പ്രായമായവരുണ്ട്. സ്കൂളിൽ പോയി പഠിക്കുന്ന അഞ്ചു കുട്ടികളും ഇവിടെയുണ്ട്.

കഴിഞ്ഞ മാസം വലിയച്ചനേയും താണ്ടമ്മ ഇളയമ്മയേയും കണ്ടു. അതിനു സ്വൽപം മുമ്പായി സ്തനിസ്ലാവോസ് ഇളയമ്മയേയും കണ്ടു. വലിയച്ചൻ കട്ടിലിൽ കിടക്കുകയും ഇരിക്കുകയും ചെയ്യുന്നു. നടക്കുന്നില്ല. വായിക്കാൻ അധികം പറ്റുന്നില്ലാത്തതുകൊണ്ട് സ്വൽപം വിഷമമുണ്ട്

പെങ്ങൾക്ക് ഒരു കാർഡ് വിട്ടിട്ടുണ്ടായിരുന്നു അതിൽ നിന്നെ വിവരം അറിയിക്കാൻ പറഞ്ഞിരുന്നെന്ന് തോന്നുന്നു. നീ ദൈവത്തിൽ സമാധാനം കണ്ടെത്തിയാൽ നന്നായി. നിലനിൽക്കുന്നവനും മാറ്റമില്ലാത്തവനും ദൈവത്തിൽ സമാധാനം കണ്ടെത്തിയാൽ നന്നായി. നിലനിൽക്കുന്നവനും മാറ്റമില്ലാത്തവനും ദൈവം മാത്രമെയുള്ളു. ആ ദൈവം ഏറ്റവും കൂടുതൽ നമ്മെ സ്നേഹിക്കുന്ന പിതാവുമാണ്. എന്തുതെറ്റ് നാം ചെയ്താലും മനസ്തപിച്ചാൽ പിതാവ് ക്ഷമിക്കും. പിന്നെ അത് ഒരിക്കലും പരിഗണിക്കുകയുമില്ല. അതുകൊണ്ട് ദൈവത്തിൽ വിശ്വാസവും ശരണവും അർപ്പിച്ചു

കൊണ്ട് സ്നേഹിക്കുക. നമുക്ക് സംഭവിക്കുന്നതെല്ലാം നമ്മുടെ നന്മയ്ക്കായി ദൈവം അനുവദിക്കുന്നതാണെന്നു വിശ്വസിക്കുക. നമുക്കു വിഷമമുള്ളവ മാറ്റാൻ ശ്രമിക്കാം. മാറ്റിത്തരാൻ പ്രാർത്ഥിക്കാം എന്നിട്ടും മാറാത്തവ ദൈവതിരുമനസ്സിനു വഴങ്ങി സഹിക്കാൻ സഹായിക്കണമെ എന്നു പ്രാർത്ഥിക്കാം.

എന്ന്
സ്നേഹപൂർവ്വം സ്വന്തം സഹോദരൻ

Dunstan CMI

## 5.8. സഹോദരി കൊച്ചുത്രേസ്യക്ക് എഴുതിയ കത്ത്

കൊഴിഞ്ഞാംപാറ

29-11-1986

+

J.M.J.T.

പ്രിയ കൊച്ചുത്രേസ്യ,

നിന്റെ എഴുത്ത് കിട്ടി. എനിക്ക് ഇങ്ങോട്ടു സ്ഥലമാറ്റമായി. ഇവിടെ വന്നിട്ടു രണ്ടാഴ്ചയായി. ഇവിടെ സെബാസ്റ്റ്യൻ ചിറ്റിലപ്പിള്ളി അച്ചൻ (ചിട്ടാട്ടുകരക്കാരൻ ഒരു കൊച്ചച്ചൻ) എന്റെ കൂടെയുണ്ട്. പ്രീഡിഗ്രിക്കു പഠിക്കുന്ന 18 കുട്ടികളും ഇവിടെയുണ്ട്. പാസ്സായാൽ (10 പേർ) അവർ സരവണംപട്ടിയിലേക്കു പോകും. രണ്ടാം കൊല്ല ക്കാർ 10 പേരുണ്ട്. മറ്റവർ എട്ടും. എനിക്കു സുഖമാണ്.

തൊഴക്കാവിലെ കുട്ടിയുടെ കാര്യം അടുത്തു കൂടുന്ന ദൈവ വിളി ക്യാമ്പിന്റെ അവസരത്തിൽ ആലോചിക്കും. അതിൽപിന്നെ ഒന്നും കൂടിയിട്ടില്ല. സി. കിത്തേരിയയ്ക്കുവേണ്ടിയും റോസ ചേച്ചിക്കുവേണ്ടിയും പ്രാർത്ഥിക്കുന്നു. അവരെ ഓർക്കുന്നുണ്ട്.

ഡിസംമ്പർ 27-ന് മറ്റത്തിൽ വരാമെന്ന് പ്രതീക്ഷിക്കുന്നു. എനിക്ക് എഴുത്ത് കിട്ടിയിട്ടുണ്ട്.

എന്റെ ജൂബിലി 89-ലാണ്. അബ്ദിയാസച്ചനുമായി സഭയിൽ ചേർന്നതിൽ 2 കൊല്ലത്തെ വ്യത്യാസമുണ്ട്. ക്ലാസിൽ ഒരു കൊല്ലത്തെ വ്യത്യാസം പട്ടത്തിലും ഒരു കൊല്ലത്തെ വ്യത്യാസം.

കുടയൊന്നും വേണ്ട. നീ ബുദ്ധിമുട്ടണ്ടാ. ചേട്ടന്റെ മക്കൾക്കും അവരുടെ ഭാര്യമാരും ഭർത്താക്കന്മാർക്കും മക്കൾക്കും വേണ്ടി പ്രാർ ത്ഥിക്കുന്നു. ഫിലോമിനയ്ക്കു പൂർണ്ണമായും സുഖമായില്ലെ. ജസ്റ്റിന്റെ അസുഖം തീർത്തുമാറിയെന്നു വിചാരിക്കുന്നു. ആലീസിനെ അവിടെ വരുമ്പോൾ കാണാമല്ലൊ. അവളെ മറന്നിട്ടില്ല എന്നു പറയണം. ദൈവം അവളെ അനുഗ്രഹിക്കുന്നുണ്ട്. അവളുടെ കൂടെയുണ്ട്. ധൈര്യമായിരിക്കട്ടെ.

എന്ന് സ്വന്തം സഹോദരൻ

Dunstan CMI

## 5.9. സഹോദരി കൊച്ചുത്രേസ്യക്ക് എഴുതിയ കത്ത്

ഈ എഴുത്തിന്റെ ആദ്യത്തെ രണ്ടു പുറങ്ങൾ ലഭിച്ചിട്ടില്ല. ഡൺസ്റ്റണച്ചൻ അനുജത്തി കൊച്ചുത്രേസ്യക്ക് എഴുതിയതായിരിക്കണം.

... കിണറ്റിൽ ചാടി മുങ്ങി ചാകാൻ പോകുന്നയാൾ മഴ നനയാതിരിക്കാൻ കുട അന്വേഷിച്ചു നേരം കളയുമോ; കാണാത്തതുകൊണ്ട് ആവലാധിപ്പെടുമോ; മരിക്കാൻ പോകുന്നവൻ മറ്റു വിഷമങ്ങൾ ഓർത്ത് ആധിപ്പെടുമോ?...

സഭയിൽ ചേരുന്നതു മരിക്കുന്നതിനാണെന്നു ഞാൻ പറഞ്ഞു. മരണം ജീവിതത്തിൽ അന്ത്യമാണല്ലോ. ഒരു സന്ന്യാസി മൂന്നുതരം ജീവിതത്തിന് അന്തം വരുത്തുന്നു. ലോകബഹുമാനവും സ്വന്ത മനസ്സും പാലിച്ചുകൊണ്ടുള്ള ഒരു ജീവിതം; ശരീരസുഖങ്ങൾ അനുഭവിച്ചുകൊണ്ടുള്ള ഒരു ജീവിതം; ലോകവസ്തുക്കൾ ആഗ്രഹിച്ചും അധീനത്തിൽ വെച്ചുകൊണ്ടുമുള്ള ജീവിതം; ഈ മൂന്നുതര ജീവിതത്തെ സംബന്ധിച്ചും ഒരു നല്ല സന്ന്യാസി മരിച്ചിരിക്കണം.

ഈശോ ഈ മൂന്നുതരജീവിതവും നമുക്കുവേണ്ടി കുരിശിൽ ബലികഴിച്ചു; പരിപൂർണ്ണമായി ബലികഴിച്ചു. കുരിശിൽ കിടക്കുന്ന കർത്താവിനെ നോക്കുക. കള്ളന്മാരിൽ വലിയ കള്ളനെപ്പോലെ സകലരുടെയും പരിഹാസവിഷയമായി തൂങ്ങിക്കിടക്കുന്നു. തനിക്ക് എന്തു ബഹുമാനം ശേഷിച്ചിരുന്നു? തലയിൽ മുൾമുടിയും കൈകാലുകളിൽ ആണിയും ശരീരം മുഴുവൻ ഏക വ്രണമെന്നോണം മുറിവുകളും ഉള്ളവനായി മരണവായു വലിക്കുന്ന തനിക്ക് എന്തു ശരീരസുഖം ശേഷിച്ചിട്ടുണ്ട്. തലചായിപ്പാൻപോലും സ്ഥലമില്ലാത്തവനായി സ്വന്ത ഉടുപ്പുകൾപോലും ഇല്ലാത്തവനായി കുരിശിൽ കിടക്കുന്ന കർത്താവിന്റെ ലോകവസ്തുക്കളിൽനിന്നുള്ള അകൽച്ച എത്ര വിസ്മയം! ഈ കർത്താവിനെപ്പോലെയാകാനാണ് ഒരാൾ സന്ന്യാസിയാകുന്നത്. അനുസരണത്തിന്റേയും കന്യാത്വത്തിന്റേയും ദാരിദ്ര്യത്തിന്റേയും വ്രതങ്ങൾവഴിയായി സ്വയം ദൈവത്തിനു സമർപ്പിക്കുന്നു. അങ്ങിനെ ദൈവത്തോട് ഐക്യപ്പെടുവാൻ ശ്രമിക്കുന്നു. ദൈവത്തെ പരിപൂർണ്ണ ഹൃദയത്തോടെ സ്നേഹിപ്പാനും ദൈവൈക്യത്തിൽ സദാ ജീവിപ്പാനും സന്ന്യാസത്തിൽ കൂടുതൽ സൗകര്യമുള്ളതുകൊണ്ടാണ് ഒരാൾ ലോകത്തെ ഉപേക്ഷിച്ചു സന്ന്യാസത്തിൽ പ്രവേശിക്കുന്നത്.

പ്രിയ സഹോദരീ, നിനക്ക് ഇപ്രകാരമുള്ള ഉന്നതങ്ങളായ ഉദ്ദേശ്യങ്ങളില്ലെങ്കിൽ നീ പോകേണ്ട. എന്തു സഹിക്കേണ്ടിവന്നാലും സന്ന്യാസത്തിൽ ജീവിച്ച് ഒരു പുണ്യവതിയാകണം. ഈശോയുടെ അനുസരണവും കന്യാവ്രതവും ദാരിദ്ര്യവും അനുകരിക്കണം എന്നു ള്ള ദൃഢനിശ്ചയമില്ലെങ്കിൽ പോയിട്ടാവശ്യമില്ല. ലോകജീവിതം വല്ലപ്രകാരവും കഴിച്ചുകൂട്ടണമല്ലോ എന്നു വിചാരിച്ചു നീ പോകേണ്ട. ഒരു പുണ്യവതിയാകണം എന്നുള്ള ആഗ്രഹം ഉണ്ടായിട്ടേ നീ പുറപ്പെടേണ്ടു. ആ ആഗ്രഹം ഇല്ലെങ്കിൽ അത് ഉണ്ടാകുവാൻ പ്രാർത്ഥിക്കുക. ദൈവം നിന്റെ പ്രാർത്ഥന കേൾക്കും. ദൈവത്തിനിഷ്ടമുണ്ടെങ്കിൽ ഇപ്പോൾ നീ സഹിക്കുന്നതിലും കൂടുതൽ സഹിപ്പാൻ ഒരുങ്ങിക്കൊണ്ടുവേണം പോകാൻ. പേടിക്കേണ്ട. അപേക്ഷിച്ചാൽ അതിനുള്ള ശക്തി ദൈവം തരും. ദൈവത്തിനു നീ ഏറ്റം പ്രിയപ്പെട്ടവളാകും. മനുഷ്യരെല്ലാം നിന്നെ മറന്നാലും നിനക്ക് എന്തു നഷ്ടം?

എന്ന്
സ്വന്തം സഹോദരൻ

ക.നി.മൂ.സ. തിരുക്കു. ഡൺസ്റ്റൺ

## 6. ജ്യേഷ്ഠപുത്രൻ ജോസ് പോളിന് എഴുതിയ കത്ത്

അമ്പഴക്കാട്

16-12-97

+

J.M.J.T.

എല്ലാവർക്കും നന്ദി. ക്രിസ്തുമസ് കാർഡ് കിട്ടി. എനിക്കു സുഖമാണ്. ജിൻസിന്റെ ക്രിസ്തുമസ് സന്ദേശവും കിട്ടി. അവിടെ എല്ലാവർക്കും സുഖമായിരിക്കുമല്ലോ. അമ്മയുടെ എഴുത്തും ക്രിസ്തുമസ് കാർഡും കിട്ടി. സ്താനിയുടെ വീട്ടിൽനിന്ന് കൊച്ചുത്രേസ്യയുടെയും ക്രിസ്തുമസ് കാർഡുകളും കിട്ടി.

നന്ദി പൂർവ്വം

സ്വന്തം ഇളയപ്പൻ

Dunstan CMI

## 7. ജ്യേഷ്ഠപുത്രൻ സ്റ്റനിസ്ലാവൂസിന് എഴുതിയ കത്തുകൾ

### 7.1. ജ്യേഷ്ഠപുത്രൻ സ്റ്റനിസ്ലാവൂസിന് എഴുതിയ കത്ത്

വരന്തരപ്പിള്ളി
20-9-1970

+
J.M.J.T.

പ്രിയ സ്താനി,

സ്നേഹപൂർവ്വം അയച്ച എഴുത്തിനു പ്രത്യേകം നന്ദി പറയുന്നു.

വീട്ടിൽവരുമ്പോൾ കാണാമെന്ന് വിചാരിക്കുന്നു. ഇംഗ്ലീഷ് കഴിയുന്നേടത്തോളം ധാരാളമായി സംസാരിക്കുകയും എഴുതുകയും ചെയ്യുക. നാണിച്ചും മടിച്ചും ഇരിക്കരുത്. ഇംഗ്ലീഷ് ധാരാളം വായിക്കുകയും വേണം, പത്രങ്ങളും മറ്റും.

എല്ലാവർക്കുംവേണ്ടി അപേക്ഷിക്കുന്നു. ഇന്ന് എന്റെ ധ്യാനം തുടങ്ങുകയാണ്. ഒരാഴ്ച കഴിഞ്ഞേ അവസാനിക്കുകയുള്ളു. ഞങ്ങൾക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കണമെ.

എന്ന്
സ്വന്തം ഇളയപ്പൻ

Dunstan CMI

## 7.2. ജ്യേഷ്ഠപുത്രൻ സ്റ്റനിസ്ലാവൂസിന് എഴുതിയ കത്ത്

Preshitha College
Saravanampatty

+
J.M.J.T.

പ്രിയ സ്തനിസ്ലാവൂസ്,

18-3-83 ലെ എഴുത്ത് കിട്ടിയെങ്കിലും മറുപടി ഇത്രയും താമസിച്ചതിൽ ആത്മാർത്ഥമായി ഖേദിക്കുന്നു.

അമ്മയുടെ ടെസ്റ്റ് കഴിഞ്ഞ് ഇപ്പോൾ എങ്ങനെയിരിക്കുന്നു. സുഖമായിരിക്കുന്നു എന്നു കരുതുന്നു. എല്ലാവരേയും ഓർത്ത് ഇപ്പോൾ പ്രാർത്ഥിക്കുന്നു. ജസ്റ്റിൻ ആത്മാർത്ഥമായി പരിശ്രമിച്ചു പാസാകുമെന്നു പ്രതീക്ഷിക്കുന്നു. ലിസിയുടെ പരീക്ഷകൾ കഴിഞ്ഞൊ? ഡെന്നീസിന്റെ പരീക്ഷ നന്നായിരിക്കുമല്ലൊ.

കുളത്തട്ട് (ആവശ്യപ്പെടുന്ന സ്ഥലം) എത്ര സെന്റുണ്ടാകുമെന്ന് എനിക്കറിഞ്ഞുകൂടാ. വിറ്റുപോകുമെങ്കിൽ നല്ലതാണ് എന്നു തോന്നുന്നു. എല്ലാവരുടേയും അഭിപ്രായം അറിഞ്ഞു തീരുമാനിക്കണം. കടങ്ങൾ എങ്ങിനെയിരിക്കുന്നു. അമ്മായിയുടെ കാര്യം ആലോചിക്കണം. തൃശൂർ അന്നായുമ്മയിലോ മറ്റോ സ്ഥിരമായി നിൽക്കുന്നതിന് എന്തുകൊടുക്കണമെന്ന് ആരെങ്കിലും അന്വേഷിച്ചോ?

ഭൂമിയുടെ സ്ഥലത്തെ ഇപ്പോഴത്തെ വില നോക്കിയിട്ട് നഷ്ടമില്ലാത്ത വിലയ്ക്ക് കൊടുക്കുക. അവർ 240-ന് വാങ്ങിച്ചെങ്കിൽ 250നും 300നും ഇടയ്ക്ക് ഒരു വില നിശ്ചയിച്ച് കൊടുക്കാമെന്നു തോന്നുന്നു. വീടടക്കമുള്ള (കിച്ചൻ കിണർ) സ്ഥലമാണ് അവർ പെരുക്കിന് 240-ന് വാങ്ങില്ലായെങ്കിൽ നമ്മുടെ കുളത്തട്ട് 240ൽ കൂടുതൽ വാങ്ങിക്കാൻ സാദ്ധ്യത കുറവാണ്. പെരുന്നാളിനു നിങ്ങൾ ഒന്നിച്ചുകൂടുമ്പോൾ ആലോചിച്ചു തീരുമാനിക്കുക. അമ്മായിയുടെ കാര്യം തീരുമാനിച്ചാൽ ബാക്കി കാര്യങ്ങൾ നിങ്ങളുടെ അച്ചന്മാരുമായി തീരുമാനിക്കാം. (ഞാൻ ഇനിയും ഇതിൽ ഇടപെടേണ്ട ആവശ്യമില്ല. എനിക്ക് ഈ വക കാര്യങ്ങളിൽ ഇടപെടുവാൻ മാനസികമായി

വളരെ വിഷമങ്ങളുണ്ട്. പണ്ട് പണ്ടേ ഈവക ബന്ധങ്ങളിൽ നിന്നെല്ലാം വിമുക്തമായി കഴിഞ്ഞുകൂടാൻ ദാഹിക്കുന്നവനാണ് ഞാൻ. മറ്റുള്ളവരുടെ നിർബന്ധംകൊണ്ട് ഇങ്ങനെ നിന്നെന്നേയുള്ളു.)

നിനക്കും ഡെയ്സിക്കും സുഖവും സമാധാനവും ആശംസിക്കുന്നു. ഈശോയുടെ തിരുഹൃദയത്തിൽ (ദൈവത്തിൽ) സർവ്വവും സമർപ്പിച്ചുകൊണ്ട് ആകുലചിന്തകൾ കൂടാതെ ജീവിക്കുവാൻ ഓരോ ദിവസവും കൂടുതൽ കൂടുതൽ പഠിക്കുവാൻ ശ്രമിക്കുക. സുവിശേഷം പതിവായി കുറേശെ വായിക്കുക. മറ്റു നല്ല ആദ്ധ്യാത്മിക ഗ്രന്ഥങ്ങളും വായിക്കുക. എനിക്കു വലതു കൈ പൊക്കാൻ കുറച്ച് വിഷമമുണ്ടെന്നതൊഴിച്ച് സുഖമാണ്.

എന്ന്
സ്വന്തം ഇളയപ്പൻ

Dunstan CMI

### 7.3. ജ്യേഷ്ഠപുത്രൻ സ്റ്റനിസ്ലാവൂസിന് എഴുതിയ കത്ത്

St. Joseph Bhavan
Palakulam, Tavalam P.O.
Attappadi, Mannarghat
8-11-85

+
J.M.J.T.

പ്രിയ സ്താനി,

അയച്ച മണി ഓഡറും (50.00) പിന്നീട് ഡെയിസിയുടെ പ്രസവം അറിയിച്ചുകൊണ്ടുള്ള എഴുത്തും കിട്ടി. എല്ലാത്തിനും നന്ദി. ദൈവത്തിനു സ്തുതി. ശാന്തമായി എല്ലാകാര്യങ്ങളിലും ദൈവത്തിൽ, സ്നേഹപിതാവിൽ ആശ്രയിച്ച്, ഉൽക്കണ്ഠകൾ അകറ്റി, ദൈവം തന്ന കുഞ്ഞിനെ ദൈവകരങ്ങളിൽനിന്നു സ്വീകരിച്ച്, അവിടുന്ന് ആഗ്രഹിക്കുന്ന തരത്തിൽ വളർത്തുവാൻ എല്ലാ തരത്തിലും തയ്യാറാകണമെന്ന് അവളോടു പറയുക. ജീവന്റെ നാഥനായ ദൈവത്തിനു പ്രിയപ്പെട്ട, വളരെ വിലപ്പെട്ട ഒരു കുഞ്ഞിനെയാണു ദൈവം നിങ്ങളെ ഏൽപിച്ചിരിക്കുന്നതെന്നു കുഞ്ഞിനെ കാണുമ്പോളെല്ലാം ഓർക്കുക. ദൈവസ്മരണക്ക് ഈ കുഞ്ഞു നിങ്ങൾക്കു സഹായകമാകട്ടെ. മാമോദീസ കഴിഞ്ഞെന്നു വിചാരിക്കുന്നു. നിഷ്കളങ്കമായ ആ കുഞ്ഞ് ഇപ്പോൾ ദൈവത്തിന്റെ സജീവമായ ആലയമാണെന്നു തീർച്ചയാണ്. കുഞ്ഞിനെ ചുംബിക്കുമ്പോൾ ഉള്ളിൽ വസിക്കുന്ന ദൈവത്തെ ഓർക്കുക.

ഞാൻ ഇവിടെ തൽക്കാലത്തേക്കു വന്നതാണ്. ഇവിടെ താമസിച്ചിരുന്ന ഞങ്ങളുടെ ഒരച്ചൻ, ബെന്നറ്റച്ചൻ, കഴിഞ്ഞ 26–ാം തീയതി ഹൃദ്രോഗം നിമിത്തം മരിച്ചു. ഇവിടെ വേറെ അച്ചന്മാരില്ല. ആരെങ്കിലും വന്ന് ചാർജ്ജ് എടുത്താൽ ഞാൻ പോകും. ഈ ദിവസങ്ങളിൽ ആരെങ്കിലും വരും. ഇവിടെ ഇപ്പോൾ ഒരു ചെറിയ പാരലൽ കോളേജ് ഉണ്ട്.

മരിച്ച അച്ചൻ ഈ നാട്ടുകാർക്കു പ്രിയപ്പെട്ടവനും ആരാധ്യനുമായിരുന്നു. എല്ലാ മതക്കാരെയും ജാതിക്കാരെയും ഒരുപോലെ സ്നേഹിച്ചിരുന്നതായി അവർക്ക് അനുഭവപ്പെട്ടു. അവരെല്ലാവരും അദ്ദേഹത്തിനു വേണ്ടി പ്രാർത്ഥിക്കുന്നു.

എനിക്കു സുഖമാണ്.ണ

എന്ന് Dunstan CMI

## 7.4. ജ്യേഷ്ഠപുത്രൻ സ്റ്റനിസ്ലാവൂസിന് എഴുതിയ കത്ത്

നിരവിൽപുഴ

27-10-1991

+

J.M.J.T.

പ്രിയ സ്തനിസ്ലാവൂസ്,

നിന്റെ എഴുത്തുകിട്ടി. ഈ നിമിഷംവരെ നിന്റെ എഴുത്തിന് അനുകൂലമായ ഒരു മറുപടി തരാൻ പറ്റാത്ത വിധത്തിലാണിരിക്കുന്നത്. അതുകൊണ്ട് എന്നെക്കൂടാതെ നിന്റെ വീടുകയറ്റം ഭംഗിയായി നടക്കട്ടെ. ദൈവം നിന്നേയും നിന്റെ കുടുംബത്തേയും ധാരാളമായി അനുഗ്രഹിക്കട്ടെ. ഒന്നാമതായി ഇറങ്ങുന്ന നിന്നെ ഹാർദമായി അനുമോദിക്കുന്നു. ഇത്രയും വേഗം തീർത്തത് നന്നായി.

ഇതു നിങ്ങൾക്ക് ഒരു പുതിയ അനുഭവമായിരിക്കും. ഈശോയുടെ തിരുഹൃദയത്തിന്റെ നല്ല ഒരു രൂപം കുടുംബപ്രതിഷ്ഠയ്ക്കായി ഒരുക്കി പ്രധാനസ്ഥലത്തു വെക്കണം. നിങ്ങൾ പ്രതിഷ്ഠയ്ക്കായി സ്വയം ഒരുങ്ങണം. വീടുവെഞ്ചിരിപ്പോടുകൂടി പ്രതിഷ്ഠയും നടത്താം. പ്രതിഷ്ഠയുടെ തീയതി പടത്തിനകത്ത് (ചില്ലിനകത്ത്) ഉചിതമായ സ്ഥലത്തു കാണത്തക്കവണ്ണം എഴുതിവെക്കുക. പ്രതിഷ്ഠയുടെ വാർഷികം ലളിതമായി ഘോഷിക്കുകയും ചെയ്യാം. കൂടുതൽ പ്രാർത്ഥിക്കുന്നതിനായി ഇനി സമയം ലഭിക്കുമെന്നു പ്രതീക്ഷിക്കുന്നു. ഒരു ചെറിയ ഭവനം, ചെറിയ കുടുംബം. വലിയ തിരക്കൊന്നുമുണ്ടാകില്ല. ദൈവത്തോടു കൂടുതൽ അടുക്കാൻ സാധിക്കും. അതനുസരിച്ച് മനുഷ്യരോടും ദൈവം ആഗ്രഹിക്കുന്ന തരത്തിൽ അടുക്കണം. ദൈവത്തോടും മനുഷ്യരോടും ധാരാളത കാണിക്കാൻ, ദൈവേഷ്ടം നോക്കി ഉചിതമായി പ്രവർത്തിക്കാൻ പ്രാർത്ഥനയിൽനിന്നു പഠിക്കണം.

ദൈവമൊഴിച്ച് ഒന്നിലും നമുക്ക് ആശ്രയിക്കാൻ നിവൃത്തിയില്ല. സമ്പത്തും സ്നേഹിതന്മാരും ശക്തിയും മറ്റു ഗുണങ്ങളും എല്ലാം നശ്വരങ്ങളാണ്. സർവ്വശക്തനും സർവ്വജ്ഞനും അളവില്ലാതെ നമ്മെ സ്നേഹിക്കുന്നവനുമായ ദൈവത്തിലല്ലാതെ മറ്റാരിൽ നാം ആശ്രയിക്കും? നമ്മുടെ ആവശ്യങ്ങൾ മറ്റാർക്കാണ് ദൈവത്തെ

പ്പോലെ അറിയുവാൻ കഴിയുക? നമ്മെ സഹായിക്കാൻ സർവ്വശക്ത നെപ്പോലെ ആർക്കു സാധിക്കും? മരണംവരെ ഏതു പാപിയേയും ദൈവം അളവില്ലാതെ സ്നേഹിക്കുന്നുണ്ട്. ഈ ദൈവത്തിന് നമ്മേയും നമുക്കുള്ള എല്ലാറ്റിനേയും സമർപ്പിക്കാം. ശാന്തമായി സമാധാനമായി ദൈവത്തോടൊത്തു ജീവിക്കാം. ദൈവത്തിൽ ആശ്രയിക്കാം. ദൈവേ ഷ്ടത്തിനു നമ്മെത്തന്നെ വിട്ടുകൊടുക്കാം.

ഇവിടെ സൗകര്യമുണ്ടാകുമെന്നു പ്രതീക്ഷയില്ല. സി. മാർസിൻ വന്നേക്കും. വരാൻ ആഗ്രഹമുണ്ട്. എന്നെ കുറെ ഉപദേശിച്ചു. എനിക്കു ബോദ്ധ്യമായില്ല. ഞാൻ പ്രാർത്ഥിക്കാം. ദൈവേഷ്ടമെന്നു ബോദ്ധ്യ പ്പെട്ടാൽ ഞാൻ വരാം. തൽക്കാലം എന്നെ ഉപേക്ഷിച്ചേക്ക്.

ചാക്കുണ്ണി അച്ചനേയോ മകൻ വർഗ്ഗീസച്ചനേയോ പ്രത്യേകം വരുത്തണം. അപ്പന്റെ വീട്ടുകാർ അപ്പന്റെ സ്ഥാനത്തില്ലാത്തതു കൊണ്ട് ആ പോരായ്മ അമ്മവീട്ടുകാർ നികത്തട്ടെ. ഇനിയും കുടുംബ ത്തിൽ നിന്ന് പുതിയ വീട്ടിലേക്ക് പ്രവേശിക്കാൻ വേറെ മൂന്നു പേരെങ്കിലും ഉണ്ടാകുമല്ലോ. ഈ ആദ്യത്തേത് മറ്റെല്ലാത്തിനും മാതൃകയാകത്തക്കവണ്ണം ലളിതമാകണം, ചെലവ് കുറയ്ക്കണം, മറ്റുള്ളവർക്കും ഒരുപോലെ അളക്കാൻ പറ്റിയ വിധത്തിലായിരി ക്കണം. എല്ലാവരുമായി ആലോചിച്ചു ചെയ്യുക.

അടുത്ത ജനുവരിയിൽ ആദ്യവാരത്തിലോ രണ്ടാമത്തെ വാര ത്തിലോ എറണാകുളത്തേയ്ക്കോ കോയമ്പത്തൂർക്കോ അല്ലെങ്കിൽ രണ്ടിടത്തേയ്ക്കോ യാത്രയുണ്ടാകാം. ആ അവസരത്തിൽ ഇതു പോലെ വല്ല ആവശ്യമുണ്ടായാൽ ചിലപ്പോൾ എനിക്കു വരാൻ പറ്റും.

ജോസ് പോളിനോടു പറഞ്ഞേക്ക്, ജനുവരിയിൽ ആവശ്യമുണ്ടാ കുമെങ്കിൽ അറിയിക്കാൻ. പിന്നെ ഏപ്രിലിലെ അവസരമുണ്ടാ കുകയുള്ളു.

എന്ന്
സ്വന്തം ഇളയപ്പൻ

Dunstan CMI

## 7.5. ജ്യേഷ്ഠപുത്രൻ സ്റ്റനിസ്ലാവൂസിന് എഴുതിയ കത്ത്

ശരവണംപെട്ടി

23–12–1996

പ്രിയ സ്താനി, ഡെയ്സി, ബ്ലെസ്സി, ജിനോ,

ക്രിസ്തുമസ് കാർഡ് അയച്ചതിനു പ്രത്യേകം നന്ദി. ഭാഗ്യം നിറഞ്ഞതും അനുഗൃഹീതവുമായ ഒരു പുതുവർഷം ദൈവം എനിക്കു നൽകുന്നതിനായി നിങ്ങൾ എനിക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കാമെന്ന് എഴുതിയിരിക്കുന്നത് (ഇംഗ്ലീഷിൽ അച്ചടിച്ചിരിക്കുന്നത്) എന്നെ വളരെ സന്തോഷിപ്പിക്കുന്നു. പ്രിയ ബ്ലെസ്സി, മറക്കരുതെ. അതിനു പുറമേ, ഭക്തിപൂർവ്വം ക്രിസ്തുമസിന്റെ അന്നുതൊട്ട് (25, 26, 27, 28, 29, 30, 31 ജനുവരി 1, 2) ഒമ്പതു ദിവസങ്ങൾ (നൊവേന) ജിനോക്കുവേണ്ടി വാഴ്ത്തപെട്ട കുരിയാക്കോസ് ഏലിയാസിനോടു നവനാൾ ജപം ചൊല്ലി പ്രാർത്ഥിക്കുക. 3–ാം തീയതി വാഴ്ത്തപ്പെട്ടവന്റെ മരണദിനവും തിരുസഭ അംഗീകരിച്ച തിരുനാളുമാണ്. അന്നേക്ക് ജിനോക്ക് എന്തെങ്കിലും പ്രത്യേക അനുഗ്രഹം ഉണ്ടാകണം എന്നാണ് നാം പ്രാർത്ഥിക്കേണ്ടത്. ഞാനും പ്രാർത്ഥിക്കും.

സ്നേഹപൂർവ്വം,

ഡൺസ്റ്റണച്ചൻ

### 7.6. ജ്യേഷ്ഠപുത്രൻ സ്റ്റനിസ്ലാവൂസിന് എഴുതിയ കത്ത്

അമ്പഴക്കാട്

21-12-97

സ്താനി, ഡെയ്സി, ബ്ലെസ്സി, ജിനോ,

നിങ്ങളയച്ച ക്രിസ്തുമസ് കാർഡ് കുറച്ചുമുമ്പ് കിട്ടി. പ്രത്യേകം നന്ദി. അവിടെ എല്ലാവർക്കും സുഖമെന്നു കരുതുന്നു. എനിക്കു സുഖമാണ്. അടുത്ത 26-ാം തീയതി ഞാൻ കോയമ്പത്തൂർക്കു പോയി ജനുവരിയിലെ മടങ്ങി വരികയുള്ളു. ജനുവരി 1-ാം തീയതി ഇരിങ്ങാലക്കുട കൊവേന്തയിൽ വച്ച് ഞങ്ങളുടെ 15 ശമ്മാശന്മാർക്കു പട്ടം കൊടുക്കുന്നുണ്ട്. സൗകര്യമുണ്ടെങ്കിൽ അവിടെ പോയിട്ടെ ഇങ്ങോട്ടു വരികയുള്ളു.

ഇവിടെ ബ. കനീസിയൂസച്ചൻ കിടപ്പു തന്നെയാണ്. എല്ലാ കാര്യങ്ങൾക്കും മറ്റുള്ളവരുടെ സഹായം ആവശ്യമാണ്. നടക്കാൻ സാധിക്കുകയില്ല. കൈകൊണ്ട് ഒന്നും ചെയ്യാൻ സാധിക്കുകയില്ല. വിരലുകൾ വഴങ്ങുന്നില്ല. ബ. യൂസ്തൂസച്ചന് 89 വയസും ഈ നാട്ടുകാരനായ ബ. തെയദോരച്ചന് 92 വയസും ആയിട്ടുണ്ടെങ്കിലും എല്ലാ ദിവസവും കുർബാന ചൊല്ലുന്നുണ്ട്. ഞങ്ങൾക്കെല്ലാവർക്കുംവേണ്ടി പ്രാർത്ഥിക്കണമെ.

നന്ദിപൂർവ്വം

ഇളയപ്പൻ

Dunstan CMI

## 7.7. ജ്യേഷ്ഠപുത്രൻ സ്റ്റനിസ്ലാവൂസിന് എഴുതിയ കത്ത്

പാലക്കാട്

3-4-2000

+

J.M.J.T.

പ്രിയ സ്താനി,

10.4.2000 ൽ ഡെയ്സിയുടെ ഓപ്പറേഷൻ ആണെന്നും പ്രത്യേകം പ്രാർത്ഥിക്കണമെന്നും എനിക്ക് എഴുതിയിരുന്നു. എഴുത്ത് എനിക്കു കിട്ടിയത് 18-4-2000-ൽ ആണ്. ഞാൻ പ്രാർത്ഥിച്ചിട്ടുണ്ട്. എങ്ങിനെ യിരിക്കുന്നു. മകന്റെ കാര്യവും എഴുതിയിരുന്നു. കുറച്ചെങ്കിലും ഭേദ മായൊ? തുടർന്നു പ്രാർത്ഥിക്കാം. ഞാൻ ശരവണംപട്ടിയിൽ നിന്നു 5-4-2000-ൽ ഇങ്ങോട്ടു പോന്നു. ഇവിടത്തെ ആശ്രമ അംഗമാണ്. ഒന്നരമാസം മുമ്പ് കട്ടിൽനിന്ന് ഒന്നുവീണു. സാരമായില്ല. കുർബാന ചൊല്ലാനൊന്നും തടസമുണ്ടായില്ല. 79 വയസ് കഴിഞ്ഞിരിക്കുന്നതു കൊണ്ട് ആരുടെയെങ്കിലും കൂടെ പോകാനെ അനുവദിക്കയുള്ളു.

ദിവസംപ്രതി 4 ഗുളികകൾ കഴിക്കുന്നുണ്ട്. ജൂലൈ മാസം പകുതി യായപ്പോൾ തുടങ്ങിയതാണ്. അടുത്ത് നിർത്താമെന്ന് പ്രതീക്ഷി ക്കുന്നു. വിഷമങ്ങളൊന്നും തോന്നുന്നില്ല. ഡോക്ടർമാരുടെ നിർദ്ദേശ പ്രകാരമാണ്.

സി. ലിസ്സി എന്ന് വരുമെന്നാണ് പറഞ്ഞിരിക്കുന്നത്? 14-ാം തീയതിലെ ഇടവകപ്പള്ളിയിലെ തിരുന്നാളിനുമുമ്പ് വരുമോ? അവൾ വരുമ്പോൾ കാണണമെന്നാഗ്രഹമുണ്ട്. പെരുന്നാളിനുമുമ്പ് വരു മെങ്കിൽ അറിയിക്കണം. അമ്മയോടു ചോദിച്ചുനോക്കുക. പെരുന്നാളി നുമുമ്പ് വരികയില്ലെങ്കിൽ വന്നുകഴിഞ്ഞ് എന്നെ അറിയിച്ചാൽ മതി.

എല്ലാവർക്കുംവേണ്ടി പ്രാർത്ഥിക്കുന്നു. എനിക്കുവേണ്ടിയും പ്രാർത്ഥിക്കുക.

എന്ന് മിശിഹായിൽ നിങ്ങളുടെ ഇളയപ്പൻ

Dunstan CMI

P.S. ഈ എഴുത്തിന്റെ മുക്കാൽ ഭാഗവും എഴുതി കഴിഞ്ഞിട്ടാണ് ഞാൻ ഫോണിൽ കൂടി സംസാരിച്ചത്..

## 8. ജ്യേഷ്ഠപുത്രൻ ജസ്റ്റിന് എഴുതിയ കത്തുകൾ
## 8.1. ജ്യേഷ്ഠപുത്രൻ ജസ്റ്റിന് എഴുതിയ കത്ത്

അമ്പഴക്കാട്
8 -11-79

+
J.M.J.T.

പ്രിയ ജസ്റ്റിൻ,

നിന്റെ എഴുത്ത് കിട്ടിയെങ്കിലും ഉടനെ മറുപടി അയയ്ക്കാൻ കഴിഞ്ഞില്ല. ഒരാഴ്ച ഞാൻ മിക്കവാറും ഇവിടെ ഉണ്ടായിരുന്നില്ലെന്നു പറയാം. നീ കുർബാന കാണാനും പഠിക്കുവാനും ശ്രമിക്കുന്നുണ്ടെന്ന് കാണുന്നതിൽ സന്തോഷമുണ്ട്. എഴുന്നേൽക്കുന്നതിൽ കാണിക്കുന്ന അലസത അത്ര നല്ലതല്ല. അത് വേഗം ശരിപ്പെടുത്താൻ കഴിയുമെന്നു നീ എഴുതിയിരുന്നല്ലൊ. ഇപ്പോൾ വളരെ കണിശമായി എല്ലാ കാര്യങ്ങളും ചെയ്യുന്നുണ്ടായിരിക്കുമല്ലൊ. 15-ൽ 5 ദിവസമെ കുർബാനയ്ക്ക് പോകാൻ അവസരമുണ്ടായിരുന്നുള്ളു. പരീക്ഷ കഴിഞ്ഞിട്ടുള്ള ദിവസങ്ങളിൽ പോകാൻ തടസ്സമില്ലല്ലോ. പോകുന്നുണ്ടായിരിക്കുമെന്നു വിശ്വസിക്കുന്നു. കുർബാനയ്ക്ക് വന്നിട്ട് ഒരു മണിക്കൂർ നേരം പഠിക്കാനാണ് ഞാൻ പറഞ്ഞിരുന്നത്. ആറേമുക്കാൽ മുതൽ എട്ടുവരെ പഠിച്ചാൽ ഒന്നേകാൽ മണിക്കൂറായി. അപ്പോൾ ഞാൻ പറഞ്ഞതിനെതിരല്ല. കൂടുതൽ പഠിക്കാൻ ആവശ്യമുണ്ടെങ്കിൽ പഠിക്കേണ്ടത് നിന്റെ ചുമതലയാണ്. വേണ്ട സമയം നീ കണ്ടെത്തുകയും വേണം.

നീ കുർബാന എല്ലാ ദിവസവും കാണണമെന്ന് ഇനി ഞാൻ നിർബന്ധം പറയുന്നില്ല. അതു നല്ലതാണെന്നും പഠനത്തിനു തടസ്സമല്ലെന്നും നിനക്ക് ഇതിനകം ബോദ്ധ്യമായെങ്കിൽ മാത്രം എല്ലാ ദിവസവും പള്ളിയിൽ പോയാൽ മതി. ഞാൻ പറഞ്ഞതുകൊണ്ടു പോകേണ്ട. നിന്റെ ഭാവി ജീവിതത്തിനു ദൈവാനുഗ്രഹം ലഭിക്കേണ്ടതിന്, ദൈവത്തെ പ്രസാദിപ്പിക്കാൻ, നിനക്കും കുടുംബാംഗങ്ങൾക്കെല്ലാവർക്കുംവേണ്ടി പ്രാർത്ഥിക്കാൻ, എല്ലാദിവസവും ദിവ്യബലിയിൽ സംബന്ധിക്കുന്നതു നല്ലതാണ്. നമുക്കുവേണ്ടി ഈശോ സ്വയം ബലി അർപ്പിക്കുമ്പോൾ നമ്മിൽ കഴിവുള്ളവർ അതിൽ സംബന്ധിക്കേണ്ടെ? മടിയെ ജയിച്ചില്ലെങ്കിൽ നീ നല്ലവനാകുകയില്ല.

ദൈവം നമുക്കു തന്നിട്ടുള്ള കഴിവുകൾ നല്ലവണ്ണം ഉപയോഗിച്ചു നാം വേല ചെയ്യണമെന്ന് അവിടുന്ന് ആവശ്യപ്പെടുന്നു. ദൈവഹിതം നിറവേറ്റുന്നവനെ ദൈവം സ്നേഹിക്കുകയും സമ്മാനിക്കുകയും ചെയ്യും.

പരീക്ഷയിൽ പാസാകാൻമാത്രം വായിച്ചാൽ പോരാ. ഒരു നല്ല കത്തോലിക്കനായി ജീവിക്കാൻവേണ്ട അറിവു ലഭിക്കാൻ നല്ല പുസ്തകങ്ങൾ വായിക്കണം.

എനിക്ക് ഒരുവിധം സുഖമാണ്. മരിച്ചുപോയ ബ. മലാഖിയാസച്ചനുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കണം.

അവിടെ എല്ലാവർക്കും ഒരുവിധം സുഖമായിരിക്കുമല്ലോ.

എന്ന്
നിന്റെ പ്രിയ ഇളയപ്പൻ

Dunstan CMI

## 8.2. ജ്യേഷ്ഠപുത്രൻ ജസ്റ്റിന് എഴുതിയ കത്ത്

+

J.M.J.T.

ശരവണംപട്ടി

22-6-1985

പ്രിയ ജസ്റ്റിൻ,

നിന്റെ 19-5-85ലെ എഴുത്ത് കിട്ടി. ഡെന്നീസ് നിങ്ങളുടെ പരീക്ഷയെക്കുറിച്ച് എഴുതിയിരുന്നു. അവന്റെ എഴുത്ത് ആദ്യം വന്നു. അവന് മറുപടി അയച്ചപ്പോൾ പിന്നെ നിന്റെ എഴുത്തിന് ഉടനെ മറുപടി ആവശ്യമില്ലെന്നു തോന്നി. നിങ്ങൾക്കു രണ്ടു പേർക്കും വേണ്ടി പ്രാർത്ഥിച്ചു.

പള്ളിയിലെ തിരുനാളിനു കൊല്ലംതോറും ക്ഷണം കിട്ടാറുണ്ട്. മഠത്തിന്റെ ജൂബിലിക്കും ക്ഷണം കിട്ടി. എല്ലാത്തിനും ഇത്ര അകലെനിന്നു വരാൻ എളുപ്പമല്ലല്ലൊ. അന്തോണിയുടെ മരിച്ച ഭാര്യയ്ക്കു വേണ്ടി പ്രാർത്ഥിക്കുന്നു.

ഇന്ന് ലിസിയുടെ എഴുത്തു വന്നിരുന്നു. ക്ലാസ് ആരംഭിച്ചു. സുഖമാണ്. ഇന്നലെ സ്തനിസ്ലാവൂസ് ഇവിടെ വന്നിരുന്നു. എന്റെ വിവരങ്ങൾ അവൻ പറഞ്ഞുകാണുമല്ലൊ. എനിക്കു സുഖമാണ്. നിങ്ങളുടെ വിവരങ്ങളെല്ലാം അവനിൽനിന്ന് അറിഞ്ഞു.

നിന്റെ പത്താം ക്ലാസ്സ് പരീക്ഷയ്ക്കു മുമ്പാണു നാം തമ്മിൽ സംസാരിച്ചത്. ഇപ്പോൾ നീ ഇടദിവസങ്ങളിൽ പള്ളിയിൽ പോകുന്നുണ്ടോ? നിനക്കു സാധിക്കുമോ? നീ ദൈവത്തോട് എന്തുമാത്രം അടുത്തു പെരുമാറുന്നു? നീ ദൈവത്തെ സ്നേഹിക്കുന്നതിനെക്കാൾ കൂടുതൽ ഭയപ്പെടുകയാണോ? അതോ ദൈവത്തെ ഒട്ടും ഓർക്കുന്നില്ലേ? അല്ലെങ്കിൽ കാര്യമായി ഓർക്കുന്നില്ലേ? അല്ലെങ്കിൽ കുടെകൂടെ ഓർക്കുന്നുണ്ടോ?

ദൈവത്തെ കുറച്ചുകൂടെ അടുത്തടുത്ത് ഓർക്കാനും കുറച്ചു കുടെ കൂടുതൽ സ്നേഹിക്കാനും ആഗ്രഹമുണ്ടോ? സ്നേഹിക്കാൻ കടം ഉണ്ടോ? എന്തുകൊണ്ട്? ദൈവം നിന്നെ സ്നേഹിക്കുന്നുണ്ടോ?

ദൈവത്തിനു പ്രീതികരമായി നിനക്കിനിയും എന്തു ചെയ്യാൻ കഴിയും? നിന്നിൽനിന്നു ദൈവം എന്താണു പ്രത്യേകമായി ആവശ്യ

പ്പെടുന്നത് എന്നു പ്രാർത്ഥനാപൂർവം ചിന്തിച്ചുനോക്കുക. നീ ദൈവത്തോടു സംസാരിക്കാറുണ്ടോ? നിനക്ക് അതിനു ഭയമാണോ? താൽപര്യമാണോ? നിനക്ക് അതിന് എളുപ്പമുണ്ടോ? എനിക്കു നിന്നെ സഹായിക്കാൻ കഴിയുമോ? എങ്ങനെ എനിക്കു നിന്നെ സഹായിക്കാൻ കഴിയും?

ഈ എഴുത്തിലെ രണ്ടാം ഭാഗം ഒരു മാസത്തിനകം നാലു പ്രാവശ്യം വായിച്ച് ഓരോ പ്രാവശ്യവും ദൈവത്തിന്റെ മുമ്പാകെ പ്രാർത്ഥിച്ചുകൊണ്ട് ഉത്തരം പറയുക. ഓരോ പ്രാവശ്യത്തേയും ഉത്തരങ്ങൾ എഴുതിവയ്ക്കുക തീയതിവച്ച്. നാലാം പ്രാവശ്യവും എഴുതിയതിനുശേഷം നിനക്കിഷ്ടമെങ്കിൽ വിവരത്തിന് എനിക്കെഴുതുക.

എന്ന്

സ്വന്തം ഇളയപ്പൻ

Dunstan CMI

## 8.3. ജ്യേഷ്ഠപുത്രൻ ജസ്റ്റിന് എഴുതിയ കത്ത്

ശരവണംപട്ടി

17–10–87

+

J.M.J.T.

പ്രിയ ജസ്റ്റിൻ,

ഞാൻ ഇന്നലെ പൊള്ളാച്ചിയിൽനിന്ന് വന്നപ്പോൾ നിന്റെ എഴുത്തു കിട്ടി. 10–9–87ൽ നീ എഴുതിയ എഴുത്താണ്. ഞാൻ 13–ാം തീയതി ആണ് പൊള്ളാച്ചിക്കു പോയത്. അമ്മ അയച്ച എഴുത്തുകൾ അടുത്തെങ്ങും എനിക്കു കിട്ടിയതായി ഓർക്കുന്നില്ല.

മരണത്തെക്കുറിച്ചുള്ള ഓർമ്മ നല്ലതാണ്. അമിതമായി ഭയപ്പെട്ടിട്ടാവശ്യമില്ല. നന്നായി ജീവിക്കാൻ സഹായിക്കുന്നവിധം ഓർമ്മവരുന്നതു നല്ലതാണ്. ദൈവത്തെ സ്നേഹിക്കുകയും ദൈവത്തിന്റെ കരുണയിൽ ആശ്രയിക്കാൻ പഠിക്കുകയും ചെയ്യുമ്പോൾ ഭയം കുറയുകയും സ്നേഹം ശക്തിപ്പെടുകയും ചെയ്യും. ദൈവം നല്ല പിതാവാണ്. നാമും നന്നാകണം. കൂടുതൽ കൂടുതൽ നന്നാകാൻ ശ്രമിക്കണം. അങ്ങനെ കൂടുതൽ കൂടുതൽ ദൈവത്തെ സന്തോഷിപ്പിക്കുവാൻ ശ്രമിക്കണം.

പരീക്ഷയിൽ വിജയിക്കുന്നതിനുവേണ്ടി വേണ്ടതെല്ലാം ചെയ്യുവാൻ നിനക്കു മനസ്സും ശക്തിയും തരാൻ ദൈവത്തോടു പ്രാർത്ഥിക്കാം. കഴിവുള്ളതു ചെയ്തു ശാന്തമായിരിക്കുവാൻ പരിശ്രമിക്കുക. എല്ലാം നമ്മുടെ നന്മയ്ക്കായി പരിണമിക്കും. പരീക്ഷ ദിവസങ്ങളെല്ലാം അറിയിച്ചതിന് നന്ദി.

ലിസ്സിക്കു സുഖമാണെന്നു കണ്ടു വന്നവർ പറഞ്ഞറിഞ്ഞു. മേച്ചേരി അന്തോനിയച്ചൻ പോയിരുന്നു. ഞാൻ പോയില്ല. ആവശ്യപ്പെടുമ്പോൾ പോകാം. നവസന്ന്യാസം നന്നായി ദൈവത്തോടുകൂടി കഴിക്കട്ടെ.

എന്ന്, സ്നേഹപൂർവ്വം സ്വന്തം ഇളയപ്പൻ

Dunstan CMI

P.S. ഞാൻ അടുത്ത ഞായറാഴ്ച മുണ്ടൂർ പള്ളിയിൽ കാലത്തു പോകാൻ ഉദ്ദേശിക്കുന്നുണ്ട്.

## 8.4. ജ്യേഷ്ഠപുത്രൻ ജസ്റ്റിന് എഴുതിയ കത്ത്

ശരവണംപട്ടി

22-12-1996

പ്രിയ ജസ്റ്റിൻ, ലീമ,

നിങ്ങളുടെ ക്രിസ്തുമസ് കാർഡ് കിട്ടി. പ്രത്യേകം നന്ദി.

എനിക്കുവേണ്ടി പ്രാർത്ഥിക്കുന്നതുപോലെത്തന്നെ ചേട്ടന്മാരുടെയും ചേച്ചിമാരുടെയും കുടുംബങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുക. അതു ദൈവം നിങ്ങളുടെ പ്രാർത്ഥന സ്വീകരിക്കുന്നതിനു സഹായിക്കും.

അമ്മയ്ക്കുവേണ്ടിയും അമ്മായിക്കുവേണ്ടിയും അവരുടെ വയസ്സുകാലത്ത് ഉണ്ടാകാവുന്ന ശാരീരികവും മാനസികവുമായ ക്ലേശങ്ങൾ നന്നായി സഹിക്കുന്നതിനുവേണ്ട ശക്തി ലഭിക്കുന്നതിനുവേണ്ടിയും പ്രാർത്ഥിക്കുക. മറ്റുള്ളവരിൽനിന്നു നിങ്ങൾക്കുണ്ടാകാവുന്ന വിഷമങ്ങൾ ദൈവത്തെ ഓർത്ത് നന്നായി സഹിക്കുക. അത് അവർക്കും നിങ്ങൾക്കും ഉപകാരപ്പെടും.

നാം മറ്റുള്ളവരെ സഹായിക്കുമ്പോൾ ദൈവം ശാരീരികമായിട്ടല്ലെങ്കിലും ആത്മീകമായി നമ്മെ തീർച്ചയായും സഹായിക്കും. ദൈവേഷ്ടം നിങ്ങളിൽ പൂർണ്ണമായും നിറവേറട്ടെ. അതിനുവേണ്ടി പ്രാർത്ഥിക്കുക. നാം സ്വർഗത്തിലേക്കുള്ള യാത്രയിലാണ്.

സ്നേഹപൂർവ്വം

ഇളയപ്പൻ

Dunstan CMI

## 9. ഓർമ്മക്കുറിപ്പുകളിൽ ഉദ്ധരിക്കപ്പെട്ട കത്ത്

ആത്മീയപിതാവായ മലാഖിയാസ് കണ്ണനായ്ക്കലച്ചന്റെ നിർദ്ദേശമനുസരിച്ച് ഡൺസ്റ്റണച്ചൻ ഓർമ്മക്കുറിപ്പുകൾ എഴുതി. എഴുതുന്ന കത്തുകളിൽ ചിലത് ഓർമ്മക്കുറിപ്പുകളുടെ ഭാഗമാക്കണമെന്ന് ആത്മീയപിതാവ് പറഞ്ഞതനുസരിച്ച് 26-8-1943-ൽ എഴുതിയ കത്തിലെ പ്രസക്തഭാഗം അച്ചൻ പകർത്തി. തുടർന്ന് ഓർമ്മക്കുറിപ്പുകൾ അദ്ദേഹം എഴുതുന്നതായി കാണുന്നില്ല. മുത്തോലി സെന്റ് ജോൺ ഓഫ് ദ ക്രോസ് മൊണാസ്ട്രിയിൽ തത്വശാസ്ത്ര വിദ്യാർത്ഥിയായിരിക്കെ എഴുതിയ ഈ കത്ത് കാലക്രമമനുസരിച്ച് ആദ്യത്തെതാണ്. ആർക്ക് എഴുതിയതാണെന്നു വ്യക്തമല്ല.:

... ഇനി എന്നു കാണും എന്നു വിചാരിച്ചു വിഷമിക്കേണ്ട. ദൈവം തിരുമനസ്സാകുന്നെങ്കിൽ, ആർക്കറിയാം അടുത്തുതന്നെ കാണുവാൻ ഇടയാകുകയില്ലെന്ന്. എന്നാൽ ഇനി ഒരുനാളും കാണുവാൻ ഇടയാകുകയില്ലെങ്കിൽ അതു സഹിപ്പാനും പ്രാപ്തമാകത്തക്കവണ്ണം ഇപ്പോൾതന്നെ ശ്രമിക്കേണ്ടിയിരിക്കുന്നു. നമ്മുടെ മനസ്സിനു വിരോധമായി സംഭവിക്കുവാൻ പാടുള്ള സംഗതികളെ അവ സംഭവിക്കുന്നതിനു മുമ്പുതന്നെ മനസ്സിൽ വരുത്തി, ആ സന്ദർഭങ്ങളിൽ എങ്ങിനെ നാം മിക്കവാറും പെരുമാറുമെന്നും മറ്റും ചിന്തിക്കുന്നതു നല്ലതാണ്. അങ്ങിനെ നമുക്കു നമ്മുടെ മനസ്സിനെ ഒരുക്കുവാൻ സാധിക്കും. ആ വക സന്ദർഭങ്ങളിൽ നമുക്കാവശ്യമായിരിക്കുന്ന ദൈവസഹായം ലഭിക്കുന്നതിന് ഇപ്പോൾതന്നെ പ്രാർത്ഥിച്ചു തുടങ്ങാം. വരുവാൻ പാടുള്ള കഷ്ടപ്പാടുകളെ ഓർത്ത് ഇപ്പോൾതന്നെ ദുഃഖിച്ചും ഭയപ്പെട്ടും ജീവിക്കണമെന്നല്ല പറയുന്നത്. വരുവാൻ പാടുള്ളവ എല്ലായ്പോഴും വരണമെന്നില്ലല്ലൊ. വാസ്തവത്തിൽ സംഭവിക്കുകയില്ലാത്ത സംഗതികളെ ഓർത്ത് ഇപ്പോൾതന്നെ എന്തിനു ദുഃഖിക്കുന്നു. ചുരുക്കിപറഞ്ഞാൽ, എന്തു സഹിപ്പാനും ഒരുങ്ങിയിരിക്കണമെന്നു ഞാൻ പറയുന്നുള്ളു. നമുക്കുവേണ്ട ശക്തി ദൈവത്തിൽനിന്നു പ്രാപിക്കാം. നമുക്കു തീരെ അസാദ്ധ്യമായ സംഗതികളെ ദൈവം നമ്മിൽനിന്ന് ആവശ്യപ്പെടുകയില്ല...

ഭാഗം രണ്ട്

# പ്രാർത്ഥനകൾ[1]

1. എല്ലാ പ്രാർത്ഥനകളുടെയും ശീർഷകങ്ങൾ സമാഹർത്താവിന്റെതാണ്.

## 1. ഈശോ, ഞാൻ നിന്നെ സ്നേഹിക്കുന്നു!

സന്ന്യാസജീവിതത്തിനായി ഒരുങ്ങിയിരുന്ന അനുജത്തി കൊച്ചുത്രേസ്യയുടെ ഉപയോഗത്തിനായി ഡൺസ്റ്റണച്ചൻ "ഒരു പ്രാർത്ഥന"എന്ന ശീർഷകത്തിൽ പ്രാർത്ഥന എഴുതി തയ്യാറാക്കി; തുന്നിക്കെട്ടി ചെറിയൊരു പുസ്തകമാക്കി; കൊച്ചുത്രേസ്യക്ക് അയച്ചുകൊടുത്തു. പ്രസ്തുത പ്രാർത്ഥനയുടെ പ്രാരംഭ ഭാഗമാണിത്:

നല്ല ഈശോ ഞാൻ നിന്നെ സ്നേഹിക്കുന്നു. എന്റെ മുഴുവൻ ഹൃദയത്തോടും മുഴുവൻ ആത്മാവോടും സർവ്വശക്തിയോടുംകൂടെ നിന്നെ ഞാൻ സ്നേഹിക്കുന്നു.

നിന്നെ അധികമധികം സ്നേഹിപ്പാൻ എന്നെ സഹായിക്കണമെ. ഈശോ, എന്നെക്കാൾ കൂടുതലായി, ലോകത്തിലുള്ള ആരേയുംകാൾ അധികമായി, ലോകത്തിലുള്ള സർവ്വത്തേക്കാളും അധികമായി നിന്നെ ഞാൻ സ്നേഹിക്കട്ടെ.

സർവ്വത്തിന്റെയും നാഥാ, നിന്നെ ഞാൻ താണുവീണ് ആരാധിക്കുന്നു. മാധുര്യവാനായ ഈശോ, ഞാൻ നിന്നെ സ്നേഹിക്കുന്നു; നിന്നെ വാഴ്ത്തുന്നു; സ്തുതിക്കുന്നു; നിനക്കു നന്ദി പറയുന്നു. നിന്നെ എപ്രകാരമാണ് സ്നേഹിയ്ക്കേണ്ടതെന്ന് ഓർക്കുമ്പോൾ എന്റെ സ്നേഹം എത്രയോ തണുത്തതും മന്ദഗുണമുള്ളതുമെന്നു ഞാൻ അറിയുന്നു. നിന്റെ നേരെയുള്ള സ്നേഹത്താൽ എന്റെ ഹൃദയത്തെ എരിയിക്കണമെ. നിന്റെ മാതാവ് നിന്നെ സ്നേഹിച്ചതുപോലെ സ്നേഹിപ്പാൻ ഞാൻ ആഗ്രഹിക്കുന്നു. നിന്റെ നേരെയുള്ള സ്നേഹത്തിൽ ലയിച്ച്, സർവ്വവും മറന്ന്, നിന്റെ സന്നിധിയിൽ സദാ വസിപ്പാൻ ഞാൻ ആഗ്രഹിക്കുന്നു. നിന്റെ മനസ്സുപോലെ എനിക്കു ഭവിക്കട്ടെ.

## 2. ഈശോ, നാം ഇരുവരും ഒന്നാകണം

ഡൺസ്റ്റണച്ചൻ "ഒരു പ്രാർത്ഥന" എന്ന ശീർഷകത്തിൽ അനുജത്തി കൊച്ചു ത്രേസ്യക്കുവേണ്ടി ഒരുക്കിയ ദീർഘമായ പ്രാർത്ഥനയുടെ പ്രാരംഭ ഭാഗത്തിനു ശേഷം വരുന്ന ഭാഗമാണിത്. പ്രാർത്ഥനയുടെ സവിശേഷതകൾ ആമുഖ മായും ചില നിർദ്ദേശങ്ങൾ പ്രാർത്ഥനയ്ക്കുശേഷവും അദ്ദേഹം സഹോദരിക്കു നൽകുന്നു:

"ചാവുദോഷം കൂടാതെ വരപ്രസാദത്തിൽ ഇരിക്കുന്ന ആത്മാവിൽ ദൈവം, പരി. ത്രിത്വം സദാ എഴുന്നെള്ളി വസിക്കുന്നു എന്ന സത്യത്തെ അടിസ്ഥാനമാക്കിയാണ് താഴെ പറയുന്ന ഭാഗം എഴുതിയിട്ടുള്ളത്. ഈ വിശ്വാസമനുസരിച്ചു ജീവിക്കാൻ ആഗ്രഹിക്കുന്നവർക്കുവേണ്ടി യാണ് പ്രധാനമായി ഈ പ്രാർത്ഥന ഉദ്ദേശിക്കുന്നത്. ആത്മാവിൽ വസി ക്കുന്ന ദൈവത്തെ സൽകരിക്കേണ്ടതും തന്നോടു സ്നേഹസംഭാ ഷണം നടത്തേണ്ടതും ഓരോരുത്തന്റെയും കടമയാണ്. അതു വിശുദ്ധി പ്രാപിപ്പാൻ വളരെ എളുപ്പമായ മാർഗ്ഗവുമാണ്.

ഈ പ്രാർത്ഥന ഒരു ഇംഗ്ലീഷു പുസ്തകം മുമ്പിൽവെച്ചു സ്വതന്ത്രമായി തർജ്ജമ ചെയ്തും ചില ഭാഗങ്ങൾ വിട്ടുകളഞ്ഞും ചിലതു കൂട്ടിച്ചേർത്തും എഴുതിയതാണ്. നല്ലതെന്നു തോന്നുന്നെ ങ്കിൽ ഉപയോഗിക്കാം. ആഴ്ചയിലൊരിക്കലെങ്കിലും ഒന്നു മനസ്സി രുത്തി വായിച്ചുനോക്കുന്നതു നല്ലതായിരിക്കും. നാം ജീവിതത്തിൽ അഭ്യസിക്കേണ്ട കാര്യങ്ങളെക്കുറിച്ചാണ് ഇതിൽ പറയുന്നത്. ജ്ഞാന വായനയുടെ ഫലം ഇതു വായിക്കുന്നതുകൊണ്ടുണ്ടാകും. താൽപര്യ മുള്ളവർക്ക് ഉപയോഗിക്കുവാൻ അനുവാദത്തോടുകൂടി കൊടുക്കുന്ന തിന് എനിക്കു വിരോധമില്ല. ചിലർ ഇതിൽ സന്തോഷം പ്രകടിപ്പി ക്കുന്നതു കണ്ടിട്ടുണ്ട്. വല്ലവർക്കും ഉപകാരമുണ്ടായേക്കും.

തെറ്റുകൾ പലതും കാണും. ജോലിത്തിരക്കിനിടയ്ക്കു രാത്രി ഉറക്കം കളഞ്ഞു എഴുതിയതാണ്. തിരുത്തിവായിച്ചാൽ മതി. നന്നായി പകർത്തി എഴുതുന്നതു നല്ലതായിരിക്കും. എഴുതിക്കഴിയു മ്പോൾ ഇതു എനിക്കു തിരികെ അയച്ചുതന്നാൽ വളരെ ഉപകാര മായിരിക്കും.

എന്ന്

ക.നി.മൂ.സ. തിരുക്കുടുംബ. ഡൺസ്റ്റൺ

മനുഷ്യഹൃദയങ്ങളിൽ വാഴുവാൻ അതിയായി ആഗ്രഹിക്കുന്ന സ്നേഹരാജനായ കർത്താവേ, എന്റെ ഹൃദയത്തെ അങ്ങയുടെ സജീവകൂടാരവും കമനീയ ആലയവുമാക്കി പകർത്തണമെ. അതിൽ അങ്ങു സദാ വസിക്കണമെ. അങ്ങു സ്വതന്ത്രമായി എന്നിൽ ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്യണമെ. എന്റെ സ്വാതന്ത്ര്യം മുഴുവനും അങ്ങേയ്ക്കു കീഴ്പെടുത്തിക്കൊണ്ട് ഇനിമേൽ ഞാൻ നിനക്കുവേണ്ടി മാത്രം ജീവിക്കട്ടെ. എന്റെ ഹൃദയത്തിൽ വസിക്കുന്ന നീ എന്റെ അവയവങ്ങൾ വഴിയായി പ്രവർത്തിക്കുന്നതല്ലാതെ എന്റെ സ്വന്തപ്രവൃത്തികൾ എന്നിൽ കാണപ്പെടാതിരിക്കട്ടെ. ഇനിമേൽ ഞാൻ പ്രവർത്തിക്കുന്നെങ്കിൽ നിന്റെ കൽപനപ്രകാരമോ ആഗ്രഹമനുസരിച്ചോ മാത്രമാകട്ടെ. എന്നെ കാണുകയും എന്റെ പ്രവൃത്തികൾ സൂക്ഷിച്ചു നോക്കുകയും ചെയ്യുന്നവർ എന്നിലും എന്റെ പ്രവൃത്തികളിലും നിന്നെമാത്രം കാണുവാൻ തക്കവണ്ണം എന്നെ മുഴുവനും നിന്നിലേയ്ക്കു പകർത്തണമെ. അങ്ങനെ അങ്ങെന്നിൽ ജീവിക്കണമെ; പ്രവർത്തിക്കണമെ.

എന്റെ ആത്മാവിൽ സദാ വസിക്കുന്ന നിന്നെ തനിയെ അവിടെ ഇരുത്തുവാൻ എന്നെ അനുവദിക്കല്ലെ. ഈ ദിവസം അനേകം പ്രാവശ്യം നിന്റെ പക്കലേയ്ക്കു വരുന്നതിന് എന്നെ വിളിക്കേണമെ. ഇന്നേ ദിവസം ഞാൻ എന്തെങ്കിലും സംസാരിക്കുകയോ പ്രവർത്തിക്കുകയോ എന്തെങ്കിലും തീരുമാനിക്കുകയോ ചെയ്യുന്നതിനു മുമ്പെല്ലാം എന്റെ ഉള്ളിൽ വസിക്കുന്ന നിന്റെ പക്കലേയ്ക്കു തിരിഞ്ഞു നിന്നോട് ആലോചന ചോദിപ്പാൻ എനിക്കിടവരുത്തേണമെ. അങ്ങനെ ഹൃദയപൂർവ്വമായ അനേകം പരസ്പര സ്നേഹസംഭാഷണങ്ങളും സ്നേഹപ്രകടനങ്ങളുംകൊണ്ട് ഇന്നേ ദിവസം നിറയട്ടെ.

നിനക്ക് ഏറ്റം പ്രസാദിച്ചവ ചെയ്യുന്നതിന് എന്നെ സഹായിക്കണമെ. സ്നേഹത്തോടും വിശ്വസ്തതയോടുംകൂടെ എന്റെ പരി. ന്യായപ്രമാണത്തേയും ഞാൻ ചെയ്യാൻ പോകുന്ന വ്രതങ്ങളേയും കാത്തുകൊണ്ടുപോകുന്നതിന് എന്നെ ഇപ്പോൾതന്നെ ഒരുക്കണമെ. ഞാൻ നിന്റെ ഇഷ്ടത്തിന് ഒരു ബലിയായിത്തീരട്ടെ. എന്തു സഹിക്കേണ്ടിവന്നാലും വേണ്ടില്ല, എനിക്കു നിന്നെ പ്രസാദിപ്പിപ്പാൻ കഴിഞ്ഞാൽ മാത്രം മതി.

സർവ്വലോക സന്തോഷങ്ങളും എനിക്കു കൈപ്പായിത്തീരത്തക്കവണ്ണം അങ്ങയിലേക്ക് എന്നെ ആകർഷിക്കണമെ. അങ്ങേയ്ക്കുവേണ്ടി

മാത്രം അദ്ധ്വാനിച്ചു വേല ചെയ്യുന്നതിനുള്ള വരം എനിക്കു തരണമെ. സ്വാർത്ഥത്തിനോ സൃഷ്ടികൾക്കോ അതിൽ ഒരു പങ്കും ഉണ്ടാകാതിരിക്കട്ടെ. സ്വാർത്ഥലാഭേച്ഛയുടെ നിഴൽപോലും പൂർണ്ണമായി മാഞ്ഞുപോകത്തക്കവണ്ണം എന്റെ ആത്മാവിനെ ശുദ്ധീകരിക്കണമെ.

ഈശോ എന്റെ ദിവ്യമണവാളാ, എന്റെ മുഴുഹൃദയത്തോടെ, ദാരിദ്ര്യം, കന്യാവ്രതം, കീഴ്‌വഴക്കം എന്നീ വ്രതങ്ങൾ സമർപ്പിച്ചു മരണപര്യന്തം വിശ്വസ്തതയോടെ ജീവിപ്പാൻ എനിക്കു വരം തരണമെ. കർത്താവേ, ഞാൻ ബലഹീനയും സ്വയമായി ഒന്നും ചെയ്‌വാൻ കഴിവില്ലാത്തവളുമായ ഒരു ശിശുവാകുന്നു. എന്നാൽ എന്റെ ഈ ബലഹീനതതന്നെ സർവ്വശക്തനായ അങ്ങയോടു യോജിച്ചിരിപ്പാൻ എന്നെ പ്രേരിപ്പിക്കുന്നു. അങ്ങയുടെ ആശ്രിതയെ ആർക്കു ജയിക്കുവാൻ കഴിയും.

കർത്താവേ, അങ്ങയോടു യോജിച്ചിരിക്കുന്നതുകൊണ്ടു മാത്രം ഞാൻ തൃപ്തിപ്പെടുകയില്ല. ഒരു സൃഷ്ടിക്ക് അങ്ങയോടു എന്തുമാത്രം അനുരൂപപ്പെടുവാൻ കഴിയുമോ അത്രയ്ക്കും എന്റെ ദിവ്യമണവാളനായ അങ്ങയോടു തുല്യപ്പെടുവാൻ ഞാൻ ആഗ്രഹിക്കുന്നു. ക്രൂശിതനായ അങ്ങേയ്ക്ക് അനുരൂപയായ മണവാട്ടിയാകുവാൻ ഞാൻ അതിയായി ആഗ്രഹിക്കുന്നു. അത്യാവശ്യമായ വസ്തുക്കൾ പോലുമില്ലാതെ നഗ്നനായി, തലചായിക്കുവാൻ പോലും സ്ഥലമില്ലാതെ ക്ലേശിച്ച അങ്ങയോട്, എന്റെ ദാരിദ്ര്യംവഴിയായി അനുരൂപയാകാൻ ആഗ്രഹിക്കുന്നു. ശരീരത്തിനു യാതൊരാശ്വാസവും കൊടുക്കാതെ സർവ്വാംഗം കഠിനവേദനയനുഭവിച്ച അങ്ങയോടു സർവ്വ ശാരീരിക സുഖസന്തോഷങ്ങളും പരിത്യജിച്ചുകൊണ്ടുള്ള കന്യാവ്രതം വഴിയായും മറ്റു തപക്രിയകൾ വഴിയായും അനുരൂപയാകുവാൻ ഞാൻ അതിയായി ആഗ്രഹിക്കുന്നു. മനുഷ്യരുടെ മനസ്സിനു മരണത്തോളം കീഴ്‌വഴങ്ങിയ അങ്ങയോട്, കുറ്റമില്ലാത്ത എല്ലാ സംഗതികളിലും മറ്റുള്ളവർക്കു കീഴ്‌പ്പെട്ടുകൊണ്ടുള്ള എന്റെ അനുസരണമെന്ന പുണ്യാഭ്യാസത്താലും അനുരൂപയാകുവാൻ ഞാൻ അതിയായി ആഗ്രഹിക്കുന്നു. ഇതാകുന്നു എന്റെ സന്ന്യാസ ജീവിതാന്ത്യം. ഇതിനല്ലെങ്കിൽ എന്റെ കർത്താവേ, പിന്നെ എന്തിനു ഞാൻ ഈ വേഷം കെട്ടിനടക്കുന്നു?

ഏറ്റം പ്രിയ ഈശോ, എന്നെ എളിയവളും പരമാർത്ഥയും ശിശുതുല്യയും ആക്കണമെ. ആത്മാക്കളെ നിന്റെ പക്കലേയ്ക്ക

ടുപ്പിക്കുവാൻ എന്നെ സഹായിക്കണമെ. നിന്റെ സ്നേഹത്തിന്റെ അരൂപിയാൽ എന്നെ നിറയ്ക്കണമെ. അപ്പോൾ ആത്മാക്കളുടെ മദ്ധ്യേ ആ സ്നേഹം ചിന്തുന്നതിന് എനിക്കു കഴിയും.

(ഞങ്ങളെ ഏറ്റം സ്നേഹിക്കുന്നവനും നിത്യനുമായ ദൈവമേ, നിന്റെ ദാനങ്ങൾക്കു ഞാൻ തികച്ചും അയോഗ്യയാണെന്ന് എനിക്കു ബോദ്ധ്യമുണ്ട്. എന്നാൽ സ്വന്തം രക്തവും ജീവനും നിനക്കു സമർപ്പിച്ചുകൊണ്ട് എന്റെ ഉള്ളിൽ വസിച്ച്, എനിക്കുവേണ്ടി നിന്നോടപേക്ഷിക്കുന്ന നിന്റെ ഏറ്റവും പ്രിയപ്പെട്ട പുത്രനെ ശ്രവിക്കാതിരിപ്പാൻ നിനക്കു വഹിയ.)[2]

നിന്നോടു ഞങ്ങളെ രമ്യപ്പെടുത്തിയ നിന്റെ പുത്രനെപ്രതി, ഒരു വിശുദ്ധയായിത്തീരുവാൻ ആവശ്യമുള്ള എല്ലാ വരപ്രസാദവും എനിക്കു തരണമെ. സർവ്വശക്തനേ, എന്റെ സ്വാർത്ഥത്തിന് എത്ര ക്ലേശകരമായവ സഹിക്കേണ്ടിവന്നാലും വേണ്ടില്ല, എന്നെ ഒരു വിശുദ്ധയാക്കണമെ.

എന്റെ ആത്മാവിൽ സദാ വസിക്കുന്ന അങ്ങയോടുകൂടി എപ്പോഴും വസിക്കുന്നതിനുവേണ്ട വരപ്രസാദം എനിക്കു തരണമെ. ഞാൻ എന്തെങ്കിലും സംസാരിക്കുകയോ പ്രവർത്തിക്കുകയോ ചെയ്യുന്നതിന് ഒരു നിമിഷംമുമ്പ് നിന്റെ പക്കലേക്കു തിരിഞ്ഞു നിന്നോട് ആലോചന ചോദിക്കട്ടെ. പ്രിയ ഈശോയേ, ഈ അനുഗ്രഹം എനിക്കു തരണമെ.

മൗനമായിരിക്കേണ്ട സമയത്തു സംസാരിപ്പാൻ എന്നെ ഒരിക്കലും അനുവദിക്കല്ലെ.

ഞാൻ ആലോചന കൂടാതെ ഒരിക്കലും സംസാരിക്കാതിരിക്കട്ടെ.

ആവശ്യത്തിൽ കൂടുതലായി സംസാരിക്കാൻ എന്നെ ഒരിക്കലും അനുവദിക്കല്ലെ.

നിന്നോട് ആന്തരികമായി ഒരു വാക്കു പറയാതെ എന്നിൽനിന്ന് ഒരു വാക്കെങ്കിലും പുറപ്പെടാതിരിക്കട്ടെ.

ഒരിക്കലും ഞാൻ ഉപവിയിൽ കുറവുള്ളവൾ ആകാതിരിക്കട്ടെ. എല്ലായ്പ്പോഴും ആലോചനയായി ഞാൻ നിന്റെ പക്കലേക്കു തിരിയുന്നെങ്കിൽ അതെങ്ങനെ സംഭവിക്കും? ഇപ്രകാരം ചെയ്യുന്നതിന്

2. ആവരണചിഹ്നത്തിന് അകത്തു കൊടുത്തിരിക്കുന്ന ഭാഗം "വിശുദ്ധ കുർബാന സ്വീകരിച്ചുകഴിഞ്ഞ്" ഉപയോഗിക്കുന്നതിനാണെന്ന് പ്രത്യേകം രേഖപ്പെടുത്തിയിരിക്കുന്നു.

എല്ലായ്പോഴും ഓർപ്പിക്കുകയും നിന്റെ വാക്കനുസരിച്ചു കൃത്യമായി പ്രവർത്തിപ്പാൻ എന്നെ ശക്തിപ്പെടുത്തുകയും ചെയ്യണമെ.

സത്യത്തെ ഞാൻ സ്നേഹിക്കട്ടെ. അപ്പോൾ ഞാൻ എളിമയുള്ളവളാകും.

ജനക്കൂട്ടത്തിലോ ജോലിത്തിരക്കിലോ മുറിയിൽ ഏകാന്തമായിരിക്കുമ്പോഴോ എവിടേയും എപ്പോഴും എന്റെ സ്നേഹഭാജനമായ ദൈവമേ, എന്നിൽ സദാ വസിക്കുന്ന ദൈവമേ, അങ്ങയോടുകൂടിമാത്രം ജീവിക്കത്തക്കവണ്ണം, നിന്റെ പരി. അരൂപി എന്നിൽ പൂർണ്ണകർത്തൃത്വം നടത്തട്ടെ.

എനിക്കു ചുറ്റുമുള്ളവരോടുള്ള എന്റെ പെരുമാറ്റത്തിൽ നിന്റെ ക്ഷമയെ അനുകരിച്ചു ജീവിപ്പാൻ എനിക്കു കൃപ ചെയ്യണമെ. എന്നിൽ നിരാശ ഉളവാകുന്ന അവസരങ്ങളിലും എന്റെ കാര്യങ്ങളിലുള്ള മറ്റുള്ളവരുടെ അശ്രദ്ധ എന്നെ വേദനിപ്പിക്കുമ്പോഴും ഞാൻ വിശ്വസിച്ചിരുന്നവർ പരമാർത്ഥതയില്ലാതെ എന്നോടു പെരുമാറുമ്പോഴും ക്ഷോഭജനകങ്ങളായ എല്ലാ അവസരങ്ങളിലും ഞാൻ ശാന്തയായിരിക്കേണ്ടതിനു നിന്റെ മാധുര്യമേറിയ സൗമ്യതതന്നെ എനിക്കു തരണമെ. ശാന്തതയോടും സൗമ്യതയോടും സ്ഥിരതയോടുംകൂടെ, വിഷമങ്ങളെ ഗണ്യമാക്കാതെ, കർത്തവ്യങ്ങൾ നിർവ്വഹിച്ചു ജീവിപ്പാൻ എന്നെ സഹായിക്കണമെ. എല്ലാവരേയും ഹൃദയപൂർവ്വം സ്നേഹിച്ചുകൊണ്ട് എന്നാൽ ആരുടെയും മുഖം നോക്കാതെ, നിന്നെ പ്രസാദിപ്പിക്കണമെന്നുള്ള ഏക ലാക്കോടുകൂടി എന്റെ കടമകൾ നിർവ്വഹിപ്പാൻ എന്നെ ശക്തിപ്പെടുത്തണമെ.

സ്വാർത്ഥം വെടിഞ്ഞു മറ്റുള്ളവരുടെ സൗഭാഗ്യത്തിൽ കൂടുതൽ വിചാരമുള്ളവളായിരിപ്പാൻ എന്നെ പഠിപ്പിക്കണമെ. എനിക്കുണ്ടാകുന്ന ചെറിയ വിഷമങ്ങളും ഹൃദയവ്യഥകളും മറ്റാരുടെയും സഹതാപവിഷയമാകാതിരിപ്പാൻ അവ എന്നിൽതന്നെ ഒതുക്കുവാൻ എന്നെ പഠിപ്പിക്കണമെ. കർത്താവേ, അവ നാം രണ്ടു പേർ മാത്രം അറിയുന്ന രഹസ്യങ്ങളായിരിക്കട്ടെ.

എനിക്കു ചുറ്റുമുള്ളവർക്ക് എന്റെ സാന്നിദ്ധ്യം സമാധാനവും ആശ്വാസവുമായിരിക്കേണ്ടതിന്, കർത്താവേ, നീ സദാ എന്നിൽ വസിക്കണമെ; പ്രവർത്തിക്കണമെ. ആവശ്യത്തിലിരിക്കുന്നവർക്കു ഞാൻ എപ്പോഴും സഹായമാകട്ടെ; സഹിക്കുന്ന ഹൃദയം എപ്പോഴും എന്നിലെ അനുകമ്പ കണ്ടു തൃപ്തിപ്പെടട്ടെ; കരയുന്നവരുടെ കണ്ണു

നീർ തുടയ്ക്കുന്നതിനും മനക്കലക്കത്തിൽ വിഷമിക്കുന്നവർക്കു സമാധാനം നൽകുന്നതിനും മനഃശക്തിയില്ലാതെ വലയുന്നവർക്കു ധൈര്യം നൽകുന്നതിനും ചുരുക്കത്തിൽ, എല്ലാവർക്കും എല്ലാം ആകുന്നതിനു ഞാൻ സന്നദ്ധയാകുവാൻ, കർത്താവേ, നിന്റെ ഹൃദയം തന്നെ എനിക്കു തരണമെ. എന്റെ സഹോദരികളേയും മറ്റുള്ളവരേയും എപ്പോഴും അനുകമ്പയോടും സ്നേഹത്തോടുംകൂടെ വിചാരിക്കുന്നതിനും അവരെ എല്ലായ്പോഴും ആദരിക്കുന്നതിനും എന്നെ പഠിപ്പിക്കണമെ. എന്റെ സഹോദരികളുടെ ഹൃദയമുറിവുകളെ വീശി തണുപ്പിക്കുന്നതിനും പൂർണ്ണമായി സുഖപ്പെടുത്തുന്നതിനുമുള്ള ശക്തി എന്റെ വാക്കുകൾക്കു നൽകണമെ. കർത്താവേ, നിന്റെ മണവാട്ടിയായ ഞാൻ, നിന്നെപ്പോലെ സകലരേയും സ്നേഹിപ്പാനും ആശ്വസിപ്പിക്കാനും ആഗ്രഹിക്കുന്നു. സകലർക്കും നന്മ ചെയ്തുകൊണ്ട് ഇഹലോകജീവിതം നയിച്ച നിന്നെ പരിപൂർണ്ണമായി അനുകരിപ്പാൻ ഞാൻ ആഗ്രഹിക്കുന്നു. നിന്നോട് അടുത്തിരുന്നവർക്ക് ഉണ്ടായിരുന്ന അനുഭവംതന്നെ എന്നോട് അടുക്കുന്നവർക്കും ഉണ്ടാകട്ടെ. ഇതിനായി കർത്താവേ, അങ്ങെന്റെ ഹൃദയത്തെ മയപ്പെടുത്തണം. ദൈവസ്നേഹത്താലും ദൈവത്തെ പ്രതിയുള്ള പരസ്നേഹത്താലും നിന്റേതുപോലെ എന്റെ ഹൃദയവും എരിയണം. ഹൃദയശാന്തതയും എളിമയുമുള്ള ഈശോയേ, എന്റെ ഹൃദയം അങ്ങേ ദിവ്യഹൃദയത്തിന് ഒത്തതാക്കിയരുളണമെ. കർത്താവേ, ഞാൻ നിന്നിലേയ്ക്കു പരിപൂർണ്ണമായി രൂപാന്തരപ്പെടട്ടെ. എന്നെ കാണുന്നവർ എന്നിൽ നിന്നെ കാണട്ടെ.

കർത്താവേ, നിന്റെ സിംഹാസനമായ (വി. കുർബാനയുടെ വാഴ്വിനുപയോഗിക്കുന്ന) അരുളിക്കാ പോലെ ഞാൻ ആയിരിക്കട്ടെ. എന്റെ ആത്മാവ് നിന്റെ മനോഹര വാസസ്ഥലമാകട്ടെ. നീ എന്നിലിരുന്നുകൊണ്ട് എന്നോട് അടുക്കുന്നവരെ ആശീർവദിക്കണമെ. എന്നിലുള്ള നിന്റെ സാന്നിദ്ധ്യത്താൽ അവർ തൃപ്തരാകയും ചെയ്യട്ടെ. കർത്താവേ, ഞാൻ നിന്നെ പരിപൂർണ്ണമായി അനുകരിച്ചിരുന്നെങ്കിൽ, എന്നിൽ നിന്നെ ഞാൻ പ്രത്യക്ഷപ്പെടുത്തിയിരുന്നെങ്കിൽ, എത്രപേരെ ഇതിനകം ഞാൻ നിന്റെ പക്കലേയ്ക്ക് അടുപ്പിക്കുമായിരുന്നു. നിന്റെ അമ്മ നിന്നെ ഉദരത്തിൽ വഹിച്ചുകൊണ്ട് എലിസബത്തിനെ കാണാൻ പോയപ്പോൾ അവളുടെ ഉദരത്തിലുണ്ടായിരുന്ന യോഹന്നാൻ പാപവിമുക്തനായി സന്തോഷത്താൽ കുതിച്ചുചാടിയതുപോലെ, ഞാൻ നിന്നെ വഹിച്ചു

കൊണ്ട് നിന്റെ മാതാവിനെപ്പോലെ നിന്നെ സ്നേഹിച്ചു ജീവിച്ചിരുന്നെങ്കിൽ, എത്ര ആത്മാക്കൾ എന്റെ സാന്നിദ്ധ്യത്തിൽ സന്തോഷത്താൽ നിന്റെ പക്കലേക്കു കുതിച്ചുചാടുമായിരുന്നു.

നിനക്ക് ഒരു മനോഹര വാസസ്ഥലമായും മറ്റുള്ളവരെ സമീപിക്കുവാൻ ഒരു വാഹനമായും നീ എന്നെ തിരഞ്ഞെടുത്തു. എന്നാൽ അഴുക്കുനിറഞ്ഞ ചില്ലോടുകൂടിയ ക്ലാവ് പിടിച്ച ഒരു അരുളിക്കപോലെ ഞാൻ ഇത്രനാൾ ജീവിച്ചു. നീ എന്നിൽ വസിച്ചിരുന്നെങ്കിലും ആർക്കും നിന്നെ എന്നിൽ കാണുവാൻ കഴിഞ്ഞില്ല. എന്നിൽ ജീവിക്കുന്ന നിന്നെ നിഷ്പ്രയാസം മറ്റുള്ളവർക്കു കാണുവാൻ കഴിയുമാറ് ഈ അരുളിക്കായെ ഞാൻ തുടച്ചു വൃത്തിയാക്കി ശോഭയുള്ളതാക്കിത്തീർക്കും. എന്റെ ജീവിതത്തേയും പെരുമാറ്റത്തേയും ഞാൻ ക്രമപ്പെടുത്തും. അതിനായി എന്നെ സഹായിക്കണമെ. ഞാൻ ഇപ്പോൾ ആയിരിക്കുന്ന സാഹചര്യത്തിൽ അങ്ങ് ആയിരുന്നെങ്കിൽ എങ്ങനെ പ്രവർത്തിക്കുമായിരുന്നോ അപ്രകാരം പ്രവർത്തിപ്പാൻ ഞാൻ അതിയായി ആഗ്രഹിക്കുന്നു.

എന്റെ അമ്മേ, എന്റെ ഈ ആഗ്രഹങ്ങളെല്ലാം സാധിക്കുന്നതിന് എനിക്കുവേണ്ടി പ്രാർത്ഥിക്കണമെ. ഈശോയോട് ഐക്യപ്പെട്ടു കൊണ്ടുള്ള നിന്റെ ജീവിതത്തെ അനുകരിപ്പാൻ എന്നെ സഹായിക്കേണമെ.

വിശുദ്ധ യൗസേപ്പിതാവേ, അങ്ങ് പ. കന്യാമറിയത്തിനും ഈശോക്കും വേണ്ടിയും, അവരുടെ സാന്നിദ്ധ്യത്തിലും അവരുടെ ദിവ്യമാതൃക അനുകരിച്ചുകൊണ്ടും അദ്ധ്വാനിച്ചു ജീവിച്ചിരുന്നതുപോലെ ഞാനും (നിങ്ങളെ മൂവരേയും എന്റെ കൺമുമ്പാകെ വെച്ചുകൊണ്ട് നിങ്ങളെ അനുകരിച്ചു) ജീവിപ്പാൻ എന്നെ സഹായിക്കുകയും പഠിപ്പിക്കുകയും ചെയ്യണമെ. ആമ്മേൻ.

## 3. കർത്താവേ, ഞാൻ അനുതപിക്കുന്നു

പരിയാരത്തെ സാക്ഷാത്ക്കാരയിൽ ധ്യാനത്തിലായിരിക്കെ, 1984 നവംബർ 18, 19 തീയതികളിൽ എഴുതിയ പ്രാർത്ഥന:

എന്റെ ഈശോയേ, നന്ദി! എന്നെ സ്പർശിച്ചതിനു നന്ദി!

കഴിഞ്ഞ കാലങ്ങളിൽ പ്രാർത്ഥനാരഹിതമായ പ്രവർത്തങ്ങൾക്കു വേണ്ടി ഞാൻ ചെലവഴിച്ച സമയത്തെക്കുറിച്ചു ഞാൻ അനുതപിക്കുന്നു. നിന്റെ വിളിയെ (എന്നെക്കുറിച്ചുള്ള, നിന്റെ പദ്ധതി) ഞാൻ ശ്രദ്ധിക്കാതെ നന്മയുടെ പേരിൽ വ്യർത്ഥസംതൃപ്തിയും വ്യർത്ഥ സ്തുതിയും ആരാഞ്ഞ്, നിന്റെ മുമ്പിൽ ചെലവഴിക്കാമായിരുന്ന അനേകമനേകം നിമിഷങ്ങൾ നഷ്ടപ്പെടുത്തിയതിനെക്കുറിച്ച്, പ്രത്യേകമായി, നിന്റെ കരുണ നിറഞ്ഞ സ്നേഹത്തിനെതിരായി പ്രവർത്തിച്ചതിനെക്കുറിച്ച് ഞാൻ ദുഃഖിക്കുന്നു.

കർത്താവേ, അങ്ങെന്നെ കരുണാപൂർവ്വം സ്വീകരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. ഒരു അവസരംകൂടെ എനിക്കു തരണമെ. എന്നെക്കുറിച്ചുള്ള അങ്ങയുടെ പദ്ധതി നിറവേറട്ടെ. അതെന്താണെന്ന് എനിക്കു കൃത്യമായി അറിവില്ല. എങ്കിലും ഞാൻ വിശ്വസ്തത പാലിച്ചാൽ അതു നിറവേറത്തക്കവണ്ണം നീ എന്നിൽ പരിവർത്തനം വരുത്തുമെന്നു വിശ്വസിക്കുന്നു.

കർത്താവേ, വളരെ വൈകിപ്പോയി. നല്ല കാലമെല്ലാം എനിക്കു നഷ്ടപ്പെട്ടു. എങ്കിലും നിനക്ക് അസാദ്ധ്യമായതൊന്നുമില്ലല്ലൊ. ചുരുങ്ങിയ കാലംകൊണ്ട് എന്നെ വിശുദ്ധീകരിക്കാൻ അങ്ങേക്കു സാധിക്കും. എന്നെ പാകപ്പെടുത്തേണമെ. എന്റെ ഇഷ്ടംപോലെ വേണമെന്നില്ല. എനിക്ക് ഇഷ്ടമില്ലാത്ത വഴികളിൽകൂടിയായാലും എന്നെ വേഗം നയിക്കേണമെ. ഇനിയെങ്കിലും ഒരു നിമിഷംപോലും നഷ്ടപ്പെടുത്താതെ സദാ നിന്നോടുകൂടി ആയിരിക്കുവാനും നിന്റെ ഇഷ്ടംമാത്രം ആരാഞ്ഞ് അതിനനുസരിച്ചു പ്രവർത്തിക്കാനും എനിക്ക് ഇടവരുത്തേണമെ.

ദൈവമെ സഹായിക്കേണമെ. ഇപ്പോഴത്തെ മനോഭാവത്തിൽ നിന്നു ഞാൻ വളരട്ടെ. പ്രലോഭനങ്ങൾ വരുമെന്നറിയാം. അങ്ങെന്നെ ശക്തിപ്പെടുത്തേണമെ. എന്റെ മാസാന്തരത്തിന് വലിയ ആഴമൊന്നും ഞാൻ കാണുന്നില്ല. അങ്ങയുടെ കൃപ മാത്രമാണ് എന്റെ പ്രത്യാശയുടെ അടിസ്ഥാനം. അങ്ങയുടെ ദിവ്യമാതാവിനെക്കുറിച്ച് എന്നെ ശക്തിപ്പെടുത്തേണമെ. വേണ്ടതല്ലാം എന്നെ പഠിപ്പിക്കേണമെ. ഇത്രയെല്ലാം എന്നെ സ്നേഹിച്ച അങ്ങയെ, എന്റെ കഴിവുകൾക്കനു

സരിച്ച്, അങ്ങ് എന്നിൽനിന്നു പ്രതീക്ഷിക്കുന്നതിനനുസരിച്ച്, പൂർണ്ണമായി സ്നേഹിച്ചു ജീവിക്കുന്നതിനും പ്രവർത്തിക്കുന്നതിനും മരിക്കുന്നതിനും ഇടവരുത്തണമെ. എന്റെ നന്ദികേടിനെ പൂർണ്ണമായി പരിഹരിക്കാനും അങ്ങനെ ഇനി എനിക്കു സാധിക്കുന്നിടത്തോളം അങ്ങയെ സന്തോഷിപ്പിക്കാനും എന്നെ സഹായിക്കേണമെ.

എന്നെ പൂർണ്ണമായി ഞാൻ അങ്ങേക്കു സമർപ്പിക്കുന്നു. അങ്ങേക്കിഷ്ടമുള്ളത് എന്നോടു ചെയ്യുക. കർത്താവേ, ഞാൻ ഒട്ടും വളർന്നിട്ടില്ല. അതുകൊണ്ട് എല്ലാം സന്തോഷത്തോടെ സ്വീകരിക്കാൻ സ്വയമായി എനിക്കു സാധിച്ചെന്നു വരില്ല. കർത്താവേ, എന്നിൽ വേണ്ട പരിവർത്തനം വേഗം വരുത്തണമെ. ഇപ്പോൾ എനിക്കുള്ള തുച്ഛമായ സന്മനസ്സു തെല്ലും കുറയാതെ ദിവസംപ്രതി വളർന്നു വരാനും പൂർണ്ണമാകാനും അങ്ങുതന്നെ സഹായിക്കണമെ.

കഴിഞ്ഞ 56 ആണ്ടുകൾ നീണ്ട എന്റെ പുണ്യജീവിതം നയിക്കാനുള്ള ആഗ്രഹങ്ങളും പരിശ്രമങ്ങളും വീഴ്ചകളും മാനസാന്തരങ്ങളും വീക്ഷിക്കുമ്പോൾ വലിയ പ്രതീക്ഷക്കൊന്നും വക കാണുന്നില്ല. പക്ഷെ, അങ്ങ് അളവില്ലാത്ത സ്നേഹസമ്പന്നനായതുകൊണ്ട് അങ്ങു ദൈവമായതുകൊണ്ട് മാത്രമാണ് ഞാൻ നിരാശനാകാത്തത്. ഇപ്പോഴും അവശേഷിച്ചിട്ടുള്ള പ്രത്യാശതന്നെ അങ്ങയുടെ തന്നെ എന്നിലുള്ള പ്രവർത്തനത്തിന്റെ ഫലമായി ഞാൻ കാണുന്നു. അങ്ങുതന്നെയാണ് ഇപ്പോഴും വിളിച്ചുണർത്തിയിരിക്കുന്നതെന്നു ഞാൻ വിശ്വസിക്കുന്നു.

അങ്ങെന്റെ കൂടെയുണ്ടെന്ന വിശ്വാസം മാത്രമാണ് എന്റെ പ്രതീക്ഷ. വിശുദ്ധരെപ്പോലെ എനിക്കും അങ്ങയുടെ മാതാവിനെ (എന്റേയും അമ്മയെ) സ്നേഹിക്കാൻ സാധിച്ചെങ്കിൽ. നിന്നോടുള്ള സ്നേഹത്തിൽ വളരാതെ അങ്ങയുടെ മാതാവിനെ സ്നേഹിക്കുന്നതിൽ എനിക്കെങ്ങനെ വളരാൻ കഴിയും. എങ്കിലും ഞാൻ അമ്മയെ സ്നേഹിക്കുന്നു. എന്നെക്കാൾ കൂടുതലായി അമ്മ എന്നെ സ്നേഹിക്കുന്നുണ്ടെന്ന് എനിക്കറിയാം.

കർത്താവേ, ഈ വരികൾ എഴുതുമ്പോൾ എന്റെ കണ്ണുകൾ നിറഞ്ഞൊഴുകുന്നു. അമ്മേ, നീ എല്ലാം അറിയുന്നു. എന്റെ പ്രകൃതിയും കഴിവുകേടുകളും അങ്ങറിയുന്നു. എന്നോടു ക്ഷമിക്കേണമെ. ഞാൻ ഇതു പറയേണ്ട ആവശ്യമില്ല. അല്ലാതെ തന്നെ അങ്ങു ക്ഷമിക്കും.

അമ്മേ, യൗസേപിതാവേ, ഈശോയെ സ്നേഹിക്കുവാൻ എന്നെ പഠിപ്പിക്കണമെ.

## 4. ഈശോ, അങ്ങേ സന്ദർശനം മഹത്തരം

ദിവ്യകരുണ്യസന്ദർശനത്തിനുശേഷം കുറിച്ചുവച്ച പ്രാർത്ഥനയാണിത്. പ്രാർത്ഥനയുടെ ആരംഭഭാഗം നഷ്ടപ്പെട്ടതായി കാണുന്നു:

എന്റെ സ്വർഗ്ഗീയ മാതാവേ, എന്നെ സഹായിക്കേണമെ. വി. കൊച്ചു ത്രേസ്യായേ, വി. ദാവീദു നിവ്യായേ, വി. തോമസ് മൂർ, എന്റെ ജീവിതത്തിന്റെ ഓരോ ഘട്ടങ്ങളിൽ പ്രത്യേകമായി എന്നെ സഹായിക്കാൻ നിയുക്തരായിരുന്ന വിശുദ്ധരേ, എന്നെ സഹായിക്കേണമെ.

എന്റെ ജീവിതം അവസാനിക്കാറായി. ഒന്നും ശരിയായിട്ടില്ല. വി. യൗസേപിതാവേ, നന്മരണ മദ്ധ്യസ്ഥാ, എന്നെ ഒരുക്കണമെ. എന്റെ സ്വർഗ്ഗീയമദ്ധ്യസ്ഥരേ, എന്റെ കാവൽമാലാഖേ, എന്റെ സഹോദരീ, ഈശോയെ കണ്ടെത്താനും ഈശോയുടെ മുമ്പിൽ എപ്പോഴും ജീവിക്കാനും എനിക്കു സാധിക്കുന്നതിന് എനിക്കുവേണ്ടി ദൈവത്തോടു പ്രത്യേകം പ്രാർത്ഥിക്കണേ. പരിശുദ്ധാത്മാവേ, ദിവ്യവരങ്ങൾകൊണ്ട് എന്നെ അനുഗ്രഹിക്കണമെ.

നല്ല ഈശോയേ, എന്റെ ദുരാശകളെ ജയിക്കുവാൻ എന്നെ സഹായിക്കണമെ. എന്റെ ആശകളെ അടക്കി നിന്റെ ഇഷ്ടം എപ്പോഴും ഞാൻ അന്വേഷിക്കട്ടെ. നിന്നിൽ മുഴുകി ജീവിക്കുവാൻ എന്നെ സഹായിക്കണമെ. എതാനും നിമിഷങ്ങൾക്കുമുമ്പ് അങ്ങ് എന്റെ ഉള്ളിൽ എഴുന്നള്ളി വന്നു. അങ്ങ് അരാണെന്ന് അൽപമെങ്കിലും എന്നെ അറിയിക്കണമെ. സ്നേഹത്താൽ എന്നെ ജ്വലിപ്പിക്കേണമെ. നിനക്കുവേണ്ടി എന്റെ സകല താൽപര്യങ്ങളും സൗകര്യങ്ങളും സമയവും ആരോഗ്യവും കഴിവുകളും ബലികഴിക്കുവാൻ എന്നെ പ്രാപ്തനാക്കേണമെ. ഇന്നത്തെ എന്റെ പക്കലേയ്ക്കുള്ള അങ്ങയുടെ സന്ദർശനം എത്ര മഹത്തരമെന്ന് ഞാൻ മനസ്സിലാക്കട്ടെ. ഈ ദിവ്യസന്ദർശനം ഈ ദിനം എപ്പോഴും നന്ദിയോടെ അനുസ്മരിക്കട്ടെ. കൊച്ചുകൊച്ചു ത്യാഗങ്ങൾ വഴിയെങ്കിലും ഈ ദിവസം എപ്പോഴും അങ്ങയോടു നന്ദി കാണിക്കുവാൻ എന്നെ സഹായിക്കേണമെ.

ഇന്നു ഞാൻ ചെയ്തുതീർക്കേണ്ട കാര്യങ്ങൾ ചെയ്തുതീർക്കുവാൻ എന്നെ സഹായിക്കേണമെ. എന്തുമാത്രം സമയം ഒരോന്ന് ആലോചിച്ചും വായിച്ചും കളയുന്നു. നിന്നെ കൂടാതെ യാതൊന്നും നന്നായി ചെയ്യാനാവാത്ത എന്റെ അനുഭവങ്ങളിൽനിന്ന്, നിന്റെ പക്കലേയ്ക്ക് തിരിയുവാൻ ഞാൻ ഇനിയും പഠിച്ചിട്ടില്ല. എന്നെ ഫലപ്രദമായി സഹായിക്കേണമെ. എല്ലാത്തിനും നന്ദി.

## 5. ദിവ്യകാരുണ്യസ്വീകരണത്തിനു ശേഷം

**1. ഏഴാം വയസ്സിൽ പ്രാർത്ഥിച്ചത്:**

"ഇന്ത്യയിലെ ആദ്യത്തെ പുണ്യവാളനാകണം. എന്റെ മൃതശരീരം പാവറട്ടിയിൽ കൊണ്ടുവന്ന് അടക്കപ്പെടണം; നാടുവിട്ട് അന്യനാടുകളിൽ പോയി കഴിയുമെങ്കിൽ മരണംവരെ ജോലി ചെയ്യണം."

**2. 14–ാം വയസ്സിൽ ആരംഭിച്ചത്** (ഇതിൽ ആദ്യത്തെ വാചകം മാത്രം സ്ഥിരമായി നിലനിന്നു.):

"എന്നെ ഒരു പുണ്യവാനാക്കേണമെ... ഞാൻ ഒരു സന്ന്യാസിയും വൈദികനുമായി കാണുന്നതിനുള്ള ഭാഗ്യം അമ്മയ്ക്കു കൊടുക്കേണമെ.... അമ്മ മരിക്കുന്നതിനുമുമ്പ് എന്നെ മരിപ്പിക്കേണമെ... ഞങ്ങളെ അഞ്ചുപേരേയും സന്ന്യാസികളാക്കേണമെ.... എന്റെ സ്നേഹിതനേയും (എൻ. പി. ദേവസ്സി) കൂട്ടുകാരേയും (ഇ. കെ. പോൾ, എം. ജി. വർഗീസ്) സന്ന്യാസത്തിലേക്കാകർഷിക്കേണമെ. അപ്പൻ മരിക്കുമ്പോഴെക്കും ഞങ്ങളുടെ കടങ്ങൾ വീട്ടേണമെ."

3. വിശുദ്ധനാകുന്നതിന് അനിർവാര്യമായതും തനിക്ക് ഇല്ലാത്തതുമായ സുകൃതങ്ങളെക്കുറിച്ച് അവബോധം വളരുന്നതനുസരിച്ച് സാവധാനം രൂപപ്പെട്ട പ്രാർത്ഥനയാണിത്. 12–ാം വയസ്സിൽ നാല് പുണ്യങ്ങൾക്കുവേണ്ടിയുള്ള ഈ സുകൃതജപം രൂപപ്പെട്ടു. വൈദികനായതിനുശേഷവും അതു തുടർന്നു:

"എളിമ, ക്ഷമ, സഹനശക്തി, ധൈര്യം എന്നീ പുണ്യങ്ങൾ എനിക്കു തരേണമെ."

## 6. Prayer to Bl. Virgin Mary before Meditation
## (Dated 24 November 1955)

O my dear Mother, I want to focus my attention chiefly on you. I want to know you more intimately to increase in your love. All the saints were devoted to you, they say. I want to become a saint. Reveal yourself to me. You are my Mother. It is the mothers that teach their own babies to call them, 'Mamma'. It is they that teach them to call their fathers, 'Papa'. So, my dear Mother, there is no need of any one to come between us and teach me to call you. Reveal yourself to me and teach me to call upon my 'Father'. Come, my Mother. It is like a blind child that calls its mother who is at his cradle. You are ever at my side eager to do to me all the good possible. It is I who live as if away from you.

You know well, my dear Mother, the desires of your Son concerning me. Help me my dear Mother to reform well. Pray for me. I can hardly hear the voice of Jesus. Lead me to listen and understand. Let me know, my Mother, that you love me. Let me love you as saints loved you. Praise Jesus for me. Tell Him I have approached you.

Mother, you know how trying these hours of meditation were to me. Help me repair the past.

Mother, help me. Mother, make me your good child. Teach me to say your rosary devoutly. Make me faithful at it every day. Help me to preach about you. Your child, St. Therese of Infant Jesus, said that, had she been a priest she would extol your praises. But, here am I, a poor dumb priest!

O! Little Flower of Jesus, have pity on this useless priest. I am ashamed. When little children proclaim the praises of our Mother, I, a priest, having the duty to preach, remain dumb. Help me to shake off my shyness and idleness. Make me true to my vocation.

## 7. Little Prayers of Fr. Dunstan

**1. Prayer regarding Dryness in Meditation (Dated 13 November 1955)**

"Help me, O Lord, to keep mouth agape till Your coming at Your leisure to quench my thirst. Help me to be blindly faithful to Your ministers."

**2. Prayer during Examination of Conscience (Dated 24 November 1955)**

"O my God, I am sorry for all the moments I did not, or could not, actually think of You lovingly. If it be pleasing to You, grant me the grace to be ever united to You, not only by my will but by my whole soul and body with all their faculties."

**3. O Mary my, Mother, keep me stainless (Dated 15 January 1956)**

"God help me. Mary, my dearest Mother, pray for me. Make me love my Jesus, remember Him, listen to Him, converse with Him, be with Him always. St. Joseph, model of interior life, teach me to work hard in union with our Lord. My Mother, help me. O! Refuge of sinners, wash me clean from all stains, reform me. I don't know how to improve myself; almost hopeless. Make me a saint. You are my sole hope together with Jesus. Jesus, forget my past life."

**4. Prayer for Spiritual Progress (Dated 30 December 1960)**

"Perfect, O Lord, what you have begun in me. Increase my confidence in You. You know where I am going. Check me if I go astray."

**5. O Jesus, I love you! (1 February 1996)**

"O my Jesus, I do wish to love You more and more. Let me love You with all my heart and soul, and all my mind and strength. I entrust you to fill my heart with Your holiness and make of it a beautiful home for You - a living Tabernacle, where You will ever dwell, so that You will live Your own life in me. Dearest Jesus, let me live only on Your behalf and in Your name; to see all from Your point of view till my life be one with You. Never let me leave You alone."

**6. Little prayers given to Sr. Lissie FCC**

1. Oh sweet heart of Jesus, be you my true Joy.
2. Oh Holy Spirit, abide with me and make me abide with you always.

**7. അമ്മയ്ക്കു നൽകിയ സുകൃതജപം**

ദൈവമെ, നിന്നെ പൂർണ്ണമായി സ്നേഹിച്ചുകൊണ്ടു മരിപ്പാൻ എനിക്കിടവരുത്തണമെ!

# അനുബന്ധം

## ഡൺസ്റ്റണച്ചന്റെ ജീവിതനാൾവഴികൾ

| | | |
|---|---|---|
| 27-11-1920 | - | ജനനം, പാവറട്ടി ഒലക്കേങ്കിൽ കുടുംബം |
| 06-12-1920 | - | മാമ്മോദീസ |
| 01-07-1925 | - | പ്രാഥമികവിദ്യാഭ്യാസം, സെന്റ് മേരീസ് എലമെന്ററി സ്കൂൾ, പുതുമനശ്ശേരി, പാവറട്ടി |
| 06-07-1928 | - | ആദ്യകുർബാനസ്വീകരണം |
| 24-06-1929 | - | സെന്റ് ജോസഫ്സ് ഹൈസ്കൂൾ, പാവറട്ടി |
| 22-09-1935 | - | യോഗാർത്ഥിഭവന പ്രവേശനം, സെന്റ് ബെർക്കുമൻസ് അസ്പേരന്റ്സ് ഹൗസ്, പാവറട്ടി |
| 25-07-1937 | - | ലത്തീൻ, സുറിയാനി ഭാഷാപഠനം, ലിറ്റിൽ ഫ്ളവർ അസ്പേരന്റ്സ് ഹൗസ് (സെന്റ് ആന്റണീസ് മൊണാസ്റ്ററി) ആലുവ |
| 20-07-1938 | - | നവസന്ന്യാസ പ്രവേശനം, ലിറ്റിൽ ഫ്ളവർ നൊവിഷ്യേറ്റ് സെന്റ് തെരേസാസ് മൊണാസ്റ്ററി, അമ്പഴക്കാട് |
| 23-11-1938 | - | സഭാവസ്ത്ര സ്വീകരണം |
| 24-11-1939 | - | ആദ്യവ്രതം |
| 04-01-1941 | - | പ്രസംഗകല പരിശീലനം, ലത്തീൻ, സുറിയാനി ഭാഷപഠനം, സെന്റ് ജോസഫ്സ് മൊണാസ്ട്രി, കൂനമ്മാവ് |
| 05-01-1942 | - | തത്വശാസ്ത്ര പഠനം, സെന്റ് ജോൺ ഓഫ് ദ ക്രോസ് മൊണാസ്റ്ററി, മുത്തോലി |
| 24-11-1942 | - | നിത്യവ്രതം |
| 19-06-1943 | - | ആസ്ഥപ്പാട്, 1, 2 പട്ടങ്ങൾ |
| 06-01-1944 | - | ദൈവശാസ്ത്രപഠനം, സേക്രട്ട് ഹാർട്ട് സ്കൊളാസ്റ്റിക്കേറ്റ്, ചെത്തിപ്പുഴ |
| 03-06-1944 | - | 3, 4 പട്ടങ്ങൾ |
| 26-05-1945 | - | അഞ്ചാം പട്ടം |
| 15-06-1946 | - | ആറാം പട്ടം |

31-05-1947 – വൈദികപട്ടം

02-06-1947 – നവപൂജാർപ്പണം

07-06-1947 – ദൈവശാസ്ത്രപഠനം തുടരുന്നു, സേക്രട്ട് ഹാർട്ട് സ്കൊളാസ്റ്റിക്കേറ്റ്, ചെത്തിപ്പുഴ

20-12-1947 – അംഗം, സെന്റ് ജെയിംസ് മൊണാസ്റ്ററി, കരിക്കാട്ടൂർ

29-08-1948 – അംഗം, സേക്രട്ട് ഹാർട്ട് മൊണാസ്റ്ററി, ചെത്തിപ്പുഴ

17-10-1949 – ചെത്തിപ്പുഴ ആശ്രമത്തിന്റെ കീഴിൽ അയിരൂരിലുള്ള മിഷൻ ഹൗസായ ലൂർദെസ് കാർമ്മൽ ആശ്രമത്തിൽ സ്ഥിരതാമസമാക്കുന്നു.

03-1950 – അംഗം, ലൂർദെസ് കാർമ്മൽ ആശ്രമം, അയിരൂർ

31-08-1950 – ലൂർദെസ് കാർമ്മൽ ആശ്രമത്തിന്റെ ഭാഗമായ ഇടവകയുടെ ചുമതല ഏറ്റെടുക്കുന്നു.

19-05-1953 – പ്രൊക്യുരേറ്റർ, സെന്റ് തെരേസാസ് മൊണാസ്റ്ററി, അമ്പഴക്കാട്

27-05-1956 – റെക്റ്റർ, സെന്റ് പയസ് ടെൻത്ത് അസ്പേരന്റ്സ് ഹൗസ്, വരന്തരപ്പിള്ളി

20-02-1966 – റെക്റ്റർ, സെന്റ് ബെർക്കുമാൻസ് അസ്പേരന്റ്സ് ഹൗസ്, ഏൽത്തുരുത്ത്

06-06-1967 – റെക്റ്റർ, സെന്റ് പയസ് ടെൻത്ത് അസ്പേരന്റ്സ് ഹൗസ്, വരന്തരപ്പിള്ളി

04-06-1969 – പ്രിയോർ, ഇമ്മാക്കുലേറ്റ് ഹാർട്ട് മൊണാസ്റ്ററി, വരന്തരപ്പിള്ളി

11-02-1972 – പ്രീഫെക്റ്റ്, ദേവമാത പ്രൊവിൻഷ്യൽ ഹൗസ്, തൃശ്ശൂർ

11-05-1973 – സുപ്പീരിയർ, സെന്റ്. ജോസഫ് ഹോം, അട്ടപ്പാടി

06-07-1974 }
02-10-1974 } – താവളം, ത്രിത്വമല എന്നിയിടങ്ങളിൽ ഹോളി ട്രിനിറ്റി ഇടവകകളുടെ വികാരി.

25-06-1977 – റെക്റ്റർ, ജ്യോതി നിവാസ്, റാഞ്ചി

07-05-1978 – പ്രിയോർ, ഇമ്മാക്കുലേറ്റ് ഹാർട്ട് മൊണാസ്റ്ററി, വരന്തരപ്പിള്ളി

22-06-1978 – സി.എം.ഐ. കോയമ്പത്തൂർ ഉപപ്രവിശ്യയിൽ അംഗമായി ചേരുവാൻ സമ്മതം അറിയിച്ചു.

13-06-1979 – പ്രീഫെക്റ്റ്, സെന്റ് ആന്റണീസ് ആശ്രമം, ശരവണംപട്ടി

20-09-1979 – അംഗം, ലിറ്റിൽ ഫ്ളവർ നൊവിഷ്യേറ്റ്, അമ്പഴക്കാട്

| | | |
|---|---|---|
| 05-08-1982 | - | റെക്റ്റർ, അരുൾ മലർ ഇല്ലം, ശരവണംപട്ടി |
| 24-05-1984 | - | അംഗം, അരുൾ മലർ ഇല്ലം, ശരവണംപട്ടി |
| 16-11-1986 | - | റെക്റ്റർ, സെന്റ് തോമസ് ആശ്രമം, കൊഴിഞ്ഞാമ്പാറ |
| 04-07-1987 | - | അംഗം, അരുൾ മലർ ഇല്ലം, ശരവണംപട്ടി |
| 07-01-1988 | - | റെക്റ്റർ, സി.എംഐ. ഭവൻ, പാലക്കാട്. |
| 03-05-1989 | - | അംഗം, ലിറ്റിൽ ഫ്ളവർ മൈനർ സെമിനരി, സായ്ബാബ കോളനി |
| 03-10-1989 | - | ലളിത ജീവിതം, ചെന്നിമലൈ. (കോയമ്പത്തൂർ ലിറ്റിൽ ഫ്ളവർ മിഷൻ സെന്ററിലെ അംഗം) |
| 18-11-1989 | - | അംഗം, ലിറ്റിൽ ഫ്ളവർ മൈനർ സെമിനരി, സായ്ബാബ കോളനി |
| 14-06-1990 | - | ലളിത ജീവിതം, കുളക്കാട്ടുകുരിശി (കോയമ്പത്തൂർ ലിറ്റിൽ ഫ്ളവർ മിഷൻ സെന്ററിലെ അംഗം) |
| 01-05-1991 | - | സേക്രട്ട് ഹാർട്ട് ആശ്രമം, പെരിന്തൽമണ്ണ |
| 14-05-1991 | - | ആനിമേറ്റർ, സി.എം.ഐ. ബ്രദേഴ്സ് യൂണിറ്റ്, സെന്റ് ഏലിയാസ് അരണ്യാശ്രമം, നിരവിൽപ്പുഴ |
| 28-06-1992 | - | ആനിമേറ്റർ, സി.എം.ഐ. ബ്രദേഴ്സ് യൂണിറ്റ്, സെന്റ് പോൾസ് ഹൗസ്, കടലുണ്ടി |
| 20-05-1993 | - | അംഗം, അരുൾ മലർ ഇല്ലം, ശരവണംപട്ടി |
| 04-05-1994 | - | റെക്റ്റർ, ലിറ്റിൽ ഫ്ളവർ മൈനർ സെമിനരി, കൗണ്ടംപാളയം |
| 25-05-1996 | - | അംഗം, അരുൾ മലർ ഇല്ലം, ശരവണംപട്ടി |
| 30-06-1997 | - | അംഗം, സെന്റ് തെരേസാസ് മൊണാസ്റ്ററി, അമ്പഴക്കാട് |
| 08-07-1999 | - | അംഗം, ഭാരതമാത ആശ്രമം, പാലക്കാട് |
| 29-03-2001 | - | അംഗം, സെന്റ് തോമസ് ആശ്രമം, കൊഴിഞ്ഞാമ്പാറ |
| 14-11-2003 | - | അംഗം, അരുൾ മലർ ഇല്ലം, ശരവണംപട്ടി |
| 26-06-2006 | - | ലിറ്റിൽ ഫ്ളവർ മൈനർ സെമിനരി, കൗണ്ടംപാളയം |
| 20-10-2006 | - | മരണം |